# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

ജില്ല :തിരുവനന്തപുരം

ബ്ലോക്ക് : കിളിമാനൂർ

ഗ്രാമപഞ്ചായത്ത് : പള്ളിക്കൽ

സോഷ്യൽ ഓഡിറ്റ് പീരീഡ് :1.10.18 to 31.03.19

***01/10/2018 മുതൽ 31/1/2019 വരെയുള്ള പ്രവർത്തികളുടെ ഓഡിറ്റ്***

SOCIAL AUDIT UNIT KERALA

LMS Compound

Vikas Bhavan PO, TVM

keralasocialaudit@gmail.com

---

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**

**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**

**2018-19**

---

| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | കവർ പേജ് | 1 |
| 2 | ഉള്ളടക്കം | 2 |
| 3 | ഭൂപടം | 3 |
| 4 | പള്ളിക്കൽപഞ്ചായത്ത്അടിസ്ഥാന വിവരങ്ങൾ | 4 |
| 5 | ആമുഖം | 5 |
| 6 | പ്രവർത്തികളുടെ പരിശോധന വിവരണം | 11 |
| 7 | വാർഡ് 01 | 11 |
| 8 | വാർഡ് 02 | 23 |
| 9 | വാർഡ് 03 | 35 |
| 10 | വാർഡ് 04 | 46 |
| 11 | വാർഡ് 05 | 54 |
| 12 | വാർഡ് 06 | 59 |
| 13 | വാർഡ് 07 | 68 |
| 14 | വാർഡ് 08 | 72 |
| 15 | വാർഡ് 09 | 80 |
| 16 | വാർഡ് 10 | 85 |
| 17 | വാർഡ് 11 | 95 |
| 18 | വാർഡ് 12 | 104 |
| 19 | വാർഡ് 13 | 114 |
| 20 | അനുബന്ധം1 ഏറ്റെടുത്തു നടത്താവുന്ന പ്രവൃത്തികൾ | 133 |
| 21 | അനുബന്ധം 1 : വിവിധതലത്തിൽ ഉള്ള ഉദ്യോഗസ്ഥരുടെ കടമകൾ | 133 |
| 22 | ഉപസംഗ്രഹം | 134 |

**പള്ളിക്കൽപഞ്ചായത്ത് ഭൂപടം**



**<u>പള്ളിക്കൽ പഞ്ചായത്ത് അടിസ്ഥാന വിവരങ്ങൾ</u>**

| | |
|---|---|
| ജില്ല | :തിരുവനന്തപുരം |
| ബ്ലോക്ക് | **:**കിളിമാനൂർ |
| താലൂക്ക് | **:** വർക്കല |
| ലോകസഭാമണ്ഡലം | **:** ആറ്റിങ്ങൽ |
| വിസ്തൃതി | **:**16.36ച.കി. മി |
| ജനസംഖ്യ | **:**16873 |
| സ്ത്രീകൾ | **:**9050 |
| പുരുഷന്മാർ | **:**7823 |
| സാക്ഷരത | **:** 90.27% |
| ആകെ തൊഴിൽ കാർഡ് | **:** 3275 |
| സജീവ തൊഴിലാളികൾ | **:**1485 |
| 100തൊഴിൽ ദിനങ്ങൾലഭ്യമായവർ | **:**1101 |
| ദുർബല വിഭാഗം തൊഴിലാളികൾ | **:**190 |
| 100തൊഴിൽ ദിനങ്ങൾ ലഭ്യമായവർ | **:**141 |

**<u>അതിരുകൾ</u>**

- കിഴക്ക് : മടവൂർ - ചടയമംഗലംപഞ്ചായത്തുകൾ
- വടക്ക് :ചടയമംഗലം, വെളിനല്ലൂർപഞ്ചായത്തുകൾ
- പടിഞ്ഞാറ് :കല്ലുവാതുക്കൽ - നാവായിക്കുളംപഞ്ചായത്തുകൾ
- തെക്ക് :നാവായിക്കുളം, മടവൂർപഞ്ചായത്തുകൾ

## ആമുഖം

ഇന്ത്യയിലെ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യാനുള്ള അവകാശത്തെ സംരക്ഷിച്ചു നിർത്തുന്നതിനുവേണ്ടി 2005 സെപ്റ്റംബർ അഞ്ചാം തീയതി നിലവിൽ വന്ന നിയമമാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം. ഗ്രാമീണ ജനതയുടെ ഉന്നമനത്തിനായി സ്വതന്ത്ര ഭാരതത്തിൽ നിലവിൽ വന്ന ഏറ്റവും ശക്തമായ ഒരു നിയമമാണിത്.2006ഫെബ്രുവരി രണ്ടാം തീയതി ഈ നിയമം പ്രാബല്യത്തിൽ വരികയും ഇന്ത്യയിലെ ഇരുന്നൂറോളം ഗ്രാമീണ ജില്ലകളിൽ നടപ്പാക്കപ്പെടുകയും ചെയ്തു. കേരളത്തിലെ വയനാടും പാലക്കാടും ആദ്യ 200 ജില്ലകളിൽ ഉൾപ്പെടുന്നു. കേരളത്തിൽ ആദ്യമായി ഈ പദ്ധതി നടപ്പിലാക്കിയത് വയനാട് ജില്ലയിലെ വെള്ളമുണ്ടയിൽ ആണ്. ഇന്ന് ഇന്ത്യ മഹാരാജ്യത്തിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോള തലത്തിൽ പോലും സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു നിയമം എന്ന നിലയിലും ഗ്രാമീണ മേഖലയിലെ ദാരിദ്ര ലഘൂകരണത്തിന് ഒരു നിർണായക വഴിത്തിരിവായി എന്നത് പരിഗണിച്ചും 2009ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ ഈ നിയമത്തെ 'മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി' എന്ന് പുനർനാമകരണം ചെയ്തു.

ഈ നിയമത്തിൻറെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ ഗ്രാമപ്രദേശത്ത് സ്ഥിരതാമസമാക്കിയ അവിദഗ്ദ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധരായ 18 വയസ്സ് പൂർത്തിയായ ഏതൊരു പൗരനും ആജീവനാന്തം ഈ പദ്ധതിയിൽ അംഗമായി പ്രവർത്തിക്കാവുന്നതാണ്. തൊഴിൽ കാർഡുള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ ഉറപ്പു നൽകുന്നു എന്നതാണ് ഈ പദ്ധതിയുടെ സവിശേഷത. ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമാക്കി കൊണ്ടുള്ള ഏറെ പദ്ധതികൾ ഇന്ത്യയിൽ നടപ്പിലാക്കപ്പെട്ടിട്ടുണ്ടെങ്കിലും തൊഴിലുറപ്പ് പദ്ധതിയോളം വിജയം കൈവരിക്കാൻ സാധിച്ചിട്ടില്ല.

ചൂഷണാധിഷ്ഠിതമായ തൊഴിൽ ബന്ധങ്ങളിൽ നിന്നും തൊഴിലാളികളെ മോചിപ്പിച്ച് മാന്യമായ വേതനം നൽകി അവരുടെ കുടുംബത്തിലെ ക്രിയാശേഷി വർദ്ധിപ്പിച്ച് ദാരിദ്ര്യത്തിൽ നിന്നും കരകയറ്റാൻ തൊഴിലുറപ്പ് പദ്ധതിയിലൂടെ കഴിയുന്നു.

മറ്റു സാമൂഹ്യക്ഷേമപദ്ധതികൾ നിന്നും വ്യത്യസ്തമായി, നിയമത്തിൻറെ പിൻബലമുള്ള ഒരു അവകാശ അധിഷ്ഠിത പദ്ധതിയാണ് ഇത് എന്നതാണ് പ്രധാന സവിശേഷത. മാത്രവുമല്ല സ്ത്രീയ്ക്കും പുരുഷനും തുല്യ വേതനവും സമത്വവും ഈ പദ്ധതി ഉറപ്പുനൽകുന്നു. അതുവഴി സ്ത്രീകളെ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് എത്തിക്കുവാനും അവരുടെ സാമ്പത്തികമായതും സാമൂഹികമായതുമായ ഒരു ശാസ്ത്രീകരണം ഉറപ്പുവരുത്താനും ഈ പദ്ധതിയിലൂടെ സാധിച്ചു.

ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർധിപ്പിക്കുക ഉൽപ്പാദനം സൃഷ്ടിക്കുന്നതിലൂടെ ദാരിദ്ര്യ ലഘൂകരണം ശീലമാക്കുക എന്നിവയും തൊഴിലുറപ്പ് പദ്ധതിയുടെ മുഖ്യ സവിശേഷത ആണ്.അതിനോടൊപ്പം തന്നെ പരിസ്ഥിതി സംരക്ഷണവും പ്രദേശത്തിൻറെ അടിസ്ഥാന സൗകര്യ വികസനവും മെച്ചപ്പെടുത്തി കൊണ്ട് ഏറെ സാമൂഹിക പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യവും തൊഴിലുറപ്പ് പദ്ധതിയിലൂടെ സാധ്യമാവും.

### സവിശേഷതകൾഒറ്റനോട്ടത്തിൽ

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി,

- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം,
- സ്ത്രീക്കും പുരുഷനും തുല്യ വേതനം,
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന,
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു,
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത,
- കരാറുകാരെ ഇടനിലക്കാരോ ഇല്ല,
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്,
- ബാങ്ക് പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം,
- സ്ത്രീകൾക്ക് മുൻഗണന,
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം.

## സോഷ്യൽ ഓഡിറ്റിനെക്കുറിച്ച്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം ഗ്രാമപ്രദേശത്ത് നടപ്പിലാക്കുന്ന മുഴുവൻ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കണം എന്നാണു തൊഴിലുറപ്പ് നിയമത്തിൻറെ സെക്ഷൻ 17 പ്രകാരം നിഷ്കർഷിക്കുന്നത്. ഈ വകുപ്പ് പ്രകാരം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ വർഷത്തിൽ രണ്ടുതവണ എല്ലാ വാർഡിലും കൃത്യമായി നടത്തേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമത്തിൽ സുഗമവും സുതാര്യവുമായ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള ഒരു സോഷ്യൽ ഓഡിറ്റ് യൂണിറ്റ് 2017 ജനുവരി 31ന് നിലവിൽ വന്നു.

പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ടോ എന്നും ചിലവഴിച്ചത് കൊണ്ട് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നും ഗുണഭോക്താക്കൾക്ക് ഗുണകരമായ ഒരു മാറ്റം ഉണ്ടായിട്ടുണ്ടോ എന്നും പരിശോധിക്കുന്നുണ്ട്. പദ്ധതിയുടെ മെച്ചപ്പെട്ട നടത്തിപ്പിനായി 'ഓരോ തലത്തിലുള്ളവരും കൃത്യമായി അവരവരുടെ കർത്തവ്യങ്ങൾ നിർവഹിക്കുക' എന്നതാണ് സോഷ്യൽ ഓഡിറ്റിൻറെ ലക്ഷ്യം.

പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കാനും സുതാര്യത ഉറപ്പാക്കാനും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ സഹായിക്കും. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളുടെ വിജയം ജനപങ്കാളിത്തമാണ്.

ഗ്രാമസഭയിൽ പങ്കാളികളായ ഓരോരുത്തരുടെയും പ്രശ്നങ്ങളും അഭിപ്രായങ്ങളും അഭിപ്രായവ്യത്യാസങ്ങളും ഉന്നയിക്കാവുന്ന ഒരു തുറന്ന ചർച്ചാവേദിയാണ് ഓരോ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളും.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം തൊഴിലാളികൾക്കു 10 അവകാശങ്ങൾ പ്രധാനം ചെയ്യുന്നു. അവ ചുവടെ ചേർക്കുന്നു.**

**10 അവകാശങ്ങൾ**

1. തൊഴിൽ കാർഡ് ലഭിക്കാനുള്ള അവകാശം,

2. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം.

3.15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം(ആദ്യത്തെ 30 ദിവസം1/4 ഉം പിന്നീടുള്ള ദിവസങ്ങളിൽ പകുതി വേതനവും.)

4. ഏറ്റെടുത്ത പ്രവർത്തികൾ ആസൂത്രണം ചെയ്യാനും സെൽഫ് ഓഫ് പ്രോജക്റ്റ് തയ്യാറാക്കാനുമുള്ള അവകാശം

5. അഞ്ചു കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം. ലഭിച്ചില്ല എങ്കിൽ വേതനത്തിന് 10% അധികം യാത്രാബത്ത ആയി ലഭിക്കാനുള്ള അവകാശം.

6. തൊഴിലിടങ്ങളിൽ കുടിവെള്ളം, തണൽ, വിശ്രമ സൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം, എന്നിവ ലഭിക്കാനുള്ള അവകാശം

7. തൊഴിൽ പൂർത്തീകരിച്ച് 15 ദിവസത്തിനുള്ളിൽ വേദനം ലഭിക്കാനുള്ള അവകാശം.

8.15 ദിവസത്തിനുള്ളിൽ വേതനം ലഭിച്ചില്ല എങ്കിൽ വേദന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കാനുള്ള അവകാശം

9. സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിനുള്ള അവകാശം.

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

## 1. തൊഴില് കാർഡ്

തൊഴിൽകാർഡ്ഒരുആധികാരികരേഖയാണ്. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂൾ 2 പ്രകാരം തൊഴിൽ കാർഡിന് അപേക്ഷ നൽകുന്ന കുടുംബങ്ങൾക്ക് 15 ദിവസത്തിനകം തികച്ചും സൗജന്യമായി തൊഴിൽകാർഡ് ലഭ്യമാക്കണമെന്ന് അനുശാസിക്കുന്നു. കൂടാതെ കൃത്യമായ ഇടവേളകളിൽ കാർഡ് പുതുക്കി നൽകേണ്ടതുമാണ്. തൊഴിൽകാർഡ് തൊഴിലാളികളുടെ കൈവശം തന്നെയാണ് സൂക്ഷിക്കേണ്ടത്. തൊഴിലില് ഏർപ്പെട്ട ദിവസങ്ങൾ,തൊഴിലാളി തൊഴിൽ ആവശ്യപ്പെട്ട തീയതി,ആവശ്യപ്പെട്ട കാലയളവ് ജോലി ലഭ്യമായ കാലയളവ്, ലഭ്യമായ കൂലി,എന്നീ ഭാഗങ്ങള്കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.സാധുവായ കാരണമില്ലാതെ മറ്റൊരാളുടെ തൊഴിൽ കാർഡ് കൈവശം വയ്ക്കുന്നത് സെക്.25 പ്രകാരം ശിക്ഷാർഹമാണ് .

## 2. തൊഴിൽ ലഭിക്കുന്നത് സംബന്ധിച്ച്

തൊഴിൽ കാർഡുള്ള ഏതൊരു കുടുംബത്തിനും 100 ദിവസത്തെ അവിദഗ്ദ കായിക തൊഴിലിന് അവകാശമുണ്ട്. അപേക്ഷ നൽകിയാല് 15 ദിവസത്തിനകം തൊഴിൽ ലഭ്യമാക്കണമെന്നും നിയമത്തിൽ പ്രതിപാദിക്കുന്നു.നിയമംപ്രകാരം 3( a),3(b ) ഫോറം

പൂരിപ്പിച്ചു നൽകി രേഖാമൂലം തൊഴിൽ ആവശ്യപ്പെടാവുന്നതാണ്. വെള്ളപേപ്പറിൽ അപേക്ഷ എഴുതിയും നൽകാവുന്നതാണ്.

അപേക്ഷയിൽ തൊഴിലാളിയുടെ പേര്, ജോബ്കാർഡ് നമ്പർ, തൊഴിൽ ആവശ്യമുള്ള ദിവസങ്ങൾ,തൊഴിലാളിയുടെ ഒപ്പ്,വാർഡിന്റെ പേര് എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

അപേക്ഷ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ക്കാണ് സമർപ്പിക്കേണ്ടത്.ഇതിനായി പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ നൽകി കൈപ്പറ്റുരസീത് വാങ്ങി സൂക്ഷിക്കേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന മുറയ്ക്ക് അപേക്ഷകന് കൈപ്പറ്റു രസീത് നിർബന്ധമായും നൽകണമെന്ന് നിയമത്തില് അനുശാസിക്കുന്നുണ്ട്.

**3.തൊഴിലില്ലായ്മവേതനം**

തൊഴിൽ ആവശ്യപ്പെട്ടു കഴിഞ്ഞാല് 15 ദിവസത്തിനകം തൊഴിൽ ലഭ്യമാക്കാത്തപക്ഷം തൊഴിലില്ലായ്മ വേതനം ലഭിക്കാൻ അവകാശമുണ്ട്.വാർഷികമാസ്റ്റർസർക്കുലർപ്രകാരംസെക്ഷൻ 7(1)ൽതൊഴിലില്ലായ്മവേതനംലഭിക്കുന്നതിനുവേണ്ടനിയമംഉൾകൊള്ളിച്ചിരിക്കുന്നു. ആദ്യത്തെ 30 ദിവസംവേതനത്തിന്റെ ¼ ഉം, പിന്നീടുള്ളദിവസങ്ങളിൽ ½ ദിവസത്തെവേതനവുംലഭിക്കുവാനാണ്അവകാശം.

തൊഴിലിനുഅപേക്ഷനൽകിയപ്പോൾലഭിച്ചകൈപറ്റുരസീതിന്റെപകർപ്പ്, തൊഴിലില്ലായ്മവേതനംനൽകണമെന്ന്ആവശ്യപ്പെട്ടുകൊണ്ടുള്ളഅപേക്ഷ (വെള്ളപേപ്പറിൽ)തൊഴിൽകാർഡ്നമ്പർഎന്നിവകൃത്യമായുംരേഖപെടുത്തിപഞ്ചായത്തിലെഫ്രണ്ട്ഓഫീസിൽനൽകിരസീത്കൈപ്പറ്റേണ്ടതാണ്. നിർവ്വഹനഉദ്യോഗസ്ഥരുടെ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി)പേർക്കുവേണംഅപേക്ഷനൽകുവാൻ.

**4.ഷെൽഫ് ഓഫ് പ്രോജക്റ്റ്**

എല്ലാ തൊഴിലാളികൾക്കും ഗ്രാമസഭ/വാർഡിൽ പങ്കെടുക്കുന്നതിനും പ്രവൃത്തികൾ നിശ്ചയിക്കാനും അവ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നതിനുള്ള മുൻഗണനാക്രമം തീരുമാനിക്കാനുമുള്ള അവകാശമുണ്ട്.

**5.യാത്രാ ചെലവ്**

വാർഷിക മാസ്റ്റര് സർക്കുലര് ഷെഡ്യൂള് 2 പാരഗ്രാഫ് 18 പ്രകാരംതൊഴിലാളികൾക്ക് താമസ സ്ഥലത്തുനിന്നും 5 കിലോമീറ്റർ ചുറ്റളവില് തൊഴില് ലഭിക്കുവാനുള്ള അവകാശമുണ്ട്. പ്രസ്തുത പരിധിക്കു പുറത്തു തൊഴിൽ ചെയ്യേണ്ട സാഹചര്യം

ഉണ്ടാവുകയാണെങ്കിൽ യാത്രാ ബത്തയായി കൂലിയുടെ 10% തുക (നിലവിലെ കൂലി പ്രകാരം 27 രൂപ 10 പൈസ) പ്രവൃത്തി ദിവസങ്ങളില് ലഭ്യമാക്കണം.

**6.പ്രവൃത്തി സ്ഥലത്തെ സൗകര്യങ്ങള്**

തൊഴിലിടങ്ങളില് ലഭിക്കേണ്ട അടിസ്ഥാന സൗകര്യങ്ങളായ പ്രഥമ ശുശ്രൂഷാ സംവിധാനങ്ങൾ,വിശ്രമസമയത്തെ തണല് സൗകര്യം, കുടിവെള്ളം എന്നിവ തൊഴിലാളികൾക്ക് സൗജന്യമായി ലഭ്യമാക്കേണ്ടതുണ്ട്.

***അപകടങ്ങൾസംബന്ധിച്ച്;***

തൊഴിലുറപ്പ് ജോലിക്കിടെ തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിച്ചു പോവുകയാണെങ്കിൽ നിയമത്തിലെ ഷെഡ്യൂള് 2(5)പ്രകാരവുംഅദ്ധ്യായം 9 ലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിലും ചികിൽസാ ചെലവുകളുടെ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക മുഴുവനും അനുവദിച്ചു കൊടുക്കേണ്ടതാണ്.

**7.വേതനം ലഭ്യമാക്കുന്നത്**

തൊഴിലുറപ്പ് നിയമത്തിൽ സെക്ഷന് 3(2)പ്രകാരം മസ്റ്റർ റോള് കാലാവധി കഴിഞ്ഞു 15ദിവസത്തിനകം തൊഴിലാളികളുടെ അക്കൌണ്ടിൽ കൂലി ലഭിക്കുവാന് അവകാശമുണ്ട്.

ദിവസകൂലി ആഴ്ചയിലൊരിക്കൽ നൽകേണ്ടതും അല്ലെങ്കില് ,ഒരു കാരണവശാലും പണിയെടുത്ത ശേഷമുള്ള 14 ദിവസങ്ങളില് അധികരിക്കാന് പാടില്ലാത്തതുമാണ്.

**8. നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം**

തൊഴിൽ പൂർത്തീകരിച്ചു പതിനഞ്ചു ദിവസത്തിനുള്ളില് കൂലി ലഭ്യമാക്കാത്തപക്ഷം16 ആം ദിവസം മുതൽ വൈകുന്ന ഓരോ ദിവസത്തിനുംകൂലിയുടെ 0.05% നഷ്ടപരിഹാരംലഭിക്കുവാനുള്ള അവകാശം ഉണ്ട്.

**9.പരാതി പരിഹാരം**

തൊഴിലുറപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലുംകാര്യത്തിൽ പരാതിയുണ്ടാകുന്ന പക്ഷം ആയത് രേഖാമൂലം പഞ്ചായത്തിൽ പരാതിപ്പെടാവുന്നതാണ് ,പ്രസ്തുത പരാതികൾ സ്വീകരിച്ചു രസീറ്റ് നൽകുകയും പരമാവധി 7 ദിവസ പരിധിക്കുള്ളില് അന്വേഷിച്ചു പരാതിക്കാരന് മറുപടി നൽകേണ്ടതാണ്(section (19) .പരാതികൾ അറിയിക്കുന്നതിനുള്ള ടോൾ ഫ്രീ നമ്പർ (18004251004) പൊതുജനങ്ങൾക്ക് കാണാവുന്ന രീതിയിൽ പഞ്ചായത്ത് ഓഫീസില് പ്രദർശിപ്പിക്കേണ്ടതുണ്ട്.

**10.സോഷ്യൽ ഓഡിറ്റ് നടത്തുന്നത്**

തൊഴിലുറപ്പിൽ ഏറ്റെടുത്ത പ്രവൃത്തികള് സോഷ്യല് ഓഡിറ്റ് നടത്തുന്നതില് പങ്കാളികളാവുന്നതിനു തൊഴിലാളികൾക്ക് അവകാശമുണ്ട്.(സെക്ഷൻ 17.2)

**തൊഴിലാളികളുടെ കടമകൾ**

- തൊഴിലിടത്തെ സമയ കൃത്യത പാലിക്കുക.
- ഏൽപ്പിക്കുന്ന ജോലികൾ കൃത്യതയോടെ നിർവഹിക്കുക.
- പ്രോജക്ട് മീറ്റിംഗ്, തൊഴിലുറപ്പ് ഗ്രാമസഭകൾ, സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എന്നിവയിൽപങ്കെടുക്കുക.
- മസ്റ്റർറോള്ഒപ്പിട്ടശേഷംമാത്രംജോലിആരംഭിക്കുക.

തൊഴിലുറപ്പ് നിയമപ്രകാരം ചുവടെ ചേർത്തിരിക്കുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

**7 രജിസ്റ്ററുകൾ**

1. തൊഴിൽ കാർഡ് രജിസ്റ്റർ

2. ഡിമാൻഡ് രജിസ്റ്റർ

3. ഗ്രാമസഭ രജിസ്റ്റർ

4. വർക്ക് രജിസ്റ്റർ

5. ആസ്തി രജിസ്റ്റർ

6. പരാതി രജിസ്റ്റർ

7. മെറ്റീരിയൽ രജിസ്റ്റർ

എല്ലാ രജിസ്റ്ററുകളും പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട്.

## പള്ളിക്കൽ പഞ്ചായത്ത് പ്രവർത്തി പരിശോധന വിവരങ്ങൾ

# വാർഡ് 01 ആറയിൽ

വാർഡ്തലത്തില് ആകെ തൊഴിൽ കാർഡ് =268

സജീവ തൊഴിലാളികൾ =140

100 തൊഴിൽ ദിനങ്ങൾ ലഭിച്ച തൊഴിലാളികൾ= 105

### ഓഡിറ്റ്നു വിധേയമാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ്

| ക്രമന | വർക്ക് ഐ.ഡി.,പ്രവൃത്തിയുടെ പേര് | കാലയളവ് | എസ്റ്റിമേറ്റ് തുക | പ്രവൃത്തി ദിനങ്ങൾ | അവിദഗ്ധ തൊഴിൽ വേതനം | വിദഗ്ധ തൊഴിൽ വേതനം | ആയുധ വാടക/ മെറ്റീരിയൽ തുക | ആകെ |
|---|---|---|---|---|---|---|---|---|
| 1 | DP/271401 നീർത്തട ഭൂവികസനം ആറയിൽ പ്രദേശം ഘട്ടം 1 | 15.09.2018- 28.03.2019 | 5,00,000/- | 1713 | , 4,64,223/- | - | 8,565/- | 4,72,788/- |
| 2 | DP/271803 നീർത്തട ഭൂവികസനം ആറയിൽ പ്രദേശം ഘട്ടം 2 | 15.09.18 - 25.12.18 | 5,00,000/- | 920 | 2,49,320/- | , - | 4,600/- | 2,53,920/- |
| 3 | DP/271807 നീർത്തട ഭൂവികസനം ആറയിൽ പ്രദേശം ഘട്ടം 3 | 15.09.18 - 26.12.18 | 5,00,000/- | 916 | 2,48,236/- | - | 4,580/- | 2,52,995/- |
| 4 | DP/271810 | 15.09.2018- | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | നീർത്തട ഭൂവികസനം ആറയിൽ പ്രദേശം ഘട്ടം 4 | 26.12.2018 | 5,00,000/- | 1477 | 4,00,267/- | - | 7,385/- | 4,07,652/- |
| 5 | DP/261369തരിശ് നിലം പാട്ടകൃഷി വിളക്കുവട്ടം പ്രദേശം | 15.09.2018-26.12.2018 | 4,00,000/- | 1242 | 3,36,582/- | - | 6,010/- | 3,42,802/- |
| 6 | DP/261370 തരിശ് നിലം പാട്ടകൃഷി വെള്ളൂർ | 03.11.2018-11.01.2019 | 4,00,000/- | 1152 | 3,12,192/- | - | 5,760/- | 3,17,952/- |
| 7 | RC/278677ആയിരവില്ലി കോളനി നടപ്പാത കോൺക്രീറ്റിംഗ് | 15.03.2019-27.03.2019 | 3,00,000/- | 131 | 24,661/- | 4,500/- | 2,27,291/- | 2,86,157/- |

## സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയലൈഫ് ഭവന പദ്ധതികൾ

1. IF/363053
1/205
ശ്രീദേവി
പ്രവൃത്തി ദിനങ്ങൾ=82
അനുവദിച്ച തുക =22482

2. IF/362948
ഉഷാ
പ്രവൃത്തി ദിനങ്ങൾ=48
അനുവദിച്ച തുക =13198

3. IF/363047
രവീന്ദ്രൻ
പ്രവൃത്തി ദിനങ്ങൾ=66
അനുവദിച്ച തുക =16249

4. IF/362946
വാസന്തി അമ്മ
പ്രവൃത്തി ദിനങ്ങൾ=55
അനുവദിച്ച തുക =15045

5. IF/377912
താമരാക്ഷി
പ്രവൃത്തി ദിനങ്ങൾ=42
അനുവദിച്ച തുക =11382

എല്ലാം വീടിന്റെയും പണിഅവസാന ഘട്ടത്തിൽ ആണ്.

**<u>പ്രവർത്തിസ്ഥലകളുടെപരിശോധനവിവരണം</u>**

**DP/271401 നീർത്തട ഭൂവികസനം ആറയിൽ പ്രദേശം ഘട്ടം 1**

| ഗുണഭോക്താക്കൾ | നടന്ന പ്രവൃത്തി |
|---|---|
| വസന്ത ജി കിഴക്കേവിളവീട് | തെങ്ങിൻ തടം=7<br>പുരയിടത്തിൽ കിളച്ചു കൃഷി ചെയ്തു. |
| സുരേഷ് ,ജി&സുജ എസ് ഓംകാരം | റബ്ബർ പ്ലാറ്റ്ഫോം<br>മഴക്കുഴി=4<br>മണ്ണതിര് |
| വിജയ വിദ്യാ ഭവൻ | കല്ലതിര്<br>മഴക്കുഴി=8 |
| വിജയമ്മ | മഴക്കുഴി=7<br>തെങ്ങിൻ തടം=3 |

**DP/271803 നീർത്തട ഭൂവികസനം ആറയിൽ പ്രദേശം ഘട്ടം 2**

| ഗുണഭോക്താക്കൾ | നടന്ന പ്രവൃത്തി |
|---|---|
| അജിനശ്രീ കൃഷ്ണ വിലാസം | തെങ്ങിൻ തടം=10<br>മണ്ണതിര്=21 M |
| പ്രസന്ന | തെങ്ങിൻ തടം=5<br>റബ്ബർ പ്ലാറ്റ്ഫോം= 50 cent |
| സിന്ധു, ചരുവിള വീട് | മണ്ണതിര്=60m<br>മഴക്കുഴി=8 |
| വിജയകുമാർ<br>മോഹൻദാസ് | തെങ്ങിൻ തടം=12<br>റബ്ബർ പ്ലാറ്റ്ഫോം |
| ഗീതാ കുമാരി | തെങ്ങിൻ തടം=20<br>റബ്ബർ പ്ലാറ്റ്ഫോം |

**DP/271807 നീർത്തട ഭൂവികസനം ആറയിൽ പ്രദേശം 3**

| ഗുണഭോക്താക്കൾ | നടന്ന പ്രവൃത്തി |
|---|---|
| ഗോപകുമാരൻ നായർ,<br>ഗൗരിനന്ദനം | വാഴ<br>ചേന<br>ചേമ്പ്<br>എന്നിവ കൃഷിചെയ്തിരിക്കുന്നു. |
| ശ്രീമതി സി, മേലെ മേലൂട്ട് | മഴക്കുഴി=1<br>മണ്ണതിര്=18m |
| ഗൗരികുട്ടിയമ്മ മണ്ഡപത്ത് വീട് | മഴക്കുഴി=5 |
| ബിനി ബിൻസി ഭവൻ | പുരയിടത്തിൽ പുതിയ വീട് വച്ചതിനാൽ ഒന്നും കാണാൻ കഴിഞ്ഞില്ല |
| ഇന്ദിരാഭായ് അമ്മ ലളിത വിലാസം | മഴക്കുഴി=11 |

**DP/271810 നീർത്തട ഭൂവികസനം ആറയിൽ പ്രദേശം ഘട്ടം 4**

| ഗുണഭോക്താക്കൾ | നടന്ന പ്രവൃത്തി |
|---|---|
| സരളമ്മ സരളമന്ദിരം | തെങ്ങിൻ തടം=3<br>മഴക്കുഴി=2<br>പുരയിടത്തിൽ കിളച്ചു കൃഷി ചെയ്തു. |
| സാവിത്രി | പുരയിടത്തിൽ കിളച്ചു കൃഷി ചെയ്തു. |
| വിജയമ്മ രാമചന്ദ്ര വിലാസം | മഴക്കുഴി=2 |
| ജ്യോതി ബാലകൃഷ്ണൻ, ഗായത്രി ഭവൻ | പുരയിടത്തിൽ കിളച്ചു കൃഷി ചെയ്തു. ഇപ്പോൾ കാട് പിടിച്ച് കിടക്കുന്നു. |
| സരസ്വതി കുന്നുംപുറത്ത് വീട് | പുരയിടത്തിൽ കിളച്ചു കൃഷി ചെയ്തു. ഇപ്പോൾ കാട് പിടിച്ച് കിടക്കുന്നു. |
| ജയശ്രീ GN ഭവൻ | പുരയിടത്തിൽ കിളച്ചു കൃഷി ചെയ്തു. ഇപ്പോൾ കാട് പിടിച്ച് കിടക്കുന്നു. |
| ശിവദാസൻ പിള്ള, ശിവം | പുരയിടത്തിൽ കിളച്ചു കൃഷി ചെയ്തു. ഇപ്പോൾ കാട് പിടിച്ച് കിടക്കുന്നു. |
| രാജലക്ഷ്മി അമ്മ,<br>മൊട്ടലുവിളവീട് | പുരയിടത്തിൽ കിളച്ചു കൃഷി ചെയ്തു. ഇപ്പോൾ കാട് പിടിച്ച് കിടക്കുന്നു. |

**DP/261369തരിശ് നിലം പാട്ടകൃഷി വിളക്കുവട്ടം പ്രദേശം**

| **ഗുണഭോക്താക്കൾ** | **നടന്ന പ്രവൃത്തി** |
|---|---|
| വിജയൻ പിള്ള | പണകോരി കൃഷിചെയ്തിരിക്കുന്നു.<br>(മരച്ചീനി,ഇഞ്ചി, ചേന,ചേമ്പ്) |
| ശ്രീമതി സി | പണകോരി കൃഷിചെയ്തിരിക്കുന്നു.<br>(ചേന,ചേമ്പ്) |
| ശാന്തകുമാരി | പണകോരി കൃഷിചെയ്തിരിക്കുന്നു.<br>(മരച്ചീനി<br>ചേന,ചേമ്പ്) |

**DP/261370 തരിശ് നിലം പാട്ടകൃഷിവെള്ളൂർ**

| **ഗുണഭോക്താക്കൾ** | **നടന്ന പ്രവൃത്തി** |
|---|---|
| രാജശേഖരൻ, തേക്കിൻകാട്ടിൽ പുത്തൻവീട് | പണകോരി മരച്ചീനികൃഷിചെയ്തിരിക്കുന്നു. |
| വിജയകൃഷ്ണൻ, വിജയകൃഷ്ണ വിലാസം | പണകോരിമരച്ചീനി കൃഷിചെയ്തിരിക്കുന്നു. |
| ഗോപാലകൃഷ്ണൻ മാധവം | പണകോരി മരച്ചീനികൃഷിചെയ്തിരിക്കുന്നു. |

**<u>കണ്ടെത്തലുകൾ</u>**

**<u>ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയത്</u>**

- RC/278677 ആയിരവില്ലി കോളനി നടപ്പാത കോൺക്രീറ്റിംഗ് എന്ന വർക്കിൽ മാത്രമാണ് CIB ബോർഡ് ഉണ്ടായിരുന്നത്.
- തൊഴിലുറപ്പ് പദ്ധതിയെ കുറിച്ച് അറിവുണ്ടെങ്കിലും ഭൂരിഭാഗം തൊഴിലാളികളും അവരുടെ അവകാശങ്ങളെ പറ്റി ധാരണയിലായിരുന്നു .
- തൊഴിലാളികൾ തൊഴിൽ ഉറപ്പ് പദ്ധതി അവകാശമായിപഞ്ചായത്ത് നൽകുന്ന ആനുകൂല്യം ആയിട്ടാണ് കാണുന്നത്പഞ്ചായത്ത് നൽകുന്ന . . ത്രംജോലികൾ തൊഴിലാളികൾ ചെയ്യുന്നു എന്നുമാ
- മഴകുഴികളുടെ കാലാവധി പരമാവധി അഞ്ച് വർഷത്തോളം ആണ് എന്നാൽ ഇവിടെ ഭൂരിഭാഗം കുട്ടികളും ഭാഗികമായി നികന്നും ചാണകം, ചവറുകൾ

എന്നിവ നിക്ഷേപിക്കാനുള്ള കുഴികൾ ആയി മാറിയിരിക്കുന്നു.ചിലത് മീൻ വളർത്താനും ആമ്പൽ വളർത്താനും ഉപയോഗിക്കുന്നതായി കണ്ടു .

- ❖ മണ്ണതിരുകൾ നല്ല രീതിയിൽ തന്നെ ചെയ്തിരിക്കുന്നതായി കാണുവാൻ സാധിച്ചു .
- ❖ തൊഴിലാളികൾക്ക് കൈയുറ കാലുറ പോലുള്ള സുരക്ഷാ സൗകര്യങ്ങളില്ല എന്ന് മനസ്സിലാക്കാൻ സാധിച്ചു

**<u>ഫയൽ പരിശോധനയിൽ കണ്ടെത്തിയത്</u>**

കേന്ദ്ര സർക്കാർ നിർദേശപ്രകാരം താഴെപ്പറയുന്ന 21 രേഖകളും സംസ്ഥാന സർക്കാർ നിഷ്കർഷിക്കുന്ന 22 മത്തെ രേഖയായ സൈറ്റ് ഡയറിയും ഒരു വർക്ക് ഫയലിൽ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

1. കവർപേജ്
2. ചെക്ക് ലിസ്റ്റ്
3. ആക്ഷൻ പ്ലാൻ
4. ഭരണാനുമതി
5. സാങ്കേതിക അനുമതി
6. വിശദമായ എസ്റ്റിമേറ്റ്
7. ഡ്രോയിങ്&ഡിസൈൻ
8. ഡിമാൻഡ് ഫോം
9. അലോക്കേഷൻ ഫോം
10. ഇ മസ്റ്റർറോൾ
11. ഇ മസ്റ്റർറോൾ മൂവ്മെന്റ് സ്ലിപ്
12. വേജ് ലിസ്റ്റ്
13. എഫ്. ടി. ഒ.
14. എം. ബുക്ക്
15. മെറ്റീരിയൽ ബില് ആൻഡ് വൗച്ചർ
16. മെറ്റീരിയൽ പ്രൊക്യൂർമെൻറ് സ്റ്റേറ്റ്മെന്റ്
17. റോയൽറ്റി പേമെന്റ് റെസിപ്റ്റ്

18. ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്സ്

19. ജി. ഇ. ഒ. ടാഗ് ഫോട്ടോ

20. പ്രവർത്തിപൂർത്തീകരണസാക്ഷ്യപത്രം

21. സോഷ്യൽഓഡിറ്റ്റിപ്പോർട്ട്

22. സൈറ്റ്ഡയറി

**1. <u>കവർപേജ്</u>**

ഒരു പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ പ്രവർത്തി ഫയലിൻറെ കവർ പേജിൽ (നിഷ്കർഷിക്കുന്ന മാതൃകയിൽ) ഉൾക്കൊള്ളിക്കണം എന്നുണ്ട്.

പരിശോധിച്ച ഫയലുകളിൽ ഒന്നും തന്നെ കവർപേജ് കാണാൻ സാധിച്ചില്ല.

**2. <u>ചെക്ക് ലിസ്റ്റ്</u>**

ഒരു പ്രവർത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ ഏതു പേജു മുതൽ സൂക്ഷിച്ചിരിക്കുന്നു ഇന്ന് മനസ്സിലാക്കാനുള്ള ഒരു ആധികാരിക രേഖയാണ് ചെക്ക് ലിസ്റ്റ്.

പരിശോധിച്ച ഫയലുകളിൽ ഒന്നും തന്നെ ചെക്ലിസ്റ് കാണാൻ സാധിച്ചില്ല.

**3. <u>ആക്ഷൻ പ്ലാൻ</u>**

ഏറ്റെടുത്ത പ്രവർത്തികൾ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതും ഷെൽഫ് ഓഫ് പ്രോജക്ടിൽ മുൻഗണനാക്രമം പാലിക്കുന്നതും ആണെന്ന് കാണിക്കുന്ന കോപ്പി ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

ലഭ്യമായ ഫയലുകളിൽ ആക്ഷൻ പ്ലാൻ കാണാൻ സാധിച്ചില്ല.

**4. <u>ഭരണാനുമതി</u>**

പ്രവർത്തി ചെയ്യുന്നതിന് പഞ്ചായത്ത് നൽകുന്ന അനുമതിയാണ് ഭരണാനുമതി. ഈ രേഖ എല്ലാ ഫയലുകളിലും സൂക്ഷിക്കേണ്ടതാണ്.

ഫയലിൽ സൂക്ഷിച്ചിരുന്ന ഭരണാനുമതി സെക്യൂറിൽ നിന്നും ലഭ്യമായ കോപ്പി ആയിരുന്നു. സെക്യൂറിൽ ലഭ്യമായ കോപ്പി ആണെങ്കിൽ പോലും പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ്, സീൽ, തീയതി എന്നിവ നിർബന്ധമാണ്.

എന്നാൽഫയലിൽ സൂക്ഷിച്ചിരുന്ന ഭരണാനുമതിയിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ് മാത്രമാണ് കാണാൻ സാധിച്ചത്. ഗ്രാമസഭ തീരുമാനത്തിൻറെ കോപ്പിയും കാണാൻ സാധിച്ചില്ല.

**5. <u>സാങ്കേതിക അനുമതി</u>**

ഒരു പ്രവർത്തിക്ക് സാങ്കേതിക വിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതികാനുമതി.

ഫയലിൽ സൂക്ഷിച്ചിരുന്ന സാങ്കേതിക അനുമതിയിൽ സാങ്കേതിക വിദഗ്ധനെ ഒപ്പ് മാത്രമായിരുന്നു ഉണ്ടായിരുന്നത്. പേരോ സിലോ ഉണ്ടായിരുന്നില്ല. സെക്യൂറിൽ നിന്ന് ലഭിച്ച കോപ്പി ആയിരുന്നു ഫയലിൽ ഉണ്ടായിരുന്നത്.

**6. <u>വിശദമായ എസ്റ്റിമേറ്റ്</u>**

ഒരു പ്രവർത്തി എങ്ങനെ ഏത് അളവിൽ ചെയ്യണമെന്ന് പ്രതിപാദിക്കുന്ന സാങ്കേതികമായ രേഖയാണ് എസ്റ്റിമേറ്റ്.

ഫയൽ പരിശോധനയിൽ കാണാൻ കഴിഞ്ഞത് എല്ലാ പ്രവർത്തികളിലും എസ്റ്റിമേറ്റ് സൂക്ഷിച്ചിട്ടുണ്ട് എന്നാണ്.

എന്നാൽ സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ ജനകീയ ഭാഷയിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ആയിരുന്നില്ല ഫയലിൽ ഉണ്ടായിരുന്നത്.

**7. <u>ഡ്രോയിങ്& ഡിസൈൻ</u>**

പരിശോധിച്ചഒരു പ്രവൃത്തിയിലും ഡ്രോയിങ്& ഡിസൈൻ കാണാൻ സാധിച്ചില്ല.

**8. <u>ഡിമാൻഡ് ഫോം</u>**

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ട് നൽകുന്ന അപേക്ഷയാണ് ഡിമാൻഡ് ഫോം. തൊഴിൽ ആവശ്യപ്പെട്ടവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയോ എന്ന് അറിയുവാൻ സഹായിക്കുന്ന രേഖ കൂടിയാണ് ഡിമാൻഡ് ഫോം.

എന്നാൽ ലഭ്യമായ ഫയലുകളിൽ ഡിമാൻഡ് ഫോം കാണാൻ സാധിച്ചില്ല.

**9. <u>അലോക്കേഷൻ ഫോം</u>**

പ്രവർത്തി അനുവദിച്ചുകൊണ്ട് പഞ്ചായത്ത് ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് വർക്ക് അലോക്കേഷൻ ഫോം.

പരിശോധിച്ച ഫയലുകളിൽ ഒന്നും ഈ രേഖ കാണാൻ സാധിച്ചില്ല.

**10. <u>ഇ മസ്റ്റർറോൾ</u>**

തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്താനുള്ള രേഖയാണ്മസ്റ്റർറോൾ.മസ്റ്റർറോളുകളിൽ ബീ. ഡി.ഒ., സെക്രട്ടറി എന്നിവർ തീയതി വച്ച് ഒപ്പ്, സീൽ എന്നിവ പതിപ്പിക്കേണ്ടതാണ്. പരിശോധിച്ചമസ്റ്റർറോളുകളിൽ എല്ലാം ഒപ്പും സീലും കാണാൻ കഴിഞ്ഞു. എന്നാൽ തീയതി ഉണ്ടായിരുന്നില്ല.

**11. <u>ഇ മസ്റ്റർറോൾ മൂവ്മെൻറ് സ്ലിപ്</u>**

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തെയും മസ്റ്റർ റോൾ അനുവദിച്ച് തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഘട്ടങ്ങൾ ഏതൊക്കെ തീയതികളിൽ നടന്നു എന്ന് മനസ്സിലാക്കാനാണ് മസ്റ്റർ മൂവ്മെൻറ് സ്ലിപ്പ്.

പരിശോധിച്ച ഫയലുകളിൽ ഒന്നും തന്നെ മസ്റ്റർറോൾ മൂവ്മെൻറ് സ്ലിപ്പ് ഉണ്ടായിരുന്നില്ല. എന്നാൽ ഇതിനോട് സമാനമായ ടാഗിംഗ് ഫോറം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

**12. <u>വേജ് ലിസ്റ്റ്</u>**

മസ്റ്റർറോളിന് അനുപാതികമായി തൊഴിലാളിക്ക് വേതനം ലഭിച്ചു എന്ന് തെളിയിക്കുന്ന ആധികാരിക രേഖയാണ് വേജ് ലിസ്റ്റ്.

പരിശോധിച്ച എല്ലാ ഫയലുകളിലും വേജ് ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടായിരുന്നു.

**13. <u>എഫ്. ടി. ഒ.</u>**

മസ്റ്റർറോളും വേജ് ലിസ്റ്റും അനുസരിച്ച് തൊഴിലാളികൾക്ക് വേദനം കൈമാറിയിട്ടുണ്ട് എന്ന് തെളിയിക്കുന്ന രേഖയാണ് എഫ്. ടി. ഒ.

പരിശോധിച്ച ഫയലുകളിൽ എല്ലാം എഫ്. ടി. ഒ.  കാണാൻ കഴിഞ്ഞു.

**14. <u>എം. ബുക്ക്</u>**

ഒരു പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം കൃത്യമായ അളവിൽ ആണ് ചെയ്യേണ്ടതെന്നും ചെയ്തിരിക്കുന്നത് ഇപ്രകാരം തന്നെയാണ് എന്ന് മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് മെഷർമെൻറ് ബുക്ക്.

എല്ലാം ഫയലുകളിലും മെഷർമെൻറ് ബുക്ക് കാണുവാൻ സാധിച്ചു.

എന്നാൽ യഥാർത്ഥ ചിലവ്, എസ്റ്റിമേറ്റ് എന്നിവ തമ്മിലുള്ള വ്യത്യാസം രേഖപ്പെടുത്തിയിരുന്നില്ല.

സെക്രട്ടറിയുടെ ഒപ്പും സീലും ഉണ്ടായിരുന്നില്ല.

സാങ്കേതിക വിദഗ്ദൻ ഒപ്പ്, സീൽ, തീയതി എന്നിവ വച്ച് സർട്ടിഫൈ ചെയ്തിട്ടില്ലായിരുന്നു.

**15. <u>മെറ്റീരിയൽ ബില്ല് ആൻഡ് വൗച്ചർ</u>**

ആവശ്യമായ പ്രവർത്തികൾക്ക് സാധനസാമഗ്രികൾവിതരണം ചെയ്തതിന് ബില്ലും

വൗച്ചറുകളും ഫയലുകളിൽ സൂക്ഷിക്കേണ്ടതാണ്.

RC/278689 എന്ന വർക്കിൽ മാത്രമായിരുന്നു ഉണ്ടായിരുന്നത്. മറ്റ് ഫയലുകൾക്ക് ബാധകമല്ല.

**16. <u>മെറ്റീരിയൽ പ്രൊക്യൂർമെൻറ് സ്റ്റേറ്റ്മെന്റ്</u>**

ഒരു പ്രവർത്തിക്കു സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ്മെറ്റീരിയൽ പ്രൊക്യൂർമെൻറ് സ്റ്റേറ്റ്മെന്റ്.

RC/278689 എന്ന വർക്ക് ഫയലിൽ മാത്രമാണ് ബാധകമായിരുന്നത്. പ്രസ്തുത ഫയലിൽ യഥാക്രമം സൂക്ഷിച്ചിട്ടുണ്ട്.

**17. <u>റോയൽറ്റി പേമെന്റ് റെസിപ്റ്റ്</u>**

DP/261372എന്ന വർക്ക് ഫയലിൽ മാത്രമാണ് ബാധകമായിരുന്നത്. പ്രസ്തുത ഫയലിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്നില്ല.

**18. <u>ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്</u>**

തൊഴിലുറപ്പ് പ്രവർത്തി ആരംഭിക്കുന്നതിനു മുമ്പും, നടക്കുമ്പോഴും, പൂർത്തീകരിച്ചതിനു ശേഷവുമുള്ള 3 ഘട്ട ഫോട്ടോ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

ഒരു വർക്ക് ഫയലിലും സൂക്ഷിച്ചിട്ടുണ്ടായിരുന്നില്ല.

**19. <u>ജി. ഇ. ഒ. ടാഗ് ഫോട്ടോ</u>**

പ്രവർത്തി സ്ഥലങ്ങളുടെ അക്ഷാംശ രേഖാംശം എന്നിവ രേഖപ്പെടുത്തി കൊണ്ടുള്ള ഫോട്ടോ ഓരോ പ്രവർത്തിക്കും ആവശ്യമാണ്.

ഒരു വർക്ക് ഫയലിലും സൂക്ഷിച്ചിട്ടുണ്ടായിരുന്നില്ല.

**20. <u>പ്രവർത്തിപൂർത്തീകരണസാക്ഷ്യപത്രം</u>**

പ്രവർത്തി പൂർത്തീകരിച്ചു എന്നതിൻറെ രേഖയാണ് പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം.

എന്നാൽ ആറ് ഫയലുകളിലും പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം കാണാൻ കഴിഞ്ഞില്ല.

**21. <u>സോഷ്യൽഓഡിറ്റ്റിപ്പോർട്ട്</u>**

വാർഷികമാസ്റ്റർ സർക്കുലർ പ്രകാരമുള്ള സോഷ്യൽ ഓഡിറ്റ് പള്ളിക്കൽ പഞ്ചായത്തിൽ ഇപ്പോൾ മുതലാണ് ആരംഭിച്ചത്.

**22. <u>സൈറ്റ്ഡയറി</u>**

മാസ്റ്റർ സർക്കുലർ പ്രകാരമുള്ള 22 രേഖകളിൽ സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന സുപ്രധാന രേഖയാണ് സൈറ്റ് ഡയറി.

പദ്ധതിയുടെ സുതാര്യത, സാമൂഹ്യപങ്കാളിത്തം, പദ്ധതി ആരംഭ മീറ്റിംഗ്,തൊഴിലിടങ്ങളിലെ അപകടങ്ങൾ, വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട്, സന്ദർശന കുറിപ്പുകൾ, തുടങ്ങിയവ രേഖപ്പെടുത്തുന്നതിന് വേണ്ടിയുള്ള ആധികാരിക രേഖ കൂടിയാണ് സൈറ്റ് ഡയറി.

പരിശോധിച്ച ഫയലുകളിൽ ഒന്നും സൈറ്റ് ഡയറി പൂർത്തീകരിച്ചിട്ടുണ്ടായിരുന്നില്ല. വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടും ചേർത്തിട്ടുണ്ടായിരുന്നില്ല.

## <u>ഗ്രാമസഭ ചർച്ചകൾ</u>

- വേതനം ലഭിക്കണമെന്ന് തൊഴിലാളികൾ ഒന്നടങ്കം ആവശ്യപ്പെട്ടു
- കൃത്യമായ കാലയളവിൽ സോഷ്യൽ ഓഡിറ്റ് നടത്തണം എന്ന് ബിന്ദു എന്ന തൊഴിലാളി ആവശ്യപ്പെട്ടു
- ഗ്രൂപ്പിൽ 60 70 വയസ്സുള്ള വരും രോഗികളും ഉണ്ട് അവർക്ക് എന്തെങ്കിലും തരത്തിലുള്ള ഇളവുകൾ നൽകണം -പത്മകുമാരി
- തൊഴിലിടം സൗകര്യങ്ങൾ ക്കുള്ള പൈസ എവിടെ നിന്നാണ് ലഭിക്കുന്നത് പത്മകുമാരി എന്ന തൊഴിലാളിസംശയം ഉന്നയിച്ചു
- യാത്രാബത്ത കൺവീനർ മാർക്ക് ലഭിക്കുമോ
- കയ്യുറ കാലുറ എന്നിവ ഉണ്ടായിട്ടും മുൻപു നടന്ന സ്ഥലങ്ങളിൽ കൊണ്ടുവന്നിട്ടില്ല അരവിന്ദാക്ഷൻ എന്ന തൊഴിലാളി
- മെറ്റീരിയൽ വർക്ക് എന്തുകൊണ്ട് തൊഴിലുറപ്പ് തൊഴിലാളികൾക്ക് ചെയ്യാൻ കഴിയുന്നില്ല
- വീണ വാരിയെല്ലിന് പ്രശ്നമുള്ള ഉഷ എന്ന തൊഴിലാളിക്കും കിഡ്നി പ്രശ്നം ഉള്ള ലത എന്ന തൊഴിലാളിക്കും ജോലിയിൽ ഇളവ് നൽകണം എന്ന് ആവശ്യപ്പെട്ടു

## എം ജി എൻ ആർ ഇ ജി AE തൊഴിലാളികൾക്കുള്ള ആവശ്യങ്ങൾക്ക് മറുപടി നൽകി

- വയസ്സായ വർക്കും രോഗികൾക്കും നഴ്സറി യൂണിറ്റ് പോലുള്ള കൂടുതൽ കായികാധ്വാനം വേണ്ടാത്ത പ്രവർത്തികൾ അനുവദിക്കാവുന്നതാണ്
- ഫണ്ട് വരുന്ന മുറയ്ക്ക് വേതനം ലഭിക്കുന്നതാണ്
- മുൻഗണനാക്രമത്തിൽ തന്നെയാണ് പ്രവർത്തികൾ നടക്കുന്നത്
- മഴക്കുഴികൾ അഞ്ചുവർഷം വരെ സംരക്ഷിക്കണം മഴ പെയ്തു നിറഞ്ഞു നശിക്കുന്ന കുഴികൾ ഉപഭോക്താക്കൾ തന്നെ സംരക്ഷിക്കണം
- ഡിസ്പ്ലേ ബോർഡിൻറെ പൈസഅതാത് കൺവീനർ മാർക്ക് തന്നെ നൽകണം
- ടെൻഡർ എടുക്കാൻ ആരും തയ്യാറല്ല CIB കൊണ്ടുവരാൻ വലിയ ചിലവ് എടുക്കുന്നു ആയതിനാൽ പഞ്ചായത്തിൽ നിന്നും ബോർഡുകൾ വയ്ക്കാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നു

ശ്രീമതി ബിന്ദു എന്ന തൊഴിലാളി നന്ദി പറഞ്ഞു യോഗ നടപടികൾ അവസാനിപ്പിച്ചു

**<u>നിർദേശങ്ങള്</u>**

- പ്രാദേശിക ഭാഷയിലുള്ള എസ്റ്റിമേറ്റുംപ്രവൃത്തിസ്ഥലങ്ങളിൽലഭ്യമാക്കണം.
- തൊഴിലുറപ്പിൽ അനുവദനീയമായതും മുൻഗണന ക്രമത്തിലും പ്രവൃത്തികള് ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.
- തൊഴിൽ അപേക്ഷകള് ഫ്രണ്ട് ഓഫീസില് സ്വീകരിക്കുകയും ആയതിനു കൈപ്പറ്റ് രസീത് നൽകുകയും ചെയ്യേണ്ടതാണ്.
- മേറ്റ് കൂട്ടമായി അപേക്ഷ നൽകുമ്പോള് തൊഴില് ആവശ്യമുള്ളവരെ ഉൾപെടുത്തി അപേക്ഷ കൊടുക്കാൻ ശ്രമിക്കുക,
- ഉദ്യോഗസ്ഥർ രേഖകളില് ഒപ്പുവെക്കുമ്പോള് തീയ്യതി കൂടി രേഖപ്പെടുത്തേണ്ടാതാണ്.
- തൊഴിലുറപ്പിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ആസ്തികള് ദീർഘകാല നിലനിൽപ്പിന് ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾതൊഴിലാളികൾക്ക് ഓവർസീയര്മാർ നൽകേണ്ടതും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
- ചെക്ക് ലിസ്റ്റ് പോലെ പ്രാധാന്യം ഉള്ള മസ്ററ് റോളില് യാതൊരു വിധ വെട്ടിതിരുത്തലും പാടില്ലയി രേഖ പെടുത്തണംകൃത്യമാ ഹാജർ.
- മസ്റ്റർറോളിൽ പ്രസ്തുത പ്രവൃത്തിയുടെ അളവുകള് രേഖപ്പെടുത്തുന്ന എം.ബുക്കിൻറെ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.
- മസ്റ്റർറോളിൽ സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥര് തീയ്യതി കൂടി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.
- തൊഴിലിടങ്ങളിൽ അടിസ്ഥാന സൌകര്യങ്ങൾനിർബന്ധമായും ഒരുക്കണം.
- വ്യക്തിഗത പ്രവൃത്തികള് നടത്തുമ്പോള് അതെ കാർഡു ഉടമയ്ക്ക് തന്നെ തൊഴിൽ ലഭ്യമാക്കണം
- തൊഴിലിടങ്ങളിൽ നടക്കുന്ന അപകടങ്ങൾക്ക് എത്രയും പെട്ടന്ന് ചികിത്സ സഹായം ലഭ്യ മാകുന്ന നടപടികൾ ഉണ്ടാകണം
- പ്രവൃത്തികൾ തിരഞ്ഞെടുക്കുമ്പോള് അതത് പ്രദേശത്ത് അനുയോജ്യ മായ പ്രവൃത്തികൾ തിരഞ്ഞെടുക്കാന് ശ്രദ്ധിക്കണം .പ്രത്യേകിച്ച് മഴകുഴി പോലുള്ള പ്രവൃത്തികൾ
- ഗ്രാമസഭ രജിസ്റ്റർ പേജ് നമ്പര് ഉള്ള രേജിസ്ററര് തന്നെ വാർഡ് തലത്തില് സൂക്ഷിക്കണം
- എല്ലാ പ്രവൃത്തികളിലും നിർബന്ധമായും സി ഐ ബി സ്ഥാപിചിരിക്കണം

# വാർഡ് 02 പകൽക്കുറി

വാർഡ്തലത്തില് ആകെ തൊഴിൽ കാർഡ് =248

സജീവ തൊഴിലാളികൾ =110

100 തൊഴിൽ ദിനങ്ങൾ ലഭിച്ച തൊഴിലാളികൾ=90

## ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ

### 1. തരിശ് നിലം പാട്ടകൃഷി കിഴക്കുപുറം പ്രദേശം

വർക്ക് കോഡ്:DP/261372

പ്രവർത്തി ആരംഭിച്ചത്:13/08/2018

പ്രവർത്തി പൂർത്തീകരിച്ചത് : 11/12/2018

അടങ്കൽ തുക : 4,00,000/-

ചിലവായത്: 2,45,916/-

മസ്റ്റർറോൾ കളുടെ എണ്ണം : 26

ആകെ തൊഴിൽദിനങ്ങൾ: 891

### 2. ഖാദി ബോർഡ് നടപ്പാത കോൺക്രീറ്റിംഗ്

വർക്ക് കോഡ്:RC/278689

പ്രവർത്തി ആരംഭിച്ചത്:22/03/2019

പ്രവർത്തി പൂർത്തീകരിച്ചത് : 27/03/2019

അടങ്കൽ തുക : 3,00,000/-

ചിലവായത് : 2,95,180/-

അവിദഗ്ദമസ്റ്റർറോൾ കളുടെ എണ്ണം: 06

അവിദഗ്ദതൊഴിൽദിനങ്ങൾ :96

വിദഗ്ധമസ്റ്റർറോൾ കളുടെ എണ്ണം :02

വിദഗ്ധതൊഴിൽദിനങ്ങൾ: 41

**<u>3. നീർത്തട ഭൂവികസനം പകൽക്കുറി പ്രദേശം ഘട്ടം 1</u>**

വർക്ക് കോഡ്**:**DP/271870

പ്രവർത്തി ആരംഭിച്ചത്**:**15/09/2018

പ്രവർത്തി പൂർത്തീകരിച്ചത് : 18/12/2018

അടങ്കൽ തുക : 5,00,000/-

ചിലവായത്: 4,83,552/-

മസ്റ്റർറോൾ കളുടെ എണ്ണം : 27

ആകെ തൊഴിൽദിനങ്ങൾ : 1752

**<u>4. നീർത്തട ഭൂവികസനം പകൽക്കുറി പ്രദേശം ഘട്ടം 2</u>**

വർക്ക് കോഡ്**:**DP/271871

പ്രവർത്തി ആരംഭിച്ചത്**:**15/09/2018

പ്രവർത്തി പൂർത്തീകരിച്ചത്: 02/01/2019

അടങ്കൽ തുക: 5,00,000/-

ചിലവായത്: 3,95,764/-

മസ്റ്റർറോൾ കളുടെ എണ്ണം: 31

ആകെ തൊഴിൽദിനങ്ങൾ: 1434

**<u>5. നീർത്തട ഭൂവികസനം പകൽക്കുറി പ്രദേശം ഘട്ടം 3</u>**

വർക്ക് കോഡ്**:**DP/271873

പ്രവർത്തി ആരംഭിച്ചത്**:**15/09/2018

പ്രവർത്തി പൂർത്തീകരിച്ചത്: 08/03/2019

അടങ്കൽ തുക : 5,00,000/-

ചിലവായത്: 4,67,820/-

മസ്റ്റർറോൾ കളുടെ എണ്ണം : 36

ആകെ തൊഴിൽദിനങ്ങൾ : 1695

## 6. നീർത്തട ഭൂവികസനം പകൽക്കുറി പ്രദേശം ഘട്ടം 4

വർക്ക് കോഡ്:DP/278076

പ്രവർത്തി ആരംഭിച്ചത്:09/02/2019

പ്രവർത്തി പൂർത്തീകരിച്ചത് : 15/02/2019

അടങ്കൽ തുക: 5,00,000/-

ചിലവായത്: 1,16,748/-

മസ്റ്റർറോൾ കളുടെ എണ്ണം : 10

ആകെ തൊഴിൽദിനങ്ങൾ : 423

**തൊഴിലുറപ്പ് നിയമപ്രകാരം ചുവടെ ചേർത്തിരിക്കുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്**

## ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ

ആകെ6 വർക്ക് ഫയലുകളാണ് രണ്ടാം വാർഡിൽ ഉണ്ടായിരുന്നത്.

കേന്ദ്ര സർക്കാർ നിർദേശപ്രകാരം താഴെപ്പറയുന്ന 21 രേഖകളും സംസ്ഥാന സർക്കാർ നിഷ്കർഷിക്കുന്ന 22 മത്തെ രേഖയായ സൈറ്റ് ഡയറിയും ഒരു വർക്ക് ഫയലിൽ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

1. കവർപേജ്
2. ചെക്ക് ലിസ്റ്റ്
3. ആക്ഷൻ പ്ലാൻ
4. ഭരണാനുമതി
5. സാങ്കേതിക അനുമതി
6. വിശദമായ എസ്റ്റിമേറ്റ്
7. ഡ്രോയിങ്&ഡിസൈൻ
8. ഡിമാൻഡ് ഫോം
9. അലോക്കേഷൻ ഫോം
10. ഇ മസ്റ്റർറോൾ
11. ഇ മസ്റ്റർറോൾ മൂവ്മെന്റ് സ്ലിപ്

12. വേജ് ലിസ്റ്റ്

13. എഫ്. ടി. ഒ.

14. എം. ബുക്ക്

15. മെറ്റീരിയൽ ബില് ആൻഡ് വൗച്ചർ

16. മെറ്റീരിയൽ പ്രൊക്യൂർമെൻറ് സ്റ്റേറ്റ്മെന്റ്

17. റോയൽറ്റി പേമെന്റ് റെസിപ്റ്

18. ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്സ്

19. ജി. ഇ. ഒ. ടാഗ് ഫോട്ടോ

20. പ്രവർത്തിപൂർത്തീകരണസാക്ഷ്യപത്രം

21. സോഷ്യൽഓഡിറ്റ്റിപ്പോർട്ട്

22. സൈറ്റ്ഡയറി

**1. <u>കവർപേജ്</u>**

ഒരു പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ പ്രവർത്തി ഫയലിൻറെ കവർ പേജിൽ (നിഷ്കർഷിക്കുന്ന മാതൃകയിൽ) ഉൾക്കൊള്ളിക്കണം എന്നുണ്ട്.

പരിശോധിച്ച ഫയലുകളിൽ ഒന്നും തന്നെ കവർപേജ് കാണാൻ സാധിച്ചില്ല.

**2. <u>ചെക്ക് ലിസ്റ്റ്</u>**

ഒരു പ്രവർത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ ഏതു പേജു മുതൽ സൂക്ഷിച്ചിരിക്കുന്നു ഇന്ന് മനസ്സിലാക്കാനുള്ള ഒരു ആധികാരിക രേഖയാണ് ചെക്ക് ലിസ്റ്റ്.

പരിശോധിച്ച ആറു ഫയലുകളിലും ചെക്‌ലിസ്റ് കാണാൻ സാധിച്ചില്ല.

**3. <u>ആക്ഷൻ പ്ലാൻ</u>**

ഏറ്റെടുത്ത പ്രവർത്തികൾ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതും ഷെൽഫ് ഓഫ് പ്രോജക്ടിൽ മുൻഗണനാക്രമം പാലിക്കുന്നതും ആണെന്ന് കാണിക്കുന്ന കോപ്പി ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

ലഭ്യമായ 6 ഫയലുകളിലും ആക്ഷൻ പ്ലാൻ കാണാൻ സാധിച്ചില്ല.

**4. <u>ഭരണാനുമതി</u>**

പ്രവർത്തി ചെയ്യുന്നതിന് പഞ്ചായത്ത് നൽകുന്ന അനുമതിയാണ് ഭരണാനുമതി. ഈ രേഖ എല്ലാ ഫയലുകളിലും സൂക്ഷിക്കേണ്ടതാണ്.

DP/271871, DP/271873, DP/271870 എന്നീ ഫയലുകളിൽ മാത്രമാണ് ഭരണാനുമതി ഉണ്ടായിരുന്നത്. ഫയലിൽ സൂക്ഷിച്ചിരുന്ന ഭരണാനുമതി സെക്യൂറിൽ നിന്നും ലഭ്യമായ കോപ്പി ആയിരുന്നു. സെക്യൂറിൽ ലഭ്യമായ കോപ്പി ആണെങ്കിൽ പോലും പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ്, സീൽ, തീയതി എന്നിവ നിർബന്ധമാണ്.

എന്നാൽഫയലിൽസൂക്ഷിച്ചിരുന്ന  ഭരണാനുമതിയിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ് മാത്രമാണ് കാണാൻ സാധിച്ചത്. ഗ്രാമസഭ തീരുമാനത്തിൻറെ കോപ്പിയും കാണാൻ സാധിച്ചില്ല.

**5. <u>സാങ്കേതിക അനുമതി</u>**

ഒരു പ്രവർത്തിക്ക് സാങ്കേതിക വിദഗ്ദരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതികാനുമതി.

DP/271871, DP/271873, DP/271870 എന്നീ ഫയലുകളിൽ മാത്രമാണ് സാങ്കേതിക അനുമതി ഉണ്ടായിരുന്നത്. ഉണ്ടായിരുന്ന സാങ്കേതിക അനുമതിയിൽ  സാങ്കേതിക വിദഗ്ദനെ ഒപ്പ് മാത്രമായിരുന്നു ഉണ്ടായിരുന്നത്. പേരോ സിലോ ഉണ്ടായിരുന്നില്ല. സെക്യൂറിൽ നിന്ന് ലഭിച്ച കോപ്പി ആയിരുന്നു ഫയലിൽ ഉണ്ടായിരുന്നത്.

**6. <u>വിശദമായ എസ്റ്റിമേറ്റ്</u>**

ഒരു പ്രവർത്തി എങ്ങനെഏത് അളവിൽ ചെയ്യണമെന്ന് പ്രതിപാദിക്കുന്ന സാങ്കേതികമായ രേഖയാണ് എസ്റ്റിമേറ്റ്.

ഫയൽ പരിശോധനയിൽ കാണാൻ കഴിഞ്ഞത് എല്ലാ പ്രവർത്തികളിലും എസ്റ്റിമേറ്റ് സൂക്ഷിച്ചിട്ടുണ്ട് എന്നാണ്.

എന്നാൽ സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ ജനകീയ ഭാഷയിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ആയിരുന്നില്ല ഫയലിൽ ഉണ്ടായിരുന്നത്.

**7. <u>ഡ്രോയിങ്& ഡിസൈൻ</u>**

പരിശോധിച്ചഒരു പ്രവൃത്തിയിലും ഡ്രോയിങ്& ഡിസൈൻ കാണാൻ സാധിച്ചില്ല.

**8. <u>ഡിമാൻഡ് ഫോം</u>**

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ട് നൽകുന്ന അപേക്ഷയാണ് ഡിമാൻഡ് ഫോം. തൊഴിൽ ആവശ്യപ്പെട്ടവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയോ എന്ന് അറിയുവാൻ സഹായിക്കുന്ന രേഖ കൂടിയാണ് ഡിമാൻഡ് ഫോം.

എന്നാൽ 6 പ്രവർത്തികളിലും ഡിമാൻഡ് ഫോം കാണാൻ സാധിച്ചില്ല.

**9. <u>അലോക്കേഷൻ ഫോം</u>**

പ്രവർത്തി അനുവദിച്ചുകൊണ്ട് പഞ്ചായത്ത് ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് വർക്ക് അലോക്കേഷൻ ഫോം.

പരിശോധിച്ച ഫയലുകളിൽ ഒന്നും ഈ രേഖ കാണാൻ സാധിച്ചില്ല.

**10. <u>ഇ മസ്റ്റർറോൾ</u>**

തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്താനുള്ള രേഖയാണ്മസ്റ്റർറോൾ.

6 പ്രവർത്തികളിൽ ആയി ആകെ 138മസ്റ്റർറോളുകളായിരുന്നു ഉണ്ടായിരുന്നത്. മസ്റ്റർറോളുകളിൽ ബീ. ഡി.ഒ., സെക്രട്ടറി എന്നിവർ തീയതി വച്ച് ഒപ്പ്, സീൽ എന്നിവ പതിപ്പിക്കേണ്ടതാണ്. പരിശോധിച്ചമസ്റ്റർറോളുകളിൽ എല്ലാം ഒപ്പും സീലും കാണാൻ കഴിഞ്ഞു. എന്നാൽ തീയതി ഉണ്ടായിരുന്നില്ല.

ഫയൽ പരിശോധിച്ചതിൽ നിന്നും മസ്റ്റർറോളുകളിലെ വെട്ടി തിരുത്തലുകൾ ശ്രദ്ധയിൽപ്പെട്ടു. മസ്റ്റർറോളുകളിൽ ഒരു തരത്തിലുള്ള തിരുത്തലുകളും അനുവദനീയമല്ല.

DP/271870 എന്നവർക്ക് ഫയലിൽ മസ്റ്റർറോൾ നമ്പർ 26280,26282, 26283 എന്നിവയിലും DP/271871 എന്നവർക്ക് ഫയലിൽ മസ്റ്റർറോൾ നമ്പർ 27110, 27111 എന്നിവയിലുംആണ് വെട്ടി തിരുത്തലുകൾ ശ്രദ്ധയിൽപ്പെട്ടത്.

ചില തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തിയതിനു ശേഷം അതിനു മുകളിൽ ചുവന്ന മഷി ഉപയോഗിച്ച് ആബ്സെൻറ് രേഖപ്പെടുത്തിയതാണ് കാണാൻ കഴിഞ്ഞത്.

**11. ഇ മസ്റ്റർറോൾ മൂവ്മെന്റ് സ്ലിപ്**

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തെയും മസ്റ്റർ റോൾ അനുവദിച്ച് തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഘട്ടങ്ങൾ ഏതൊക്കെ തീയതികളിൽ നടന്നു എന്ന് മനസ്സിലാക്കാനാണ് മസ്റ്റർ മൂവ്മെൻറ് സ്ലിപ്പ്.

പരിശോധിച്ച ഫയലുകളിൽ ഒന്നും തന്നെ മസ്റ്റർറോൾ മൂവ്മെൻറ് സ്ലിപ്പ് ഉണ്ടായിരുന്നില്ല. എന്നാൽ ഇതിനോട് സമാനമായ ടാഗിംഗ് ഫോറം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

**12. വേജ് ലിസ്റ്റ്**

മസ്റ്റർറോളിന് അനുപാതികമായി തൊഴിലാളിക്ക് വേതനം ലഭിച്ചു എന്ന് തെളിയിക്കുന്ന ആധികാരിക രേഖയാണ് വേജ് ലിസ്റ്റ്.

പരിശോധിച്ച എല്ലാ ഫയലുകളിലുംവേജ് ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടായിരുന്നു.

**13. എഫ്. ടി. ഒ.**

മസ്റ്റർറോളും വേജ് ലിസ്റ്റും അനുസരിച്ച് തൊഴിലാളികൾക്ക് വേദനം കൈമാറിയിട്ടുണ്ട് എന്ന് തെളിയിക്കുന്ന രേഖയാണ് എഫ്. ടി. ഒ.

പരിശോധിച്ച ഫയലുകളിൽ എല്ലാം എഫ്. ടി. ഒ. കാണാൻ കഴിഞ്ഞു.

**14.എം. ബുക്ക്**

ഒരു പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം കൃത്യമായ അളവിൽ ആണ് ചെയ്യേണ്ടതെന്നും ചെയ്തിരിക്കുന്നത് ഇപ്രകാരം തന്നെയാണ് എന്ന് മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് മെഷർമെൻറ് ബുക്ക്.

എല്ലാം ഫയലുകളിലും മെഷർമെൻറ് ബുക്ക് കാണുവാൻ സാധിച്ചു.

എന്നാൽ യഥാർത്ഥ ചിലവ്,എസ്റ്റിമേറ്റ് എന്നിവ തമ്മിലുള്ള വ്യത്യാസം രേഖപ്പെടുത്തിയിരുന്നില്ല.

സെക്രട്ടറിയുടെ ഒപ്പും സീലും ഉണ്ടായിരുന്നില്ല.

സാങ്കേതിക വിദഗ്ദൻ ഒപ്പ്, സീൽ, തീയതി എന്നിവ വച്ച് സർട്ടിഫൈ ചെയ്തിട്ടില്ലായിരുന്നു.

**15. <u>മെറ്റീരിയൽ ബില്ല് ആൻഡ് വൗച്ചർ</u>**

ആവശ്യമായ പ്രവർത്തികൾക്ക് സാധനസാമഗ്രികൾവിതരണം ചെയ്തതിന് ബില്ലും

വൗച്ചറുകളും ഫയലുകളിൽ സൂക്ഷിക്കേണ്ടതാണ്.

RC/278689 എന്ന വർക്കിൽ മാത്രമായിരുന്നു ഉണ്ടായിരുന്നത്. മറ്റ് ഫയലുകൾക്ക് ബാധകമല്ല.

**16. <u>മെറ്റീരിയൽ പ്രൊക്യൂർമെൻറ് സ്റ്റേറ്റ്മെന്റ്</u>**

ഒരു പ്രവർത്തിക്കു സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ്മെറ്റീരിയൽ പ്രൊക്യൂർമെൻറ് സ്റ്റേറ്റ്മെന്റ്.

RC/278689 എന്ന വർക്ക് ഫയലിൽ മാത്രമാണ് ബാധകമായിരുന്നത്. പ്രസ്തുത ഫയലിൽ യഥാക്രമം സൂക്ഷിച്ചിട്ടുണ്ട്.

**17. <u>റോയൽറ്റി പേമെന്റ് റെസിപ്റ്റ്</u>**

DP/261372എന്ന വർക്ക് ഫയലിൽ മാത്രമാണ് ബാധകമായിരുന്നത്. പ്രസ്തുത ഫയലിൽ യഥാക്രമം സൂക്ഷിച്ചിട്ടുണ്ട്.

**18. <u>ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്</u>**

തൊഴിലുറപ്പ് പ്രവർത്തി ആരംഭിക്കുന്നതിനു മുമ്പും, നടക്കുമ്പോഴും, പൂർത്തീകരിച്ചതിനു ശേഷവുമുള്ള 3 ഘട്ട ഫോട്ടോ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

എന്നാൽ RC/278689എന്നവർക്ക് ഫയലിൽ മാത്രമാണ് ഫോട്ടോഗ്രാഫ് കാണാൻ സാധിച്ചത്. പൂർത്തീകരിച്ച ശേഷം ഉള്ള ഒരു ഫോട്ടോ മാത്രമായിരുന്നു ഉണ്ടായിരുന്നത്.

**19. <u>ജി. ഇ. ഒ. ടാഗ് ഫോട്ടോ</u>**

പ്രവർത്തി സ്ഥലങ്ങളുടെ അക്ഷാംശ രേഖാംശം എന്നിവ രേഖപ്പെടുത്തി കൊണ്ടുള്ള ഫോട്ടോ ഓരോ പ്രവർത്തിക്കും ആവശ്യമാണ്.

ഒരു വർക്ക് ഫയലിലും സൂക്ഷിച്ചിട്ടുണ്ടായിരുന്നില്ല.

**20. <u>പ്രവർത്തിപൂർത്തീകരണസാക്ഷ്യപത്രം</u>**

പ്രവർത്തി പൂർത്തീകരിച്ചു എന്നതിൻറെ രേഖയാണ് പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം.

എന്നാൽ ആറ് ഫയലുകളിലും പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം കാണാൻ കഴിഞ്ഞില്ല.

**21. <u>സോഷ്യൽഓഡിറ്റ്റിപ്പോർട്ട്</u>**

വാർഷികമാസ്റ്റർ സർക്കുലർ പ്രകാരമുള്ള സോഷ്യൽ ഓഡിറ്റ് പള്ളിക്കൽ പഞ്ചായത്തിൽ ഇപ്പോൾ മുതലാണ് ആരംഭിച്ചത്.

**22. <u>സൈറ്റ്ഡയറി</u>**

മാസ്റ്റർ സർക്കുലർ പ്രകാരമുള്ള 22 രേഖകളിൽ സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന സുപ്രധാന രേഖയാണ് സൈറ്റ് ഡയറി.

പദ്ധതിയുടെ സുതാര്യത, സാമൂഹ്യപങ്കാളിത്തം, പദ്ധതി ആരംഭ മീറ്റിംഗ്,തൊഴിലിടങ്ങളിലെ അപകടങ്ങൾ, വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട്, സന്ദർശന കുറിപ്പുകൾ, തുടങ്ങിയവ രേഖപ്പെടുത്തുന്നതിന് വേണ്ടിയുള്ള ആധികാരിക രേഖ കൂടിയാണ് സൈറ്റ് ഡയറി.

പരിശോധിച്ച ഫയലുകളിൽ ഒന്നും സൈറ്റ് ഡയറി പൂർത്തീകരിച്ചിട്ടുണ്ടായിരുന്നില്ല. വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടും ചേർത്തിട്ടുണ്ടായിരുന്നില്ല.

**<u>പ്രവൃത്തിസ്ഥലപരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ</u>**

ഫയൽ വെരിഫിക്കേഷൻ പൂർത്തീകരിച്ച വർക്കുകളിൽ പല പ്രവർത്തികളും ഏതെല്ലാം ഭാഗത്താണ് ചെയ്തിരിക്കുന്നത് എന്നത് സംബന്ധിച്ചുള്ള രേഖകൾ പലതും വർക്ക് ഫയലിൽ പൂർണമല്ലായിരുന്നു. പ്രവർത്തികൾ ചെയ്ത സ്വകാര്യ ഗുണഭോക്താക്കളുടെ പുരയിടങ്ങളിലെ നികുതിയടച്ച രസീതുകൾ പലതും ഫയലിൽ ലഭ്യമായിരുന്നില്ല എന്നുമാത്രമല്ല ലഭ്യമായ ചില രേഖകളുടെ അടിസ്ഥാനത്തിൽ അന്വേഷിച്ചപ്പോൾ അവ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട രസീതുകൾ അല്ല എന്നുമാണ് കൺവീനർമാരിൽ നിന്നും അറിയാൻ കഴിഞ്ഞത്.

അതിനാൽ തന്നെ കൃത്യമായി ലഭ്യമായിരുന്ന വസ്തുവിവരങ്ങളുടെ മാത്രംഅടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടാണിത്. അതിനാൽ പൊതു പണത്തിൻറെ സാമൂഹികമായ ലാഭനഷ്ടങ്ങൾ വിലയിരുത്താനും എസ്റ്റിമേറ്റും എം ബുക്കുമായി ചേർത്ത് ഒരു താരതമ്യം നടത്താനും കഴിഞ്ഞിട്ടില്ല.

പ്രവൃത്തി പൂർത്തീകരിച്ച് ഒരു വർഷത്തിലേറെ കഴിഞ്ഞതിനു ശേഷം നടത്തുന്ന സോഷ്യൽ ഓഡിറ്റ് ആയതിനാൽതന്നെ പ്രവർത്തികൾ പലതും നശിച്ചു പോയിരുന്നു. മഴക്കുഴികൾ പോലുള്ളവയെല്ലാം പലയിടങ്ങളിലും നികന്ന നിലയിലായിരുന്നു. അതിനാൽ അവയുടെ കൃത്യമായ മെഷർമെൻറ് എടുക്കുവാൻ സാധിച്ചിട്ടില്ല. ഇനിമുതൽ6 മാസ കാലയളവിൽ കൃത്യമായി സോഷ്യൽ ഓഡിറ്റ് നടക്കും എന്നതിനാൽ തന്നെ പ്രവർത്തികളുടെയെല്ലാം വിശദമായ ഒരു പരിശോധന സാധ്യമാകും.

**DP/261372 തരിശ്ശ് നിലം പാട്ടകൃഷി കിഴക്കുപുറം പ്രദേശം**എന്ന വർക്കുമായി ബന്ധപ്പെട്ട് നടത്തിയ ഫീൽഡ് സന്ദർശനത്തിൽഹലീമ ബീവി പണയിൽ വീട് എന്ന വ്യക്തിയുടെ പുരയിടത്തിൽ പാട്ടകൃഷി ചെയ്ത സ്ഥലം വീട് വയ്ക്കാനായി ബേയ്സ്മെൻറ് ഒരുക്കിയ നിലയിലാണ്.

റീന ബീഗം എന്ന വ്യക്തിയുടെ പുരയിടത്തിൽ ചേന ചേമ്പ് വാഴ മഞ്ഞൾ എന്നിവ കൃഷി ചെയ്തിരുന്നു. മാത്രവുമല്ലമൺകയ്യാല നിർമ്മിക്കുകയും 5 തെങ്ങിന് തടം പിടിക്കുകയും ചെയ്തു.

ജുമൈലത്ത് ,വില്ലുവിളാകത്ത് വീട്, സുബൈദാ ബീവി, വലിയവിളവീട് വയലിൽ ആയിരുന്നു കൃഷി ചെയ്തിരുന്നത്. കാർഷികവിളകൾ എല്ലാംതന്നെ വിളവെടുപ്പു കഴിഞ്ഞിരുന്നു. അങ്ങിങ്ങായി മരച്ചീനി വാഴ തുടങ്ങിയവ മാത്രമായിരുന്നു ബാക്കി ഉണ്ടായിരുന്നത്.

**RC/278689 ഖാദി ബോർഡ് നടപ്പാത കോൺക്രീറ്റിംഗ്**എന്ന വർക്കുമായി ബന്ധപ്പെട്ട് നടത്തിയ ഫീൽഡ് സന്ദർശനത്തിൽകോൺക്രീറ്റ് ചെയ്ത നടപ്പാത കാണാൻ കഴിഞ്ഞു. ഫീൽഡിൽ സി. ഐ. ബി. സ്ഥാപിച്ചിട്ടുണ്ടായിരുന്നു.



RC/278689ഖാദി ബോർഡ് നടപ്പാത കോൺക്രീറ്റിംഗ്

**DP/ 271870 നീർത്തട ഭൂവികസനം പകൽകുറി പ്രദേശം ഘട്ടം 1**

എന്ന വർക്കുമായി ബന്ധപ്പെട്ട് നടത്തിയ ഫീൽഡ് സന്ദർശനത്തിൽ മഴക്കുഴികൾ, തെങ്ങിൻ തടം, തെങ്ങിൻ കുഴി എന്നിവയും വാഴ, മരച്ചീനി, ചേന, ചേമ്പ്, തുടങ്ങിയവ വ്യാപകമായി കൃഷി ചെയ്തിരിക്കുന്നതായും പുരയിടത്തിനു ചുറ്റും മൺ കയ്യാലകൾ നിർമ്മിച്ചിരിക്കുന്ന തായും കണ്ടു.

രാധാമണിയമ്മ, പെരുമ്പലഴികത്തു വീട്,എന്ന ഗുണഭോക്താവിൻറെ പുരയിടത്തിൽ മണ്ണ് കിളച്ച് വൃത്തിയാക്കി പുരയിടം കൃഷി യോഗ്യമാക്കി എന്നാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ ഫീൽഡിൽ കാണാൻ കഴിഞ്ഞില്ല. വിവാഹത്തോടനുബന്ധിച്ച് തറ നിരപ്പാക്കേണ്ടി വന്നതാണ് കാരണം എന്നാണ് ഉടമസ്ഥർ പറഞ്ഞത്.

റെജീന ബീവി, എസ്. ആർ. മൻസിൽ എന്ന ഗുണഭോക്താവിൻറെപുരയിടത്തിൽ 6 മഴക്കുഴി 11തെങ്ങിൻ തടം എന്നിവ നിർമ്മിച്ചതായും 5 മൂട് തെങ്ങിൻതൈ നട്ടതായും കണ്ടു. പുരയിടത്തിനു ചുറ്റും മൺകയ്യാല നിർമ്മിക്കുകയും വാഴകൃഷി ചെയ്യുകയും ചെയ്തിരുന്നു.

അൻസാരി മുളമൂട്ടിൽ വീട് എന്ന ഗുണഭോക്താവിൻറെപുരയിടത്തിൽ 4മഴക്കുഴി എടുക്കുകയും പുരയിടത്തിനു ചുറ്റും മൺകയ്യാല നിർമ്മിക്കുകയുംചെയ്തിരുന്നു.

കുറൈഷ്യ ബീവി, പ്ലാവിള പുത്തൻവീട് എന്ന വ്യക്തിയുടെ പുരയിടത്തിൽ മൺകയ്യാലനിർമ്മിക്കുകയും 5 മഴക്കുഴി 4തെങ്ങിൻ തടം എന്നിവ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. പുരയിടം കിളച്ചു മരച്ചീനികൃഷി നടത്തിയെന്നാണ് വീട്ടുടമയിൽ നിന്നും അറിയാൻ കഴിഞ്ഞത്. മരച്ചീനി വിളവെടുപ്പ് കഴിഞ്ഞിരുന്നു.

റഹിയാനത്ത് ബീവി, ആനിസ് കോട്ടേജ് എന്ന വ്യക്തിയുടെ പുരയിടത്തിൽ 4 മഴക്കുഴി 7 തെങ്ങിൻ തടം എന്നിവ കാണാൻ കഴിഞ്ഞു.പുരയിടം കിളച്ചു മരച്ചീനികൃഷി നടത്തിയിരുന്നു.

**DP/271871 നീർത്തട ഭൂവികസനം പകൽകുറി പ്രദേശം ഘട്ടം**

**2**എന്ന വർക്കുമായി ബന്ധപ്പെട്ട് നടത്തിയ ഫീൽഡ് സന്ദർശനത്തിൽ കരം തീരുവ പ്രകാരമുള്ള പ്രസന്നകുമാരിയുടെ പുരയിടത്തിനു ചുറ്റും മൺകയ്യാല നിർമ്മിച്ചു.4 മഴക്കുഴി എടുത്തു. ഇഞ്ചി കൃഷി ചെയ്തു.

ഓമനയമ്മയുടെ പുരയിടത്തിൽ 6 മൺകയ്യാല 45 തെങ്ങിൻതടം എന്നിവനിർമ്മിക്കുകയും സുമതിയുടെ പുരയിടത്തിൽ മൺകയ്യാലനിർമ്മിക്കുകയും ചെയ്തു.

ആത്തുക്ക ബീവിയുടെ പുരയിടത്തിൽ 8 മഴക്കുഴി നിർമ്മിക്കുകയും മരച്ചീനികൃഷി നടത്തുകയും പുരയിടത്തിനു ചുറ്റും മൺകയ്യാല നിർമ്മിക്കുകയും ചെയ്തു.

ഹയറുനിസയുടെ പുരയിടത്തിൽ 9 തെങ്ങിൻ തടം, 8 മഴക്കുഴി എന്നിവ നിർമ്മിക്കുകയും പുരയിടത്തിനു ചുറ്റും മൺകയ്യാലനിർമ്മിക്കുകയും ചെയ്തു.

സുഭദ്രാമ്മയുടെ പുരയിടത്തിൽ 4 മഴക്കുഴി 3മൺകയ്യാല27 തെങ്ങിൻതടം എന്നിവ നിർമ്മിക്കുകയും, രാജഗോപാലൻറെ പുരയിടത്തിൽ കിണർമണ്ണ് കോരി പുരയിടം നിരപ്പാക്കുകയും ചെയ്തു.

ശ്രീജയുടെ പുരയിടത്തിൽ 3 തെങ്ങിൻതടം, 15 തെങ്ങിൻകുഴി, 2 മഴക്കുഴി, 3 മൺകയ്യാലഎന്നിവ നിർമ്മിച്ചു. പുരയിടത്തിൽ വാഴകൃഷിയും ചെയ്തിരുന്നു.

രമാദേവിയമ്മയുടെ പുരയിടത്തിൽ 1 വലിയ മൺകയ്യാല 2മഴക്കുഴി എന്നിവ നിർമ്മിക്കുകയും ശുഭാരാജൻറെപുരയിടത്തിൽ 5 മഴക്കുഴി,മൺകയ്യാല എന്നിവ നിർമ്മിക്കുകയും ചെയ്തു.

പത്മിനി അമ്മയുടെ പുരയിടത്തിൽ 12 തെങ്ങിന് തടം പിടിച്ചു, പുരയിടത്തിന് അതിര് കോരി, വാഴകൃഷിയും ചെയ്തിരുന്നു. ആകെ 85 വാഴകൾ കാണാൻ കഴിഞ്ഞു.

രാധാമണിയമ്മയുടെ പുരയിടത്തിൽ 2മൺകയ്യാലനിർമ്മിച്ചിട്ടുണ്ട്. ശ്രീധരൻപിള്ളയുടെ പുരയിടത്തിൽ 3 മഴക്കുഴിയും ജയാംബികയുടെ പുരയിടത്തിൽ 3മൺകയ്യാലയുംനിർമ്മിച്ചു.

കരംതീരുവ പ്രകാരമുള്ള രാജേന്ദ്രൻപിള്ളയുടെ പുരയിടത്തിൽ ഉടമസ്ഥൻഹോസ്പിറ്റലിൽ ആയതിനാൽ പണി ചെയ്യാൻ കഴിഞ്ഞില്ല എന്നാണ് അറിയാൻകഴിഞ്ഞത്.

**DP/271873നീർത്തട ഭൂവികസനം പകൽകുറി പ്രദേശം ഘട്ടം3**

എന്ന വർക്കുമായി ബന്ധപ്പെട്ട് നടത്തിയ ഫീൽഡ് സന്ദർശനത്തിൽരേഖ, നവാസ് വില്ല, പകൽകുറി എന്ന ഗുണഭോക്താവിൻറെ പുരയിടത്തിൽ 5 മഴക്കുഴി മൺകയ്യാല 5 തെങ്ങിൻതടം കാണാൻ കഴിഞ്ഞു.

ഗോപിനാഥൻ ഉണ്ണിത്താൻ എന്ന വ്യക്തിയുടെ പുരയിടത്തിൽ 6 മഴക്കുഴി, 4 തെങ്ങിൻതടം എന്നിവ നിർമ്മിച്ചതായും പുരയിടത്തിനു ചുറ്റും മൺകയ്യാലനിർമ്മിച്ചതായും കാണാൻ കഴിഞ്ഞു.

രതീഷ്, പറങ്കിമാവിളവീട്,റെജി, എസ് ആർ ഭവൻ എന്നിവരുടെ പുരയിടങ്ങളിൽ 6 വീതം മഴക്കുഴികൾ നിർമ്മിച്ചതായി കാണാൻ കഴിഞ്ഞു. ആകെ 12 മഴക്കുഴികൾ.

രാധാമണി, വാസുദേവവിലാസം എന്ന ഗുണഭോക്താവിൻറെ പുരയിടത്തിൽ അതിര് കോരി ബലപ്പെടുത്തിയതായുംശ്യാമളകുമാരി,അമ്മവീട്, എന്ന വ്യക്തിയുടെ പുരയിടത്തിൽ 8 മഴക്കുഴിയും 7 തെങ്ങിൻതടവും കാണാൻ കഴിഞ്ഞു.

**DP/278076നീർത്തട ഭൂവികസനം പകൽകുറി പ്രദേശം ഘട്ടം4**

എന്ന വർക്കുമായി ബന്ധപ്പെട്ട് നടത്തിയ ഫീൽഡ് സന്ദർശനത്തിൽസരസ്വതിയമ്മ, പിഎം രാജൻ,മാധവ മന്ദിരം വ്യക്തിയുടെ പുരയിടത്തിലും11മഴക്കുഴി നിർമ്മിച്ചു.

അരവിന്ദാക്ഷകുറിപ്പ്, പി കെ ശാന്തകുമാരി, മാധവ മന്ദിരം എന്ന വ്യക്തിയുടെ പുരയിടത്തിൽ 3 മഴക്കുഴിയും പുരയിടത്തിനു ചുറ്റും മൺകയ്യാലനിർമ്മിച്ചതായും കണ്ടു

**<u>തൊഴിലാളികളുമായുള്ള കൂടിക്കാഴ്ചയിൽനിന്ന് വ്യക്തമായത്.</u>**

ശ്യാമള കുമാരി 02/112

സുശീല 02/12

രമണി 02/76

ദേവദാസൻ02/111

ശോഭന02/6

റിജി02/86

ഈ സാമ്പത്തിക വർഷം ആരംഭിച്ചു 8 മാസം കഴിഞ്ഞിട്ടും 34 ദിവസത്തെ തൊഴിൽ മാത്രമേ തൊഴിലാളികൾക്ക് ലഭിച്ചിട്ടുള്ളു.

തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസം കഴിഞ്ഞിട്ടും തൊഴിൽ കിട്ടിയില്ല എന്നുണ്ടെങ്കിൽ തൊഴിലില്ലായ്മ വേതനത്തിനുള്ള അപേക്ഷ കൊടുക്കാം എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണ ഇല്ലാത്തതിനാൽ ആരും അപേക്ഷ കൊടുത്തിട്ടില്ല.

34 ദിവസം പണി ചെയ്തതിൽ 12 ദിവസത്തെ കൂലി മാത്രമേ തൊഴിലാളികൾക്ക് ലഭിച്ചിട്ടുള്ളു. കൂലി വൈകുന്നതിനുള്ള നഷ്ടപരിഹാരത്തിന് ആരും രേഖാമൂലം അപേക്ഷ കൊടുക്കാത്തതിനാൽ അതും ലഭിച്ചിട്ടില്ല.

തൊഴിലിടങ്ങളിൽ തണലിനായി ടാർപോളിൻ സൗകര്യം മുൻപ് ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ലഭ്യമല്ല.

പ്രഥമ ശുശ്രൂഷയ്ക്ക് ആവശ്യമായ ഫസ്റ്റ് എയ്ഡ് ബോക്സ് മുൻകാലങ്ങളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമായിരുന്നു. ഇപ്പോൾ സാധനങ്ങൾ തീരുന്ന മുറയ്ക്ക് തൊഴിലാളികൾ സ്വയം പിരിവെടുത്താണ് വാങ്ങുന്നത്.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ എത്തുന്ന കൺവീനർക്ക് യാത്രാബത്ത ഒന്നും തന്നെ ലഭിച്ചിട്ടില്ല.തൊഴിലാളികളുടെ കയ്യിൽ നിന്ന് ചെറിയ തുകകൾ തിരിച്ചു കൂട്ടിയാണു കൺവീനർ യാത്രാക്കൂലി കണ്ടെത്തുന്നത്.

കഴിഞ്ഞവർഷം 100 പണി തികഞ്ഞവർക്ക് 1000 രൂപ ബോണസ് ലഭിച്ചിട്ടുണ്ട്.

സി ഐ ബോർഡ് എല്ലാ പ്രവർത്തി സ്ഥലത്തും സ്ഥാപിച്ചിട്ടില്ല.

ഭൂവുടമകൾക്ക് തൊഴിൽ തൊഴിൽകാർഡുണ്ട്. വ്യക്തിഗത പ്രവർത്തികളിൽ ഭൂവുടമകളും പങ്കാളികൾ ആവാറുണ്ട്.

പദ്ധതി ആരംഭ മീറ്റിംഗ് നടക്കാറുണ്ട്. മീറ്റിങ്ങിൽ ബന്ധപ്പെട്ട അധികാരികൾ പങ്കെടുക്കാറുണ്ട്.

മുൻഗണന പ്രകാരമാണ് ഭൂവുടമകളുടെ സ്ഥലങ്ങളിൽ പ്രവർത്തി നടത്താറുള്ളത്.

എസ്റ്റിമേറ്റ് കോപ്പി വിവരങ്ങൾ എ. ഇ. വിശദീകരിക്കുന്നുണ്ട്. തൊഴിൽ അനുവദിച്ചുകൊണ്ടുള്ള അറിയിപ്പും ലഭിക്കാറുണ്ട്.

## ഗ്രാമ സഭയിൽ നടന്ന ചർച്ചകളും നിർദ്ദേശങ്ങളും

### തൊഴിലാളികളുടെ സംശയങ്ങൾ, പരാതികൾ, ചോദ്യങ്ങൾ

1. തൊഴിലിടത്തെ സൗകര്യങ്ങളായ ടാർപോളിൻ ഷീറ്റ്,വെള്ളം തിളപ്പിക്കാൻ ഉള്ളപാത്രം എന്നിവയെല്ലാം മുൻകാലങ്ങളിൽ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ലഭ്യമല്ല. കുടിവെള്ളം എല്ലാവരുംവീട്ടിൽ നിന്നുമാണ് കൊണ്ടു വരാറുള്ളത്.

2. ഒക്ടോബർ 26 ആം തീയതി ജോലിക്ക് ഡിമാൻഡ് കൊടുത്തതാണ്. ഇതുവരെയും ലഭിച്ചിട്ടില്ല.

3. തോട്ടിൽ പണി ചെയ്ത ഒരു തൊഴിലാളിയ്ക്ക് അണുബാധ ഉണ്ടാവുകയും ഹോസ്പിറ്റലിൽ ചികിത്സ തേടുകയും ചെയ്തെങ്കിലും പഞ്ചായത്തിൽനിന്ന് യാതൊരു ആനുകൂല്യവും ലഭിച്ചിട്ടില്ല.

4. തൊഴിൽ സമയം എല്ലാ തൊഴിലാളികൾക്കും ഒരുപോലെ ബാധകമായിരിക്കണം.

5. കൺവീനർക്ക്പഞ്ചായത്തിലേക്കുള്ളയാത്രാചിലവും ഫോട്ടോകോപ്പി എടുക്കുന്നതിനുള്ള ചിലവുകളും പിരിവ് എടുത്താണ് സംഘടിപ്പിക്കുന്നതിന്. അതിനായി ഫണ്ട് അനുവദിക്കണം.

6. സി ഐ ബി യുടെ ചിലവ് തൊഴിലാളികൾ വഹിക്കുന്നു.

7. 276 ആയിരുന്ന കൂലി 271 ആക്കി മാറ്റിയതായി കേൾക്കുന്നു. ശരിയാണോ.

8. 34 ദിവസം പണി ചെയ്തതിൽ 12 ദിവസത്തെ കൂലി മാത്രമേ തൊഴിലാളികൾക്ക് ലഭിച്ചിട്ടുള്ളു.

### എ. ഇ.യുടെമറുപടി

1.വർക്ക് സൈറ്റിൽ കുടിവെള്ളം ലഭ്യമാക്കേണ്ടത് കൺവീനർമാരുടെ ചുമതലയാണ്.അത് കൃത്യമായി നിർവഹിക്കേണ്ടതാണ്.

2.തൊഴിലാളികൾ ആരും തൊഴിലിനായി ഡിമാൻഡ് ചെയ്തിട്ടില്ല. ഡിമാൻഡ് ചെയ്യുന്ന മുറയ്ക്ക് തൊഴിൽ ലഭിക്കുന്നതാണ്.

3. പ്രതിരോധമരുന്ന് കഴിക്കാതെയാണ് അണുബാധ ഉണ്ടായത്. അതിനാൽ ഒന്നും ചെയ്യാൻ സാധിക്കില്ല.

4. തൊഴിൽ സമയം എല്ലാവർക്കും 9 മണി മുതൽ 5 മണി വരെയാണ്.

5. കൺവീനർക്ക് യാത്രാബത്ത ഇനത്തിൽ മാസം അൻപത് രൂപ മാത്രമാണ് നൽകണമെന്ന് വ്യവസ്ഥയുള്ളത്.

6. കോൺക്രീറ്റ് ബോർഡ് സ്ഥാപിക്കാൻ വേണ്ടി വെണ്ടർ സംവിധാനം ഏർപ്പാടാക്കി തരണം. അല്ലെങ്കിൽ തൊഴിലാളികൾക്ക് ട്രെയിനിങ് കൊടുക്കണം.

7. തൊഴിലാളികളുടെ കൂലി 271 രൂപയും ചാർജിങ് ചാർജ് 5 രൂപയും ആണ്. അത് ഇപ്പോഴും അങ്ങനെതന്നെയാണ്.

8. കേന്ദ്ര സർക്കാരിൻറെ ഫണ്ട് വൈകുന്നതു മൂലം ആണ് കൂലി ലഭിക്കാത്തത്. മസ്റ്റർറോൾ പെയ്മെൻറ് അയയ്ക്കുന്ന അഞ്ചുദിവസത്തെ നടപടിക്രമങ്ങൾ ഓടുകൂടി പഞ്ചായത്തിൻറെ നടപടികൾ അവസാനിച്ചു. പണം എസ് ബി ഐ വഴി തൊഴിലാളികളുടെ അക്കൗണ്ടിൽ നേരിട്ടാണ് വരുന്നത്. അത് പഞ്ചായത്തുമായി ബന്ധമുള്ള കാര്യമല്ല.

**<u>ഗ്രാമസഭ നിർദ്ദേശങ്ങളുംതീരുമാനങ്ങളും</u>**

- ✓ വർക്ക്സൈറ്റിൽകുടിവെള്ളംലഭ്യമാക്കേണ്ടത്കൺവീനർമാരുടെചുമതലയാണ്. അത്ഇനിമുതൽ കൃത്യമായി നിർവഹിക്കും.
- ✓ ഫ്രണ്ട്ഓഫീസ്മുഖാന്തരം ഇനിമുതൽ തൊഴിലാളികൾ കൃത്യമായി തൊഴിൽ ഡിമാൻഡ് ചെയ്യണം.
- ✓ ഡിമാൻഡ്ചെയ്യുന്നമുറയ്ക്ക്ഇനിമുതൽ തൊഴിൽ ലഭിക്കുന്നതാണ്.
- ✓ തോടുകളിലുംഅണുബാധഉണ്ടാകാൻസാധ്യതയുള്ളമറ്റിടങ്ങളിലുംപണിചെയ്യേണ്ടിവരികയാണെങ്കിൽതീർച്ചയായും പ്രതിരോധമരുന്ന് കഴിക്കേണ്ടതാണ്.
- ✓ തൊഴിലാളികളുടെകടമകൾഎല്ലാവരുംകൃത്യമായിനിർവഹിക്കേണ്ടതാണ്.
- ✓ ജോലിസ്ഥലത്ത്സമയക്രമംപാലിക്കുക.

വിശദമായ ചർച്ചയ്ക്കും തീരുമാനത്തിനും ശേഷം ഗ്രാമസഭ റിപ്പോർട്ട്എല്ലാവരും കൈയടിച്ചു പാസാക്കി.

---

# വാർഡ് 03 മൂതല

വാർഡ്തലത്തില് ആകെ തൊഴിൽ കാർഡ്=274

സജീവ തൊഴിലാളികൾ =144

100 തൊഴിൽ ദിനങ്ങൾ ലഭിച്ച തൊഴിലാളികൾ=120

**<u>ഓഡിറ്റ്നു വിധേയമാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ്</u>**

**1.നീർത്തടവികസനംമൂതലപ്രദേശംമൂന്നാംഘട്ടം**

വർക്ക് കോഡ് :DP/271877

അടങ്കൽ തുക :5,00,000/-

ചിലവായത് :4,96,428/-

പ്രവർത്തി ആരംഭിച്ചത് :5/01/19

പ്രവർത്തി പൂർത്തീകരിച്ചത് :11/01/19

മസ്റ്റർറോൾ കളുടെ എണ്ണം :35

ആകെ തൊഴിൽദിനങ്ങൾ 1194

**2. ലൈഫ്ഭവന പദ്ധതി ബേബികുമാരി**

വർക്ക് കോഡ് : IF/363056

അടങ്കൽ തുക : 24,390/-

ചിലവായത് : 14,232/-

പ്രവർത്തി ആരംഭിച്ചത് :21/03/19

പ്രവർത്തി പൂർത്തീകരിച്ചത്:27/03/19

മസ്റ്റർറോൾ കളുടെ എണ്ണം :04

ആകെ തൊഴിൽദിനങ്ങൾ :52

**3. നീർത്തടഭൂവികസനംമൂതലപ്രദേശംഅഞ്ചാംഘട്ടം**

വർക്ക് കോഡ് :DP/271880

അടങ്കൽ തുക :5,00,000/-

ചിലവായത് :1,05,984/-

പ്രവർത്തി ആരംഭിച്ചത് :05/12/18

പ്രവർത്തി പൂർത്തീകരിച്ചത് :11/12/18

മസ്റ്റർറോൾ കളുടെ എണ്ണം :10

ആകെ തൊഴിൽദിനങ്ങൾ :384

**4.തരിശുനിലംപാട്ടകൃഷിതാഴെഭാഗംപ്രദേശം**

വർക്ക് കോഡ് :DP/261378

അടങ്കൽ തുക :4,00,000/-

ചിലവായത് :3,58,556/-

പ്രവർത്തി ആരംഭിച്ചത് :13/08/18

പ്രവർത്തി പൂർത്തീകരിച്ചത് :21/11/18

മസ്റ്റർറോൾ കളുടെ എണ്ണം :30

ആകെ തൊഴിൽദിനങ്ങൾ :1301

**5.നീർത്തടഭൂവികസനംനാലാംഘട്ടം**

വർക്ക് കോഡ്:DP/271879

അടങ്കൽ തുക :5,00,000/-

ചിലവായത് :3,37,059/-

പ്രവർത്തി ആരംഭിച്ചത് :29/11/18

പ്രവർത്തി പൂർത്തീകരിച്ചത് :12/12/18

മസ്റ്റർറോൾ കളുടെ എണ്ണം :47

ആകെ തൊഴിൽദിനങ്ങൾ :1219

**6.മൂലഭാഗംനടപ്പാതകോൺക്രീറ്റ്**

വർക്ക് കോഡ് :RC/278692

അടങ്കൽ തുക :3,00,000/-

ചിലവായത് :2,85,632/-

പ്രവർത്തി ആരംഭിച്ചത് :22/03/19

പ്രവർത്തി പൂർത്തീകരിച്ചത് :26/03/19

മസ്റ്റർറോൾ കളുടെ എണ്ണം :04

ആകെ തൊഴിൽദിനങ്ങൾ :136

**7. നീർത്തടഭൂവികസനംമുതലപ്രദേശം**

വർക്ക് കോഡ് :DP/271462

അടങ്കൽ തുക :5,00,000/-

ചിലവായത് :4,29,732/-

പ്രവർത്തി ആരംഭിച്ചത് :13/08/18

പ്രവർത്തി പൂർത്തീകരിച്ചത് :25/01/19

മസ്റ്റർറോൾ കളുടെ എണ്ണം :51

ആകെ തൊഴിൽദിനങ്ങൾ :1557

**8.നീർത്തടഭൂവികസനംമൂതലപ്രദേശംഘട്ടം 2**

വർക്ക് കോഡ് :DP/271876

അടങ്കൽ തുക :5,00,000/-

ചിലവായത് :/-365700

പ്രവർത്തി ആരംഭിച്ചത് :15/09/18

പ്രവർത്തി പൂർത്തീകരിച്ചത് :18/12/18

ആകെ തൊഴിൽദിനങ്ങൾ :1325

**9.ലൈഫ്ഭവന പദ്ധതി സൈഫുദ്ദീൻ**

വർക്ക് കോഡ് :IF/368144

അടങ്കൽ തുക :24,390/-

ചിലവായത് : 3,794/

മസ്റ്റർറോൾ കളുടെ എണ്ണം: 2

ആകെ തൊഴിൽദിനങ്ങൾ:14

**10. തോട്ടവീകരണവുംതടയണനിർമ്മാണവുംഇടവേലിക്കൽഏലത്തോട്**

വർക്ക് കോഡ് :WH/301309

അടങ്കൽ തുക :300000/-

ചിലവായത് :275172/-

പ്രവർത്തി ആരംഭിച്ചത് :15/09/18

പ്രവർത്തി പൂർത്തീകരിച്ചത് :02/12/2018

മസ്റ്റർറോൾ കളുടെ എണ്ണം :27

ആകെ തൊഴിൽദിനങ്ങൾ :997

**<u>പ്രവർത്തികളുടെപരിശോധനവിവരണം</u>**

താഴെ പറയുന്ന പ്രവൃത്തികൾ ആണ് പരിശോധനയ്ക്ക് വിധേയമാക്കിയത്.

**നീർത്തടവികസനംമൂതലപ്രദേശംമൂന്നാംഘട്ടം**

എം ബുക്കിൽ രേഖ പെടുത്തിയ പ്രകാരം അളവുകള് ഫീൽഡില് കാണുവാന് സാധിച്ചിരുന്നു.തങ്കമ്മയുടെ പുരയിടംകിളച്ചുവൃത്തിയാക്കിമരച്ചീനിക്കൂടമെടുത്തു. മരച്ചീനിനട്ടത്ഉടമസ്ഥൻആണെന്നാണ്അറിയാൻകഴിഞ്ഞത്. കൂടാതെ 35 തെങ്ങിന്തടം എടുത്തിരുന്നു. ചേന ചേമ്പ്കുരുമുളക് എന്നിവയ്ക്കതടമെടുത്തു. അനിതയുടെ പുരയിടത്തിൽ നീളത്തിലുള്ള ഒരുഅതിര കോരിയതായികണ്ടു. പ്രസന്നവല്ലിയുടെ പുരയിടം കിളച്ച്മരച്ചീനി ,ചേന, ചേമ്പ്, എന്നിവ നട്ടു. അഞ്ചുതെങ്ങ്തടംഎടുത്തിരുന്നു. 10 മഴക്കുഴികണ്ടു.എന്നാൽമഴക്കുഴിചവറുംമണ്ണുംകൊണ്ട്മൂടപ്പെട്ടഅവസ്ഥയിലായിരുന്നു. മുഹമ്മദ്ബീവി പുരയിടത്തിൽ മരച്ചീനിക്കൂടമെടുത്തതായി കണ്ടു. മൂന്ന്മഴക്കുഴികൾ കണ്ടു. 51 മീറ്റർനീളവും 90 സെന്റീമീറ്റർഉയരവുമുള്ളഒരു അതിരുകോരിയതായി കണ്ടു. മധുസൂദനൻപിള്ളയുടെ വീട്ടിൽ പുരയിടം ചെത്തി കിളച്ചുവൃത്തിയാക്കി ചേന, ചേമ്പ്, വാഴ, മരച്ചീനിഎന്നിവ നട്ടു. കൂടാതെ 30 തെങ്ങിന്തടംഎടുത്തതായികണ്ടു.15മഴക്കുഴി കാണാൻ സാധിച്ചു. ഉണ്ണികൃഷ്ണൻ എന്ന

ആളുടെ വീട്ടിൽ പത്തുതെങ്ങിന്തടം എടുത്തിരുന്നു. കൂടാതെ പുരയിടം ചെത്തി വൃത്തിയാക്കി.

**ലൈഫ്ഭവന പദ്ധതി ബേബികുമാരി**
വീട്ടിൽആളില്ലാത്തഅതിനാൽഉടമസ്ഥനുമായിസംസാരിക്കാനോഎത്രരൂപകിട്ടിഎന്ന്അറിയാൻകഴിഞ്ഞില്ല. വീടിന്റെപണിപൂർത്തിയായിട്ടില്ല.

**നീർത്തടഭൂവികസനംമൂതലപ്രദേശംഅഞ്ചാംഘട്ടം**
ബുർഹാൻ, ഖാലിദ്മുഹമ്മദാലി എന്ന വ്യക്തിയുടെ പുരയിടത്തിൽ കാണാൻ കഴിഞ്ഞ തൈറബ്ബർകളുടെ മൂട്ടിളച്ചുവൃത്തിയാക്കി. 11 തെങ്ങിന്തടം എടുത്തു. 14 മഴക്കുഴികൾകണ്ടു.
ഹസീനബീവിയുടെ വീട്ടിൽ 29 മീറ്റർ70സെന്റീമീറ്റർ നീളത്തിൽനീർച്ചാൽ കാണാൻ കഴിഞ്ഞു. 34മീറ്റർ നീളത്തിൽ അതിര്കോരി .അഞ്ച്മഴ ക്കുഴികൾ കണ്ടു.
അരവിന്ദാക്ഷൻപിള്ളയുടെ പുരയിടത്തിൽ 17 മീറ്റർനീളത്തിൽ അതിര്കോരിതായി കാണാൻ കഴിഞ്ഞു. അബ്ദുൽസമദ് എന്ന വ്യക്തിയുടെ പുരയിടത്തിൽ 96മീറ്റർ നീളത്തിൽ അതിര്കോരിയതായി കാണാൻ കഴിഞ്ഞു.

**നീർത്തടഭൂവികസനംനാലാംഘട്ടം**
**1.<u>കവർപേജ്</u>**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച 3ഫയലുകളിൽഒന്നിൽ പോലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർ പേജ് കാണാൻ സാധിച്ചില്ല.

**2.<u>ചെക്ക്‌ലിസ്റ്റ്</u>**

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ്ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച ഫയലുകളിൽഒരു പ്രവർത്തിഫയലുകളിൽ ചെക്ക്‌ലിസ്റ്റ്കാണാൻ

സാധിച്ചില്ല.

**3.<u>ആക്ഷൻപ്ലാൻ</u>**

ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയി ക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ കോപ്പി.ഗ്രാമസഭ നിർദ്ദേ ശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും .ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രവർത്തി തന്നെയാണോ നടപ്പിലാക്കിയത് എന്ന്മനസ്സിലാക്കുന്നതിനും ആക്ഷൻപ്ലാൻ കോപ്പി ഉപകരിക്കുന്നു.പരിശോധിച്ച ഫയലുകളിൽ AMC പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിൻറെ കോപ്പി ഇല്ലായിരുന്നു..

**4.<u>എസ്റ്റിമേറ്റ്ഡിസൈൻആൻഡ്ഡ്രോയിങ്</u>**

സാങ്കേതിക എസ്റ്റിമേറ്റ് പദ്ധതിയിൽ ഏറ്റെടുക്കുന്ന ഓരോ പ്രവർത്തിക്കും സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ അധികാര സ്ഥാനത്തിന്റെ അനുമതിയോടുകൂടിയ സാങ്കേതിക എസ്റ്റിമേറ്റ് ഉണ്ടായിരിക്കേണ്ടതാണ്.**ഓ**രോ പ്രവർത്തിക്കും എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം, ഡിസൈൻ, പ്രവർത്തിയുടെ പ്രതീക്ഷിത നേട്ടങ്ങൾ വിശദീകരിക്കുന്ന സാങ്കേതിക കുറിപ്പ് തുടങ്ങിയവ ഉണ്ടായിരിക്കേണ്ടതും സെക്വർ സോഫ്റ്റ് വെയറിലൂടെ ഓൺലൈനായി അനുമതികൾ ലഭ്യമാക്കേണ്ടതുമാണ് .ഒരുഫയലുകളിലും വിശദമായഎസ്റ്റിമേറ്റ് ഉണ്ടായിരുന്നില്ല.

**5.<u>ഭരണാനുമതി</u>**

ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതി

പരിശോധിച്ച ഫയലുകളില് 1 ഫൈലിൽഭരണാനുമതി യുടെ കോപ്പി സൂക്ഷിച്ചിരുന്നു.

**7.<u>സംയോജിതപദ്ധതി(കൺവേർജൻസ്)</u>**

ഓഡിറ്റ് നു വിധേയമാക്കിയ പ്രവർത്തികളിൽഇതുബാധകമല്ല.

**8.<u>ഡിമാൻഡ്ഫോം</u>**

ഡിമാൻഡ്ഫോം സൂക്ഷിച്ചിരുന്നു വെങ്കിലും തൊഴിലാളികൾ ഇതു കാലയളവില് തൊഴിൽ വേണം എന്ന് രേഖ പെടുതിയതായി കണ്ടില്ല.എല്ലാഫയലുകളുംഡിമാൻഡ്ഉണ്ടായിരുന്നില്ല.

**9.<u>വർക്ക്അലോക്കേഷൻഫോം</u>**

തൊഴിൽ ആവശ്യപ്പെട്ടവര്ക്കുതൊഴിൽ അനുവദിച്ചുകൊണ്ടുള്ള വർക്ക് അലോക്കേഷൻ ഫോംഈ പ്രവർത്തിയുടെ ഫയലിൽ സൂക്ഷിച്ചിരുന്നില്ല .

**<u>10.ഇമസ്റ്റർ റോൾ</u>**

തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി, ദിവസം ഉൾപ്പെടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് ഇമസ്റ്റർ റോൾ.ഇതിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലുംരേഖപെടുത്തേണ്ടതാണ്. പരിശോധിച്ച എല്ലാ ഫയലിലുംമസ്റ്റർറോൾ ഉണ്ടായിരുന്നു.

ഇ- മസ്റ്റര് റോളുകളിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലുംരേഖപെടുത്തിയിട്ടുണ്ട് തീയതി. ഇതിൽ തൊഴിലാളികളുടെ ഒപ്പുകൾ, അവരുടെ തൊഴിൽ ദിനങ്ങൾ, കൂലി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് . മാസ്റ്റർ റോളില് ഒപ്പിടുന്ന കോളങ്ങളില് തീയതി എഴുതിട്ടുണ്ടയിരുന്നില്ല

മസ്റ്റർ റോളിൽ എം ബുക്ക് നമ്പര് രേഖപെടുത്തിയില്ല

**<u>11.മെഷർമെൻറ്പുസ്തകം (M Book)</u>**

പ്രവർത്തി തുടങ്ങുന്നതിന് മുമ്പും ശേഷവും അളവുകൾ രേഖപ്പെടുത്തുന്നതി നുള്ളഅടിസ്ഥാന രേഖയാണ് മെഷർമെന്റ് ബുക്ക്..എല്ലാ ഫയലുകളിലും M book ഉണ്ടായിരുന്നു.മെഷർമെൻറ് ബുക്കിൽ നമ്പർ പേജ് നമ്പർ ഇവ രേഖപ്പെടുത്തിയിട്ടുണ്ട് AS,TS നമ്പർ രേഖപ്പെടുത്തിയിട്ടില്ല.ഓവർസിയരുടഒപ്പ്സീൽ എന്നിവ ഉണ്ടായിരുന്നു. പ്രീ മെഷർമെൻറ് രേഖ പെടുത്തിയിരുന്നു.ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതായത് ഓവർസിയർ, എൻജിനീയർ എന്നിവരുടെ ഒപ്പ്മെഷർമെന്റ് ബുക്കില് ഉണ്ടായിരുന്നു

**<u>12.മെറ്റീരിയൽലിസ്റ്റ്</u>**

ഫയലിൽമെറ്റീരിയൽലിസ്റ്റ്ഇല്ലായിരുന്നു

**<u>13.വേജ് ലിസ്റ്റ്</u>**

തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിന് അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ട തുക അതായത്കൂലി, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ച കൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാം കാണിച്ചു കൊണ്ട് പണം കൈമാറുന്നതിന് വേണ്ടി തയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്. മസ്റ്റർ റോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് എല്ലാ ഫയലിലും കാണാന് സാധിച്ചു.

**<u>14. മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ് /ഫയൽമാറ്റസ്ലിപ്പുകൾ</u>**

ഒരു മസ്റ്റർ റോൾ അവസാനിച് 3 ദിവസത്തിനകം തന്നെ അളവുകൾ ബന്ധപ്പെട്ട ഉദ്യാഗസ്ഥൻ രേഖപ്പെടുത്തണം എന്ന് നിയമം അനുശാസിക്കുന്നു.അളവുകളിൽ ക്രമക്കേടുകൾ ഉണ്ടായാലോ, ഉപയോഗിക്കുന്ന മെറ്റീരിയലിന്റെ ക്വാളിറ്റിയിൽ നിലവാരം കുറയ്ക്കുകയോ, ഉയർന്ന എസ്റ്റിമേറ്റ് കാണിക്കുകയോചെയ്യുന്നത്

നിയമവിരുദ്ധമാവുകയും സെക്ഷൻ 25 അനുശാസിക്കുന്ന ശിക്ഷക് വിധേയമാവേണ്ടി വരുകയും ചെയ്യും. എല്ലാ ഫയലുകളിലും ഫയൽ ടാക്കിംഗ് ഫോം അഥവാ മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്ഉണ്ടായിരുന്നു. ആരംഭിച്ച തീയതിയും അവസാനിച്ച തീയതിയും രേഖപ്പെടുത്തിയിരുന്നു. മറ്റു പ്രധാനപ്പെട്ട കോളങ്ങൾ MIS ൽ അപ്‌ലോഡ് ചെയ്ത തീയതി.വേതനംഅനുവദിച്ച മുതലായവ രേഖപ്പെടുത്തി യിരിക്കുന്നു.

**15. മെറ്റീരിയൽ വൗച്ചർ ബിൽ**

മെറ്റീരിയൽവൗച്ചർബിൽഇല്ലായിരുന്നു

**16.ഫണ്ട് ട്രാൻസ്ഫർ ഓർഡർ (FTO)**

പരിശോധിച്ച ഫയലുകളിൽ**FTO**

ഉണ്ടായിരുന്നു**.**

**17. റോയൽറ്റി**

പരിശോധന വിധേയമാക്കിയ ഫയലില്റോയൽറ്റി ഇല്ലായിരുന്നു

**18.ഫോട്ടോഗ്രാഫ്**

പ്രവര്ത്തി തുടങ്ങുന്നതിന് മുമ്പ് പ്രവര്ത്തി നടന്നു കൊണ്ടിരിക്കുമ്പോള്, പ്രവര്ത്തി പൂര്ത്തീകരിച്ചു കഴിയുമ്പോള് തുടങ്ങിയഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു ഇത്തരത്തിലുള്ള വിവിധ ഘട്ടങ്ങളിലെ ഫോട്ടോകളും സൂക്ഷിച്ചിരുന്നില്ല

**19.ജിയോ ടാഗ്ഗ് ഫോട്ടോസ്**

പ്രവർത്തി സ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോ ടാഗ്ഗ് ഫോട്ടോസ്. എന്നാൽ ഇവ പരിശോധനയ്ക്ക് വിധേയമാക്കിയ ഒരു ഫയലിലുംജിയോ ടാഗ്ഗ് ഫോട്ടോസ് കോപ്പി കാണാൻ സാധിച്ചില്ല.

**20 പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഇല്ലായിരുന്നു

**21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്**

എഎംസി പ്രകാരമുള്ള സോഷ്യൽ ഒാഡിറ്റ് നടപ്പാക്കുന്നത് ഇപ്പോഴാണ്.

**22.സൈറ്റ്ഡയറി**

സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരംവർക്ക് ഫയലിൽ സൂക്ഷിക്കേണ്ട 22 മത്തെ രേഖയാണ് സൈറ്റ്ഡയറി.പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവൃത്തികളിൽഎല്ലാത്തിലും സൈറ്റ് ഡയറി സൂക്ഷിച്ചിരുന്നില്ല. ഉണ്ടായിരുന്നസൈറ്റ്ഡയറിയിൽമീറ്റിംഗ്നടന്നതായിരേഖപ്പെടുത്തിയിട്ടുണ്ട് 30 തൊഴിലാളികൾപങ്കെടുത്തതായുംവാർഡ്മെമ്പർ, AE എന്നിവരുടെഒപ്പുംഉണ്ടായിരുന്നു. മേറ്റിനെവിവരംലഭ്യമായിരുന്നു. എന്നാൽചെക്ക്ലിസ്റ്റ്, വിജിലൻസ്ആൻഡ്മോണിറ്ററിങ്കമ്മിറ്റി, സന്ദർശകകുറുപ്പ്ഇവപൂർണമായിരുന്നില്ല

**ഗ്രാമസഭചർച്ചകൾ**

- പണിചെയ്യാൻവേണ്ടആയുധങ്ങൾലഭിക്കണം
- വേതനംകൃത്യമായിലഭിക്കുന്നില്ല
- വയസ്സായവർക്ക്ചെയ്യാൻപറ്റുന്നതരത്തിലുള്ളനഴ്സറിയൂണിറ്റുകൾജോലിയിൽ ഉൾപ്പെടുത്തണം
- ഏതുതരത്തിലുള്ളജോലികളാണ്ഇനിലഭിക്കുകഭൂവികസനംജോലിയിൽഉ ൾപ്പെടുത്തണം
- ഫസ്റ്റ്എയ്ഡ്ബോക്സ്ലഭ്യമല്ല, തണൽസൗകര്യത്തിനായിടാർപ്പലഭ്യമല്ല
- വ്യക്തിഗതആനുകൂല്യങ്ങൾക്കായിഎവിടെഏത്രീതിയിലാണ്അപേക്ഷി ക്കേണ്ടത്.

## ഓവർസിയറുടെമറുപടി

- വ്യക്തിഗതആനുകൂല്യങ്ങൾക്കായിപഞ്ചായത്തിന്റെഫ്രണ്ട്ഓഫീസിലാ ണ്അപേക്ഷനൽകേണ്ടത്അപേക്ഷയോടൊപ്പംആധാറിന്റെകോപ്പി, ബാങ്ക്പാസ്ബുക്ക്കോപ്പി, കരംഅടച്ചരസീത്, കൈവകാശസർട്ടിഫിക്കറ്റ്, റേഷൻകാർഡ്കോപ്പിഎന്നിവനൽകണം
- ഫണ്ടചരുന്നമുറയ്ക്കേവേതനം നൽകും. പഞ്ചായത്തിന്റെഭാഗത്തുനിന്ന്ഒരുവീഴ്ചയുംഉണ്ടാവാറില്ല.
- വയസ്സായവർക്കുംരോഗികൾക്കുംനഴ്സറിയൂണിറ്റ്പോലുള്ളകായികാധ്വാനം വേണ്ടാത്തപ്രവർത്തികൾഅനുവദിക്കുന്നതാണ്.മണ്ണുംജലവുംസുലഭമായി ലഭിക്കുന്നസ്ഥലത്ത്തുടങ്ങാവുന്നതാണ്.
- ടെൻഡർഎടുക്കാൻആരുംതയ്യാറാകാത്തത്കൊണ്ട്സിഐബികൊണ്ടുവ രാൻവലിയചിലവ്വേണ്ടിവരുന്നു.
- ആയതിനാൽപഞ്ചായത്തിൽനിന്നുംബോർഡുകൾവെക്കാൻബുദ്ധിമുട്ട്അ നുഭവപ്പെടുന്നു.
- എട്ടാംവാർഡിൽരണ്ട്യൂണിറ്റുകൾഉള്ളതുകൊണ്ടാണ്, ഫസ്റ്റ്എയ്ഡ്ബോക്സ്ഒരുയൂണിറ്റിന്നൽകിയിട്ടുണ്ട്. തൊഴിലാളികൾആരെങ്കിലുംവാങ്ങിയശേഷംബില്ല്പഞ്ചായത്തിൽനൽകി യാൽഫണ്ട്നൽകുന്നതായിരിക്കും
- വ്യക്തിഗതആനുകൂല്യങ്ങൾചെയ്യാൻആദ്യമേപൈസഅനുവദിക്കുന്നരീ തിഇപ്പോൾനിലവിലില്ല.
- ആസ്തിവികസനത്തിനുള്ളവർക്കുകൾആയിരിക്കുംഇനികൂടുതൽലഭിക്കു ക.
- പണിയായുധങ്ങൾക്ക് 5 രൂപവാടകയിനത്തിൽലഭിക്കുന്നുണ്ട്.

## കണ്ടെത്തലുകൾ

- പരിശോധനയ്ക്ക് വിധേയമാക്കിയ മഴക്കുഴി അതുപോലെനിലനിർത്താൻസാധിച്ചില്ല.
- തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പു വരുത്തുന്നതിന് പ്രവൃത്തി ആരംഭിക്കുന്നതിന മുമ്പ് പദ്ധതി വിവരങ്ങൾ അടങ്ങിയ പ്രാദേശിക ഭാഷയിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലത്ത് സ്ഥാപിച്ചിട്ടില്ല.
- മുഴുവൻ തൊഴിലാളികൾക്കും പഴയ തൊഴിൽ കാർഡ് പുതുക്കി പുതിയ തൊഴിൽകാർഡ് പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്

തൊഴിലാളികൾക്ക് വിതരണം ചെയ്ത പുതിയ തൊഴിൽ കാർഡിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിരിന്നില്ല

- തൊഴിലുറപ്പ് നിയമം അനുശാസിക്കും പ്രകാരം തൊഴിലാളികൾക്ക് പ്രവൃത്തി ഇടങ്ങളിൽ അടിസ്ഥാന സൌകര്യങ്ങള് ലഭ്യ മാകുന്നില്ല(കയ്യുറ,കാലുറ എന്നിവ).
- തൊഴിലാളികൾ സ്വന്തം നിലയ്ക്ക് തൊഴില് ആവശ്യപ്പെട്ടതായി കാണുവാന് സാധിച്ചില്ല
- പ്രവൃത്തി അനുവദിച്ച ഫോറം ഫയലില് സൂക്ഷിച്ചതായി കാണുവാന് സാധിച്ചില്ല,
- പ്രവര്ത്തി തുടങ്ങുന്നതിന് മുന്പ് കൃത്യമായി പദ്ധതി ആരംഭ മീറ്റിങ് ചേരാറുണ്ടെന്നു മുഴുവൻ തൊഴിലാളികളും അഭിപ്രായപ്പെട്ട്,ഇതു അഭിനന്ദനമർഹിക്കുന്നു.

## <u>നിർദ്ദേശങ്ങൾ</u>

- തൊഴിലുറപ്പിൽ അനുവദനീയമായതും മുൻഗണന ക്രമത്തിലും പ്രവൃത്തികൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.
- തൊഴിൽ അപേക്ഷകർ ഫ്രണ്ട് ഓഫീസില് സ്വീകരിക്കുകയും ആയതിനു കൈപ്പറ്റ് രസീത് നല്കുകയും ചെയ്യേണ്ടതാണ്.
- മേറ്റ് കൂട്ടമായി അപേക്ഷ നല്കുമ്പോൾ തൊഴില് ആവശ്യ മുള്ളവരെ ഉൾപെടുത്തി അപേക്ഷ കൊടുക്കാൻ ശ്രമിക്കുക,
- ഉദ്യോഗസ്ഥർ രേഖകളിൽ ഒപ്പുവെക്കുമ്പോൾ തീയതി കൂടി രേഖപ്പെടുത്തേണ്ടാതാണ്.
- വിജിലന്സ് ആൻഡ് മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങളെ ഓരോ വര്ഷവുംതിരഞ്ഞെടുക്കേണ്ടതാണ്.വിഎംസിയുടെ അഭിപ്രായങ്ങൾസൈറ്റ്ഡയറിയിൽകൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- പദ്ധതിയുടെ ശരിയായ രീതിയിലുള്ള നടത്തിപ്പിന് വിഎംസിയുടെ ഇടപെടലുകള് പ്രവൃത്തി സ്ഥലങ്ങളിൽ ഉണ്ടാവേണ്ടതുണ്ട്.
- തൊഴിലുറപ്പിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ആസ്തികള് ദീര്ഘകാല നിലനില്പ്പിന് ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾതൊഴിലാളികള്ക്ക്ഓവര്സീയർമാർ നലകേണ്ടതും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
- ചെക്ക് ലീഫ് പോലെ പ്രാധാന്യം ഉള്ള മസ്ററെ് റോളില് യാതൊരു വിധ വെട്ടിതിരുത്തലും പാടില്ല.ഹാജർകൃത്യമായി രേഖ പെടുത്തണം

- മസ്റ്റർറോളിൽ പ്രസ്തുത പ്രവൃത്തിയുടെ അളവുകള് രേഖപ്പെടുത്തുന്ന എം.ബുക്കിൻറെ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.
- മസ്റ്റർറോളിൽ സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥർതീയ്യതി കൂടി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.
- തൊഴിലിടങ്ങളിൽഅടിസ്ഥാന സൌകര്യങ്ങൾനിര്ബന്ധമായും ഒരുക്കണം.
- വ്യക്തിഗത പ്രവൃത്തികൾ നടത്തുമ്പോൾ അതെകാർഡു ഉടമയ്ക്ക് തന്നെ തൊഴിൽ ലഭ്യമാക്കണം
- തൊഴിലിടങ്ങളിൽ നടക്കുന്നഅപകടങ്ങൾക്ക് എത്രയും പെട്ടന്ന് ചികിത്സ സഹായം ലഭ്യ മാകുന്ന നടപടികൾ ഉണ്ടാകണം
- പ്രവർത്തികൾതിരഞ്ഞെടുക്കുമ്പോൾഅതത്പ്രദേശത്ത് അനുയോജ്യമായപ്രവർത്തികൾതിരഞ്ഞെടുക്കാൻന്ശ്രദ്ധിക്കണം .പ്രത്യേകിച്ച് മഴകുഴി പോലുള്ള പ്രവൃത്തികൾ
- ഗ്രാമസഭ രജിസ്റ്റർ പേജ് നമ്പർ ഉള്ള രജിസ്റ്റർ തന്നെ വാർഡ് തലത്തിൽ സൂക്ഷിക്കണം
- എല്ലാ പ്രവൃത്തികളിലും നിർബന്ധമായും സി ഐ ബിസ്ഥാപിച്ചിരിക്കണം

---

# വാർഡ് 09 കാട്ടുപുതുശ്ശേരി

വാർഡ്തലത്തില് ആകെ തൊഴിൽ കാർഡ്=196

സജീവ തൊഴിലാളികൾ =64

100 തൊഴിൽ ദിനങ്ങൾ ലഭിച്ച തൊഴിലാളികൾ=40

**<u>ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ</u>**

**തരിശുനിലംപാട്ടകൃഷിഉണ്ടപ്പാറപ്രദേശം**

ഡിപി 262099/ 2018- 19

എം.ബുക്ക്നമ്പർ 9

എസ്റ്റിമേറ്റ് 395000

ചെലവായത് 377016

എം ബുക്കിലെ തുക 377016

ആകെതൊഴിൽദിനം 1366

മസ്ട്രോൾ എണ്ണം 42

പ്രവർത്തി ആരംഭിച്ചത് 16- 10 -2018

അവസാനിച്ചത് 27 -12- 2018

**നീർത്തടഭൂവികസനംകാട്ടുപുതുശ്ശേരി പ്രദേശം ഘട്ടം 1**

എൽ ഡി 318874

എസ്റ്റിമേറ്റ് 500000

ആകെ തൊഴിൽ ദിനം 1358

മസ്ട്രോൾ എണ്ണം 34

പ്രവർത്തി ആരംഭിച്ചത് 16- 10- 2018

പ്രവർത്തി അവസാനിച്ചത് 2- 11- 2018

**നീർത്തട വികസനം കാട്ടുപുതുശ്ശേരി പ്രദേശം ഘട്ടം2**

എൽ ഡി 318876

എസ്റ്റിമേറ്റ് 500000

ചെലവായത് 358524

ആകെതൊഴിൽദിനങ്ങൾ 1299

പ്രവർത്തി ആരംഭിച്ചത് 14-1-2019

പ്രവർത്തി അവസാനിച്ചത് 25-3-2019

**ലൈഫ്**

ഐ എഫ് 363049

പേര് സിന്ധു

ഐ എഫ് 362952

പേര് റീജ

**<u>ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ</u>**

കേന്ദ്ര സർക്കാർ നിർദേശപ്രകാരം ഒരു വർക്ക് ഫയലിൽ നിർബന്ധമായും താഴെപ്പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്

(1) കവർപേജ്: ഒരു ഫയലിലും ലഭ്യമായിരുന്നില്ല

(2) ചെക്ക് ലിസ്റ്റ് :ഡിപി 26 20 99, എൽ ഡി 31 88 76 എന്നി വർക്ക് ഫയലിൽ ലഭ്യം ആയിരുന്നില്ല

(3) ആക്ഷൻ പ്ലാൻ കോപ്പി ഇല്ലായിരുന്നു

(4 )എസ്റ്റിമേറ്റ്: എല്ലാ ഫയലും ലഭ്യമായിരുന്നു

(5) സാങ്കേതിക അനുമതി എല്ലാ ഫയലും ലഭ്യമായിരുന്നു

(6) ഭരണാനുമതി എല്ലാ ഫയലും ലഭ്യമായിരുന്നു

(7) ഡ്രോയിങ് ആൻഡ് ഡിസൈൻ ഇല്ലായിരുന്നു

(8) തൊഴിൽ ആവശ്യപ്പെടുന്ന അതിനുള്ള അപേക്ഷ ഒരു ഫയലിലും ലഭ്യമായിരുന്നില്ല

(9) തൊഴിൽ അനുവദിച്ചുകൊണ്ടുള്ള നോട്ടീസ് കോപ്പി ഒരു ഫയലിലും ലഭ്യമായിരുന്നില്ല

(10) മാസ്ട്രോൾ കോപ്പി എല്ലാവർക്കും ഫയലിലും ലഭ്യമായിരുന്നു

(11 )കൊട്ടേഷൻ ക്ഷണിച്ചതിൽ എയും സപ്ലൈ ഓർഡർ കോപ്പി ഇല്ലായിരുന്നു

(12) വേജ് ലിസ്റ്റ്

എല്ലാവർക്കും ഫയലിലും ലഭ്യമായിരുന്നു

(13) മെഷർമെൻറ് ബുക്ക് എല്ലാവർക്കും ഫയലും ഉണ്ടായിരുന്നു

(14)എഫ് ടി ഓ എല്ലാ ഫയലും ഉണ്ടായിരുന്നു

(15) മെറ്റീരിയൽ ആൻഡ് വൗച്ചർ മെറ്റീരിയൽ വർക്ക് അല്ലായിരുന്നു

(16)റോയൽറ്റി അടയ്ക്കുന്ന എങ്കിൽ അതിൻറെ കോപ്പി: ഇല്ലായിരുന്നു

(17) പ്രവർത്തി പൂർത്തീകരണ പത്രം: ഇല്ലായിരുന്നു

(18)മാസ് ട്രോൾ മൂവ്മെൻറ് സ്ലിപ്പ്: എല്ലാ ഫയലും ഉണ്ടായിരുന്നു

(19) ജിയോ ടാഗ് ഫോട്ടോകൾ ഇല്ലായിരുന്നു

(20) സ്ത്രീ സ്റ്റേജ് ഫോട്ടോകൾ ഇല്ലായിരുന്നു

(21) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഇല്ലായിരുന്നു

(22)സൈറ്റ് ഡയറി എല്ലാ ഫയലിലും ഉണ്ടായിരുന്നു. ഡയറി പൂർണമായിരുന്നു അതിൽ ചെക്ക്ലിസ്റ്റ് പ്രൊജക്റ്റ് മീറ്റിംഗ് വിജിലൻസ് ആൻഡ് മോണിറ്ററിങ് റിപ്പോർട്ട് സന്ദർശക കുറിപ്പ് എന്നിവ ഉണ്ടായിരുന്നു.

**<u>ഫീൽഡ് വെരിഫിക്കേഷനിൽ കാണാൻ സാധിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു</u>**

<u>ഗുണഭോക്താക്കൾ ഭൂവികസന പ്രവർത്തികൾ</u>

അബ്ദുൽ വാഹിദ് അക്കരെ വിള വീട് വാഴ മരച്ചീനി എന്നിവ നട്ടു മരച്ചീനി വിളവെടുപ്പ് കഴിഞ്ഞിരുന്നു, തെങ്ങിൻ തടം 20.

അൻസാരി അസീസ് തെങ്ങിൻ തടം 9, മഴക്കുഴി 10,

ഷൈല, മരച്ചീനി കൃഷി പുരയിടം കിളച്ചു തെങ്ങിൻ തടം6, മണ്ണ് അതിർ - 12 മീറ്റർ

സുബൈർ, സൈനിമൻസിൽ കിളച്ച് പണ പിടിച്ചു മഴക്കുഴി 2 (അത് നികന്ന നിലയിലായിരുന്നു )

നിലോഫർ, സുബൈർ തെങ്ങിൻ തടം 8, കിളച്ച പണ പിടിക്കൽ 35 cent തെങ്ങിൻ കുഴി3.

നുസൈഫ ബീവി തെക്കേതിൽ പുത്തൻ വീട് കിളച്ച പണകോരി ചേന ചേമ്പ് മരച്ചീനി കൃഷി തെങ്ങിൻ തടം 8,

ആമിന ബീവി വെള്ളച്ചാലിൽ വീട്, വാഴക്കുഴി 6, തെങ്ങിൻതടം6 മഴക്കുഴി 20,

സലീന ലിസിന മൻസ്സിൽ കിളച്ച് പണ പിടിച്ചു

മണ്ണ് അതിർ 35 മീറ്റർ, തെങ്ങിൻ കുഴി 3, തെങ്ങിൻ തടം 16, കല്ല് അതിർ-32 മീറ്റർ

നാസറുദ്ദീൻ തെക്കേതിൽ വീട്, മണ്ണ് കിളച്ച്

പണ പിടിച്ചു മഞ്ഞൾ ചേന, ചേമ്പ്, വാഴ, ചീനി തുടങ്ങിയ കൃഷി

മല്ലിക ബീവി പാറവിള വീട് കിളച്ചു പണ കോരി

തെങ്ങിൻ തടം 7

തെങ്ങിൻ കുഴി 10

ഷറഫുദ്ദീൻ ഷൗബനാത് താത്ത

മണ്ണ് അതിർ 37.03 മീറ്റർ

നസീമ, കിളച്ച് മരച്ചീനി നട്ടു

സബീന ബീവി പറമ്പു കോണം, പുരയിടം കിളച്ച് ചേന ചേമ്പ് മഞ്ഞൾ വാഴ എന്നീ കൃഷികൾ തെങ്ങിൻ തടം രണ്ട്, കമ്പോസ്റ്റ് കുഴി ഒന്ന്, തെങ്ങിൻ കുഴി 13

പാത്തുമ്മബീബി ചരുവിള വീട് കല്ല് അതിർ 17. 29മീറ്റർ പുരയിടം കിളച്ച് വൃത്തിയാക്കി

ഷൈന ചരുവിള പുത്തൻവീട്

പുരയിടം കിളച്ച് വാഴ ചേന ചേമ്പ് ചീനി എന്നീ കൃഷികൾ കല്ല് അതിർ 14.50 മീറ്റർ

നുസൈഫാ ബീവി

തെക്കതിൽ പുത്തൻവീട് പുരയിടം കിളച്ച് വൃത്തിയാക്കി ചേന ചേമ്പ് വാഴ മഞ്ഞൾ തുടങ്ങിയ കൃഷികൾ

ജാസ്മിന് ബീവി തെക്കതിൽ പുത്തൻവീട് പുരയിടം കിളച്ച് വൃത്തിയാക്കി ചേന ചേമ്പ് വാഴ മഞ്ഞൾ എന്നീ കൃഷികൾ, തെങ്ങിന് തടം 5

നജീമ എച്ച് എം ദാറുൽ ഹബീബ്, പുരയിടം കിളച്ച് വൃത്തിയാക്കി വാഴ നട്ടു മാവിൻതൈ വച്ചുപിടിപ്പിച്ചു

ലൈലാ ബീവി ഖുർഷിദ് മൻസ്സിൽ, പുരയിടം കിളച്ച് വാഴനട്ടു തെങ്ങിൻ തടം 10, മഴക്കുഴി 8

വേലുക്കുട്ടി- മഴക്കുഴി 8 തെങ്ങിൻ തടം- ഒൻപത് പുരയിടം കിളച്ച് വാഴ നട്ടു

റജീന ബീവി പുരയിടം കിളച്ച് മരച്ചീനി നട്ടു

സുധീന അതിരു കോരൽ 7. മീറ്റർ കിളച്ചു മരച്ചീനി നട്ടു

ജുബൈര ബീവി പുരയിടം കിളച്ച് മരച്ചീനി, ചേന, ചേമ്പ്, വാഴ എന്നീ കൃഷികൾ അതിരു കോരൽ 15.0 5 മീറ്റർ, തെങ്ങിൻ തടം3

ഭവന നിർമ്മാണത്തിനുള്ള ഭൗതിക സാഹചര്യം ഒരുക്കൽ

സിന്ധുഐഎഫ് 363049

അനുവദിച്ച തുക 14352

ദിവസം 52

38 ദിവസത്തെ കൂലി കിട്ടാനുണ്ട്

റീജ ഐ എഫ് 362952

അനുവദിച്ച തുക 17112

ദിവസം 62

30 ദിവസത്തെ കൂലി കിട്ടാനുണ്ട്

**ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയ വസ്തുതകൾ ചുവടെ ചേർക്കുന്നു (പൊതുവായി)**

എൽ ഡി 31 88 74 നീർത്തട ഭൂവികസനം കാട്ടുപുതുശ്ശേരി പ്രദേശം ഘട്ടം 1 അവിടെ വാഴ കൃഷി വളരെ സമൃദ്ധമായ നിലയിൽ വളർന്നു നിൽക്കുന്നത് കാണാൻ സാധിച്ചു. അത് എടുത്തു പറയേണ്ട ഒരു വസ്തുതയാണ്.

(2) തെങ്ങിൻ കുഴിയും വാഴക്കുഴിയും വളരെ നല്ല രീതിയിലാണ് ചെയ്തിരിക്കുന്നത്.

(3)മണ്ണ് കയ്യാല വളരെ നല്ല രീതിയിൽ ചെയ്തിട്ടുണ്ട് .

(4)മഴക്കുഴിയുടെ പരമാവധി കാലാവധി അഞ്ചുവർഷമാണ് എന്നാൽ പകുതിയിലധികം മഴക്കുഴികൾ ഭാഗികമായി നികന്ന നിലയിലാണ്.

(5) വൃത്തിയാക്കി പണ കോരിയ പുരയിടങ്ങളിൽ മിക്ക ഭാഗങ്ങളും കാടുകയറിയ നിലയിലായിരുന്നു.

( 6) തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ച് ഒരു അറിവും ഉണ്ടായിരുന്നില്ല.

(7) പ്രാഥമിക സൗകര്യമായ കുടിവെള്ളം എല്ലാ സൈറ്റിലും ലഭ്യമായിരുന്നു എന്ന തൊഴിലാളികളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു. ഫസ്റ്റ് എയ്ഡ് ബോക്സ് ടാർപോളിൻ എന്നിവയും എല്ലാ സൈറ്റിലും ലഭ്യമായിരുന്നു എന്ന തൊഴിലാളികളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു.

(8)എല്ലാ സൈറ്റിലും കൺവീനർ പ്രതിരോധമരുന്ന് പ്രൈമറി ഹെൽത്ത് സെൻററിൽ നിന്നും വാങ്ങി തൊഴിലാളികൾക്ക് കൊടുത്തിട്ടുണ്ട് എന്ന് തൊഴിലാളികളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു. സൈറ്റിൽ വലിയ അപകടങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല, ചെറിയ മുറിവുകൾ മാത്രമേ ഉണ്ടായിട്ടുള്ളത് ഫസ്റ്റ്ഐഡ് ബോക്സിലൂടെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നും തൊഴിലാളികളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു.

**ചർച്ചകൾ**

(1) തൊഴിൽ ചെയ്യുന്നതിന് വേദനം കിട്ടിയില്ല എന്ന് തൊഴിലാളികൾ ഒന്നടങ്കം പറഞ്ഞു

(2) തൊഴിലുറപ്പു പദ്ധതി പ്രകാരം ഇനിയുള്ള വർക്കുകൾ ഏതൊക്കെയാണെന്ന് തൊഴിലാളിയായ നസീമ ചോദിച്ചു.

(3)ആസ്തി വികസനത്തിനുള്ള അപേക്ഷകൾ പഞ്ചായത്തിൽ കൊടുക്കണമോ എന്ന് തൊഴിലാളികൾ ചോദിച്ചു.

(4) റോഡിൻറെ സൈഡ് ചെത്തി വൃത്തിയാക്കൽ എന്ന ജോലി ചെയ്യാൻ കഴിയുമോ എന്ന് തൊഴിലാളികൾ ചോദിച്ചു.

**തൊഴിലാളികൾക്കുള്ള മറുപടി ഓവർസിയർ നൽകി.**

- ഫണ്ട് വരുന്ന മുറയ്ക്ക് വേതനം ലഭിക്കുന്നതാണ്.
- ആസ്തിവികസന പ്രവർത്തികൾ ആയ കോഴിക്കൂട്, ആട്ടിൻ കൂട്, കിണറിനു കഴുത്ത് കെട്ട് എന്നിവ ചെയ്യാവുന്നതാണ്.
- എസ്റ്റിമേറ്റ് പ്രകാരമുള്ളവർക്ക് മാത്രമേചെയ്യാവുഎന്ന് നിർദേശിച്ചു.
- വർക്ക് ഫയലിൽ സൂക്ഷിക്കേണ്ട 22 രേഖകളും ഇനിമുതൽ സൂക്ഷിക്കും എന്ന് ഉറപ്പുനൽകി.

നന്ദിയോടുകൂടിയോഗനടപടികൾഅവസാനിച്ചു.

---

# വാർഡ് 10 പള്ളിക്കൽ

വാർഡ്തലത്തില് ആകെ തൊഴിൽ കാർഡ്=281

സജീവ തൊഴിലാളികൾ=98

100 തൊഴിൽ ദിനങ്ങൾ ലഭിച്ച തൊഴിലാളികൾ=67

**ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ**

**1. തരിശ്ശ് നിലം പാട്ടകൃഷി പനപ്പള്ളി പ്രദേശം**

വർക്ക് കോഡ്**:** DP/262102

പ്രവർത്തി ആരംഭിച്ചത്**:** 0**1**/10/2018

പ്രവർത്തി പൂർത്തീകരിച്ചത് : 09/12/2018

അടങ്കൽ തുക : 3,95,000/-

ചിലവായത് : 3,58,524/-

മസ്റ്റർറോൾ കളുടെ എണ്ണം : 35

ആകെ തൊഴിൽദിനങ്ങൾ : 1299

**2. തരിശ്ശ് നിലം പാട്ടകൃഷിപള്ളിക്കൽപ്രദേശം**

വർക്ക് കോഡ്**:** DP/262104

പ്രവർത്തി ആരംഭിച്ചത്**:** 01/10/2018

പ്രവർത്തി പൂർത്തീകരിച്ചത് : 25/11/2018

അടങ്കൽ തുക : 3,95,000/-

ചിലവായത് : 3,58,248/-

മസ്റ്റർറോൾ കളുടെ എണ്ണം :30

ആകെ തൊഴിൽദിനങ്ങൾ : 1298

**3. നീർത്തട ഭൂവികസനം പള്ളിക്കൽ പ്രദേശം ഘട്ടം 1**

വർക്ക് കോഡ്**:** LD/318878

പ്രവർത്തി ആരംഭിച്ചത്**:** 28/12/2018

പ്രവർത്തി പൂർത്തീകരിച്ചത് : 03/01/2018

അടങ്കൽ തുക : 5,00,000/-

ചിലവായത് : 4,15,656/-

മസ്റ്റർറോൾ കളുടെ എണ്ണം : 33

ആകെ തൊഴിൽദിനങ്ങൾ : 1506

**4. നീർത്തട ഭൂവികസനം പള്ളിക്കൽ പ്രദേശം**

വർക്ക് കോഡ്**:** LD/318880

പ്രവർത്തി ആരംഭിച്ചത്**:** 28/12/2018

പ്രവർത്തി പൂർത്തീകരിച്ചത് : 31/01/2019

അടങ്കൽ തുക : 5,00,000/-

ചിലവായത് : 3,07,740/-

മസ്റ്റർറോൾ കളുടെ എണ്ണം : 31

ആകെ തൊഴിൽദിനങ്ങൾ : 1115

**ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ**

ആകെ 4 വർക്ക് ഫയലുകളാണ് വാർഡ് 10- ൽഉണ്ടായിരുന്നത്.

കേന്ദ്ര സർക്കാർ നിർദേശപ്രകാരം താഴെപ്പറയുന്ന 21 രേഖകളും സംസ്ഥാന സർക്കാർ

നിഷ്കർഷിക്കുന്ന 22 മത്തെ രേഖയായ സൈറ്റ് ഡയറിയും ഒരു വർക്ക് ഫയലിൽ

നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

**1. കവർപേജ്**

ഒരു പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ പ്രവർത്തി ഫയലിൻറെ കവർ പേജിൽ (നിഷ്കർഷിക്കുന്ന മാതൃകയിൽ) ഉൾക്കൊള്ളിക്കണം എന്നുണ്ട്.

പരിശോധിച്ച ഫയലുകളിൽ ഒന്നും തന്നെ കവർപേജ് കാണാൻ സാധിച്ചില്ല.

**2. ചെക്ക് ലിസ്റ്റ്**

ഒരു പ്രവർത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ ഏതു പേജു മുതൽ സൂക്ഷിച്ചിരിക്കുന്നു ഇന്ന് മനസ്സിലാക്കാനുള്ള ഒരു ആധികാരിക രേഖയാണ് ചെക്ക് ലിസ്റ്റ്.

പരിശോധിച്ച 4 ഫയലുകളിലും ചെക്ലിസ്റ് കാണാൻ സാധിച്ചില്ല.

**3. ആക്ഷൻ പ്ലാൻ**

ഏറ്റെടുത്ത പ്രവർത്തികൾ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതും ഷെൽഫ് ഓഫ് പ്രോജക്ടിൽ മുൻഗണനാക്രമം പാലിക്കുന്നതും ആണെന്ന് കാണിക്കുന്ന കോപ്പി ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

ലഭ്യമായ 4ഫയലുകളിലും ആക്ഷൻ പ്ലാൻ കാണാൻ സാധിച്ചില്ല.

**4. ഭരണാനുമതി**

പ്രവർത്തി ചെയ്യുന്നതിന് പഞ്ചായത്ത് നൽകുന്ന അനുമതിയാണ് ഭരണാനുമതി. ഈ രേഖ എല്ലാ ഫയലുകളിലും സൂക്ഷിക്കേണ്ടതാണ്.

DP/262104എന്നഫയലുകളിൽ മാത്രമാണ് ഭരണാനുമതി ഉണ്ടായിരുന്നത്. ഫയലിൽ സൂക്ഷിച്ചിരുന്ന ഭരണാനുമതി സെക്യൂറിൽ നിന്നും ലഭ്യമായ കോപ്പി ആയിരുന്നു. സെക്യൂറിൽ ലഭ്യമായ കോപ്പി ആണെങ്കിൽ പോലും പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ്, സീൽ, തീയതി എന്നിവ നിർബന്ധമാണ്.

എന്നാൽഫയലിൽ സൂക്ഷിച്ചിരുന്ന  ഭരണാനുമതിയിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ് മാത്രമാണ് കാണാൻ സാധിച്ചത്. ഗ്രാമസഭ തീരുമാനത്തിൻറെ കോപ്പിയും കാണാൻ സാധിച്ചില്ല.

**5. <u>സാങ്കേതിക അനുമതി</u>**

ഒരു പ്രവർത്തിക്ക് സാങ്കേതിക വിദഗ്ദരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതികാനുമതി.

DP/262104എന്ന ഫയലുകളിൽ മാത്രമാണ് സാങ്കേതിക അനുമതി ഉണ്ടായിരുന്നത്. ഉണ്ടായിരുന്ന സാങ്കേതിക അനുമതിയിൽ  സാങ്കേതിക വിദഗ്ദനെ ഒപ്പ് മാത്രമായിരുന്നു ഉണ്ടായിരുന്നത്. പേരോ സിലോ ഉണ്ടായിരുന്നില്ല. സെക്യൂറിൽ നിന്ന് ലഭിച്ച കോപ്പി ആയിരുന്നു ഫയലിൽ ഉണ്ടായിരുന്നത്.

**6. <u>ഡീറ്റെയിൽസ് എസ്റ്റിമേറ്റ്</u>**

ഒരു പ്രവർത്തി എങ്ങനെ ഏത് അളവിൽ ചെയ്യണമെന്ന് പ്രതിപാദിക്കുന്ന സാങ്കേതികമായ രേഖയാണ് എസ്റ്റിമേറ്റ്.

ഫയൽ പരിശോധനയിൽ കാണാൻ കഴിഞ്ഞത്DP/262104, LD/318878 എന്നീ ഫയലുകളിൽ മാത്രമാണ് ഡീറ്റെയിൽസ് എസ്റ്റിമേറ്റ്ഉണ്ടായിരുന്നത്.

സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ ജനകീയ ഭാഷയിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ആയിരുന്നില്ല ഫയലിൽ ഉണ്ടായിരുന്നത്.

**7. <u>ഡ്രോയിങ്& ഡിസൈൻ</u>**

പരിശോധിച്ചഒരു പ്രവൃത്തിയിലും ഡ്രോയിങ്& ഡിസൈൻ കാണാൻ സാധിച്ചില്ല.

**8. <u>ഡിമാൻഡ് ഫോം</u>**

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ട് നൽകുന്ന അപേക്ഷയാണ് ഡിമാൻഡ് ഫോം. തൊഴിൽ ആവശ്യപ്പെട്ടവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയോ എന്ന് അറിയുവാൻ സഹായിക്കുന്ന രേഖ കൂടിയാണ് ഡിമാൻഡ് ഫോം.

എന്നാൽ 4 പ്രവർത്തികളിലും ഡിമാൻഡ് ഫോം കാണാൻ സാധിച്ചില്ല.

**9. <u>അലോക്കേഷൻ ഫോം</u>**

പ്രവർത്തി അനുവദിച്ചുകൊണ്ട് പഞ്ചായത്ത് ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് വർക്ക് അലോക്കേഷൻ ഫോം.

പരിശോധിച്ച ഫയലുകളിൽ ഒന്നും ഈ രേഖ കാണാൻ സാധിച്ചില്ല.

**10. ഇ മസ്റ്റർറോൾ**

തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്താനുള്ള രേഖയാണ്മസ്റ്റർറോൾ.

4പ്രവർത്തികളിൽ ആയി ആകെ 129മസ്റ്റർറോളുകളായിരുന്നു ഉണ്ടായിരുന്നത്. മസ്റ്റർറോളുകളിൽ ബീ. ഡി. ഒ., സെക്രട്ടറി എന്നിവർ തീയതി വച്ച് ഒപ്പ്, സീൽ എന്നിവ പതിപ്പിക്കേണ്ടതാണ്. പരിശോധിച്ച മസ്റ്റർറോളുകളിൽ എല്ലാം ഒപ്പും സീലും കാണാൻ കഴിഞ്ഞു. എന്നാൽ തീയതി ഉണ്ടായിരുന്നില്ല.

**11. ഇ മസ്റ്റർറോൾ മൂവ്മെന്റ് സ്ലിപ്**

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തെയും മസ്റ്റർ റോൾ അനുവദിച്ച് തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഘട്ടങ്ങൾ ഏതൊക്കെ തീയതികളിൽ നടന്നു എന്ന് മനസ്സിലാക്കാനാണ് മസ്റ്റർ മൂവ്മെൻറ് സ്ലിപ്പ്.

പരിശോധിച്ച ഫയലുകളിൽ ഒന്നും തന്നെ മസ്റ്റർറോൾ മൂവ്മെൻറ് സ്ലിപ്പ് ഉണ്ടായിരുന്നില്ല. എന്നാൽ ഇതിനോട് സമാനമായ ടാഗിംഗ് ഫോറം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

**12. വേജ് ലിസ്റ്റ്**

മസ്റ്റർറോളിന് അനുപാതികമായി തൊഴിലാളിക്ക് വേതനം ലഭിച്ചു എന്ന് തെളിയിക്കുന്ന ആധികാരിക രേഖയാണ് വേജ് ലിസ്റ്റ്.

പരിശോധിച്ച എല്ലാ ഫയലുകളിലും വേജ് ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടായിരുന്നു.

**13. എഫ്. ടി. ഒ.**

മസ്റ്റർറോളും വേജ് ലിസ്റ്റും അനുസരിച്ച് തൊഴിലാളികൾക്ക് വേദനം കൈമാറിയിട്ടുണ്ട് എന്ന് തെളിയിക്കുന്ന രേഖയാണ് എഫ്. ടി. ഒ.

പരിശോധിച്ച ഫയലുകളിൽ എല്ലാം എഫ്. ടി. ഒ. കാണാൻ കഴിഞ്ഞു.

**14. എം. ബുക്ക്**

ഒരു പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം കൃത്യമായ അളവിൽ ആണ് ചെയ്യേണ്ടതെന്നും ചെയ്തിരിക്കുന്നത് ഇപ്രകാരം തന്നെയാണ് എന്ന് മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് മെഷർമെൻറ് ബുക്ക്.

എല്ലാം ഫയലുകളിലും മെഷർമെൻറ് ബുക്ക് കാണുവാൻ സാധിച്ചു.

എന്നാൽ യഥാർത്ഥ ചിലവ്, എസ്റ്റിമേറ്റ് എന്നിവ തമ്മിലുള്ള വ്യത്യാസം രേഖപ്പെടുത്തിയിരുന്നില്ല.

സെക്രട്ടറിയുടെ ഒപ്പും സീലും ഉണ്ടായിരുന്നില്ല.

സാങ്കേതിക വിദഗ്ദൻ ഒപ്പ്, സീൽ, തീയതി എന്നിവ വച്ച് സർട്ടിഫൈ ചെയ്തിട്ടില്ലായിരുന്നു.

**15. മെറ്റീരിയൽ ബില്ല് ആൻഡ് വൗച്ചർ**

ആവശ്യമായ പ്രവർത്തികൾക്ക് സാധനസാമഗ്രികൾവിതരണം ചെയ്തതിന് ബില്ലും

വൗച്ചറുകളും ഫയലുകളിൽ സൂക്ഷിക്കേണ്ടതാണ്.

പ്രസ്തുത ഫയലുകൾക്ക് ബാധകമല്ല.

**16. മെറ്റീരിയൽ പ്രൊക്യൂർമെൻറ് സ്റ്റേറ്റ്മെന്റ്**

ഒരു പ്രവർത്തിക്കു സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ്മെറ്റീരിയൽ പ്രൊക്യൂർമെൻറ് സ്റ്റേറ്റ്മെന്റ്.

പ്രസ്തുത ഫയലുകൾക്ക് ബാധകമല്ല.

**17. റോയൽറ്റി പേമെന്റ് റെസിപ്റ്**

ബന്ധപ്പെട്ട ഫയലിൽ കാണാൻ കഴിഞ്ഞില്ല.

**18. ത്രീ സ്റ്റേജ് ഫോട്ടാഗ്രാഫ്സ്**

തൊഴിലുറപ്പ് പ്രവർത്തി ആരംഭിക്കുന്നതിനു മുമ്പും, നടക്കുമ്പോഴും, പൂർത്തീകരിച്ചതിനു ശേഷവുമുള്ള 3 ഘട്ട ഫോട്ടോ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

ബന്ധപ്പെട്ട ഫയലിൽ കാണാൻ കഴിഞ്ഞില്ല

**19. ജി. ഇ. ഒ. ടാഗ് ഫോട്ടോ**

പ്രവർത്തി സ്ഥലങ്ങളുടെ അക്ഷാംശ രേഖാംശം എന്നിവ രേഖപ്പെടുത്തി കൊണ്ടുള്ള ഫോട്ടോ ഓരോ പ്രവർത്തിക്കും ആവശ്യമാണ്.

ഒരു വർക്ക് ഫയലിലും സൂക്ഷിച്ചിട്ടുണ്ടായിരുന്നില്ല.

**20. പ്രവർത്തിപൂർത്തീകരണസാക്ഷ്യപത്രം**

പ്രവർത്തി പൂർത്തീകരിച്ചു എന്നതിൻറെ രേഖയാണ് പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം.

എന്നാൽ ആറ് ഫയലുകളിലും പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം കാണാൻ കഴിഞ്ഞില്ല.

**21. സോഷ്യൽഓഡിറ്റ്റിപ്പോർട്ട്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള സോഷ്യൽ ഓഡിറ്റ് പള്ളിക്കൽ പഞ്ചായത്തിൽ ഇപ്പോൾ മുതലാണ് ആരംഭിച്ചത്.

**22. സൈറ്റ്ഡയറി**

മാസ്റ്റർ സർക്കുലർ പ്രകാരമുള്ള 22 രേഖകളിൽ സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന സുപ്രധാന രേഖയാണ് സൈറ്റ് ഡയറി.

പദ്ധതിയുടെ സുതാര്യത, സാമൂഹ്യപങ്കാളിത്തം, പദ്ധതി ആരംഭ മീറ്റിംഗ്,തൊഴിലിടങ്ങളിലെ അപകടങ്ങൾ, വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട്, സന്ദർശന കുറിപ്പുകൾ, തുടങ്ങിയവ രേഖപ്പെടുത്തുന്നതിന് വേണ്ടിയുള്ള ആധികാരിക രേഖ കൂടിയാണ് സൈറ്റ് ഡയറി.

പരിശോധിച്ച ഫയലുകളിൽ ഒന്നും സൈറ്റ് ഡയറി പൂർത്തീകരിച്ചിട്ടുണ്ടായിരുന്നില്ല. വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടും ചേർത്തിട്ടുണ്ടായിരുന്നില്ല.

## <u>പ്രവൃത്തിസ്ഥലപരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ</u>

ഫയൽ വെരിഫിക്കേഷൻ പൂർത്തീകരിച്ച വർക്കുകളിൽ പല പ്രവർത്തികളും ഏതെല്ലാം ഭാഗത്താണ് ചെയ്തിരിക്കുന്നത് എന്നത് സംബന്ധിച്ചുള്ള രേഖകൾ പലതും വർക്ക് ഫയലിൽ പൂർണമല്ലായിരുന്നു.പ്രവൃത്തി പൂർത്തീകരിച്ച് ഒരു വർഷത്തിലേറെ കഴിഞ്ഞതിനു ശേഷം നടത്തുന്ന സോഷ്യൽ ഓഡിറ്റ് ആയതിനാൽതന്നെ പ്രവർത്തികൾ പലതും നശിച്ചു പോയിരുന്നു.ഇനിമുതൽ 6 മാസ കാലയളവിൽ കൃത്യമായി സോഷ്യൽ ഓഡിറ്റ് നടക്കും എന്നതിനാൽ തന്നെ പ്രവർത്തികളുടെയെല്ലാം വിശദമായ ഒരു പരിശോധന സാധ്യമാകും.

**DP/262102 തരിശ്ശ് നിലം പാട്ടകൃഷി പള്ളിക്കൽ പ്രദേശം**എന്ന വർക്കുമായി ബന്ധപ്പെട്ട് നടത്തിയ ഫീൽഡ് സന്ദർശനത്തിൽജനാർദ്ദനൻ പിള്ള അഭിലാഷ് മന്ദിരം സുനിൽകുമാർ തൊട്ടത്തുവിള വീട് എന്നീ ഗുണഭോക്താക്കളുടെ സ്ഥലം സന്ദർശിച്ചതിൽ മനസ്സിലാക്കാൻ പറ്റിയ കാര്യം, വയൽ കൃഷിയാണ് നടത്തിയത്. വയലിൽ കാട്ടുചെത്തി പണ കോരി മരച്ചീനി നടാൻ തടമെടുത്തു. എന്നാൽ ഇപ്പോൾ മരച്ചീനിയുടെ വിളവെടുപ്പ് കഴിഞ്ഞു. 10 തെങ്ങിന് തടം എടുക്കുകയും ചെയ്തു.

സുനിൽകുമാർ ദിവ്യ വിലാസം എന്ന ഗുണഭോക്താവിന് വയൽ കൃഷിയാണ് ചെയ്തിരുന്നത് വായിൽ അന്ന് കാട്ടുചെത്തി കിളച്ച് പണ കോരി വാഴ തടം എടുത്തു കൊടുക്കുകയും ചെയ്തു. പക്ഷേ ഇപ്പോൾ വിളവെടുപ്പ് കഴിഞ്ഞ് വയലിന്റെ പണയിൽ ചെറിയ രീതിയിൽ പുല്ലു പിടിച്ചിരിക്കുന്ന അവസ്ഥയിലാണ്. 5 തെങ്ങിന് തടം എടുക്കുകയും ചെയ്തു.

സുമാങ്ങി എന്ന ഗുണഭോക്താവിന്റെ സ്ഥലം പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞത് കൃഷി നടത്തിയ സ്ഥലത്ത് ഇപ്പോൾ വിളവെടുപ്പിനുശേഷം. വീടുവയ്ക്കാൻ ഫൗണ്ടേഷന് വേണ്ടി കുഴി എടുത്തിരിക്കുകയാണ്.

ഗോപാലകൃഷ്ണപിള്ളയുടെ കൃഷിസ്ഥലത്ത് അന്ന് പണി ചെയ്ത സമയത്ത് കാടുപിടിച്ചു കിടക്കുന്ന ഭൂമി കാട് വെട്ടി, ചെത്തി വൃത്തിയാക്കി,പുരയിടം കിളച്ചു മരച്ചീനി കൃഷി ചെയ്തു കൊടുത്തു എന്നാണ് അറിയൻ സാധിച്ചത്. എന്നാൽ ഇപ്പോൾ ആ പുരയിടത്തിൽ റബ്ബർ നട്ടിരിക്കുകയാണ് വീണ്ടും വലിയ രീതിയിൽ കാടുപിടിച്ച അവസ്ഥയിലാണ്.കൃഷി നടത്തിയ സമയത്ത് പന്നി ശല്യം കാരണം വിളവെടുക്കാൻ സാധിച്ചില്ല.

ശ്രീകണ്ഠൻ പിള്ള എന്ന ഗുണഭോക്താവിന്റെ വസ്തുവിൽ അതിര് നിർമ്മിച്ചിരിക്കുന്നതാണ് കാണാൻ കഴിഞ്ഞത്. മണ്ണ് കൊണ്ട് നിർമ്മിച്ച അതിനായിരുന്നു 2 അതിരുണ്ടായിരുന്നു ഒന്നിന്റെ നീളം 14 മീറ്ററും ഉയരം 1.5 മീറ്ററുമായിരുന്നു.

സുദർശനൻ കുന്നുംപുറത്ത് വീട് എന്ന ഗുണഭോക്താവിന്റെ കൃഷി സ്ഥലത്ത് വാഴ, മരച്ചീനി,8 മൂട് തെങ്ങിൻ തടം എന്നിവ കാണാൻ കഴിഞ്ഞു. പിന്നീട് അദ്ദേഹത്തിൻറെ തന്നെ 1 ഏക്കർ കൃഷിസ്ഥലത്ത് 25 അടയ്ക്ക, 11 മൂട് തെങ്ങിൻ

തടം എന്നിവ കാണാൻ കഴിഞ്ഞു. പിന്നീട് മൂന്നു മീറ്റർ നീളവും രണ്ടു മീറ്റർ വീതിയും 1.35 മീറ്റർ ആഴവുമുള്ള 5 മഴക്കുഴികൾ നിർമ്മിച്ചു 1.5 മീറ്റർ വീതി 1.5 മീറ്റർ നീളം 3 മീറ്റർ ആഴത്തിൽ ഒരു മഴക്കുഴി നിർമിച്ചു. ആകെ 6 മഴക്കുഴികൾ കാണാൻ സാധിച്ചു.

DP/ 26 21 0 4 തരിശുനിലം പാട്ടകൃഷി പള്ളിക്കൽ പ്രദേശംഎന്ന ഫയൽ പരിശോധനയിൽ 6 കരം തീർത്ത പ്രദേശങ്ങളിൽ ജോലി ചെയ്തതായി പരിശോധിക്കാൻ ഉണ്ടായിരുന്നു.

അർജുനൻ, ഗണപതി, ഗിരീഷ് ഭവൻ, രതി, രതി വിലാസം എന്ന ഗുണഭോക്താവിന്റെ പുരയിടത്തിൽ അതിരു കോരി. എന്നാൽ ഇപ്പോൾ കാടു പിടിച്ച അവസ്ഥയിൽ ആയതുകൊണ്ട് അളക്കാൻ കഴിഞ്ഞില്ല.പുരയിടം കിളച്ചു വൃത്തിയാക്കി.10 തെങ്ങിന് തടമെടുത്തു. 4 മഴക്കുഴികൾ കാണാൻ കഴിഞ്ഞു.

ഓമനഅമ്മാൾ, ദിനേഷ് എന്ന ഗുണഭോക്താക്കളുടെ പുരയിടത്തിൽ 3 മഴക്കുഴികൾ കാണാൻ കഴിഞ്ഞു. പുരയിടം കിളച്ച് വൃത്തിയാക്കി അതിര് കോരി. കാട് പിടിച്ചു കിടക്കുന്നതും ഇടിഞ്ഞു വീഴാറായതുമായ അതിരായതിനാൽഅളക്കാൻ കഴിഞ്ഞില്ല.

ഓമന, തുളസി എന്ന ഗുണഭോക്താക്കളുടെ പുരയിടത്തിൽ പുരയിടം കാട് ചെത്തി കിളച്ച് മരച്ചീനി നാട്ടു . 3 തെങ്ങിന് തടം എടുത്തു. എന്ന പ്രവൃത്തികൾ കാണാൻ കഴിഞ്ഞു.

ബൈജു എന്ന ആളുടെ നിലത്തിൽ മരച്ചീനി ചേന ചേമ്പ് എന്നീ കൃഷികൾ കൃഷി ചെയ്തതായി കാണാൻ സാധിച്ചു.

അൻസാരി, നുറ്കണ്ണ്, മുളമ്പള്ളി ഹൗസ് എന്ന വ്യക്തിയുടെ വസ്തുവിൽ വാഴ ചേമ്പ് മരച്ചീനി എന്നിവ പണ കോരി നട്ടു.

സുഗതൻ, ജിഷ ഭവൻ എന്ന ആളുടെ നിലത്തിൽ മഞ്ഞൾ, ഇഞ്ചി എന്നിവ നടത്തി കാണാൻ. കഴിഞ്ഞു ഇരുപത്തിമൂന്ന് വാഴ കണ്ടു. ചേമ്പ്, ചോളം എന്നിവ ഇപ്പോൾ കൃഷി ചെയ്തതായി കണ്ടു

എൽ ഡി ബാർ 31 88 78നീർത്തട ഭൂവികസനം പള്ളിക്കൽ പ്രദേശം ഒന്നാംഘട്ടം

എന്ന ഫയൽ പരിശോധനയിൽ 9 കരം തീർത്ത പ്രദേശങ്ങളിൽ ജോലി ചെയ്തതായി പരിശോധിക്കാൻ ഉണ്ടായിരുന്നു

1.വത്സല, ചേങ്കോട്ട ചരുവിള വീട്

2.ഗോമതി അമ്മ, പുത്തൻ വിള വീട്

3. റസൽ, റീന മനസ്സിൽ, പള്ളിക്കൽ

4.ബാബു ചന്ദ്രൻ, പനപ്പള്ളി വീട്

5.കെ ബി സുധ, പനപ്പള്ളി വീട്

6.ഷംസുദ്ദീൻ, താഴെവിള വീട്

7.സോഫിദ ബീവി

8.ശിവപ്രസാദ്, സുമി ഭവൻ, കരിക്കകത്ത് മൂല

9.താജുനിസ, യെ കെ എം മൻസിൽ

എന്നീ ഗുണഭോക്താക്കളുടെ പുരയിടത്തിൽ പ്രധാനമായും മരച്ചീനികൃഷി ആണ് കാണാൻ കഴിഞ്ഞത് പലസ്ഥലങ്ങളിലും വിളവെടുപ്പ് കഴിഞ്ഞിരുന്നു ചില സ്ഥലങ്ങളിൽ കഴിഞ്ഞ മഴക്കാലത്ത് വെള്ളപ്പൊക്കം ബാധിച്ചിരുന്നു പാമ്പിൻറെ ശല്യവും തൊഴിലാളികൾ അനുഭവിച്ചിരുന്നു

എൽ ഡി 31 88 80 നീർത്തട ഭൂവികസനം പള്ളിക്കൽ പ്രദേശം ഫയൽ പരിശോധനയുമായി കരം തീർത്ത രസീത് ഫയലിൽ ഉണ്ടായിരുന്നില്ല ലഭ്യമായ കരം തെരുവുകളുടെ അടിസ്ഥാനത്തിലുള്ള ഫീൽഡ് വേരിഫിക്കേഷൻ റിപ്പോർട്ടാണിത്

അഷ്റഫ്, എ കെ മൻസിൽ, അൻസാരി, മുളംമ്പള്ളി ചരുവിള വീട്, ഹുമയൂൺ, കൊച്ചുവിള വീട് എന്നിവരുടെ പുരയിടങ്ങളിൽ ആയി മരച്ചീനി വാഴ തുടങ്ങിയ കൃഷി ചെയ്തിരിക്കുന്നതായി കണ്ടു.

## തൊഴിലാളികളുമായുള്ള കൂടിക്കാഴ്ചയിൽ നിന്ന് വ്യക്തമായത്.

ജയചിത്ര 10/282

സുധ 10/47

ദീപ 10/177

ഗോപാലൻ 10/12

ഈ സാമ്പത്തിക വർഷം ആരംഭിച്ചു 8 മാസം കഴിഞ്ഞിട്ടും 34 ദിവസത്തെ തൊഴിൽ മാത്രമേ തൊഴിലാളികൾക്ക് ലഭിച്ചിട്ടുള്ളു.

തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസം കഴിഞ്ഞിട്ടും തൊഴിൽ കിട്ടിയില്ല എന്നുണ്ടെങ്കിൽ തൊഴിലില്ലായ്മ വേതനത്തിനുള്ള അപേക്ഷ കൊടുക്കാം എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണ ഇല്ലാത്തതിനാൽ ആരും അപേക്ഷ കൊടുത്തിട്ടില്ല.

34 ദിവസം പണി ചെയ്തതിൽ 6 ദിവസത്തെ കൂലി മാത്രമേ തൊഴിലാളികൾക്ക് ലഭിച്ചിട്ടുള്ളു. കൂലി വൈകുന്നതിനുള്ള നഷ്ടപരിഹാരത്തിന് ആരും രേഖാമൂലം അപേക്ഷ കൊടുക്കാത്തതിനാൽ അതും ലഭിച്ചിട്ടില്ല.

തൊഴിലിടങ്ങളിൽ തണലിനായി ടാർപോളിൻ സൗകര്യം മുൻപ് ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ലഭ്യമല്ല.

പ്രഥമ ശുശ്രൂഷയ്ക്ക് ആവശ്യമായ ഫസ്റ്റ് എയ്ഡ് ബോക്സ് മുൻകാലങ്ങളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമായിരുന്നു. ഇപ്പോൾ സാധനങ്ങൾ തീരുന്ന മുറയ്ക്ക് തൊഴിലാളികൾ സ്വയം പിരിവെടുത്താണ് വാങ്ങുന്നത്.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ എത്തുന്ന കൺവീനർക്ക് യാത്രാബത്ത ഒന്നും തന്നെ ലഭിച്ചിട്ടില്ല.തൊഴിലാളികളുടെ കയ്യിൽ നിന്ന് ചെറിയ തുകകൾ തിരിച്ചു കൂട്ടിയാണു കൺവീനർ യാത്രാക്കൂലി കണ്ടെത്തുന്നത്.

കഴിഞ്ഞവർഷം 100 പണി തികഞ്ഞവർക്ക് 1000 രൂപ ബോണസ് ലഭിച്ചിട്ടുണ്ട്.

സി ഐ ബോർഡ് എല്ലാ പ്രവർത്തി സ്ഥലത്തും സ്ഥാപിച്ചിട്ടുണ്ട് .

ഭൂവുടമകൾക്ക് തൊഴിൽ തൊഴിൽകാർഡുണ്ട്. വ്യക്തിഗത പ്രവർത്തികളിൽ ഭൂവുടമകളും പങ്കാളികൾ ആവാറുണ്ട്.

പദ്ധതി ആരംഭ മീറ്റിംഗ് നടക്കാറുണ്ട്. മീറ്റിങ്ങിൽ ബന്ധപ്പെട്ട അധികാരികൾ പങ്കെടുക്കാറുണ്ട്.

മുൻഗണന പ്രകാരമാണ് ഭൂവുടമകളുടെ സ്ഥലങ്ങളിൽ പ്രവർത്തി നടത്താറുള്ളത്.

എസ്റ്റിമേറ്റ് കോപ്പി വിവരങ്ങൾ ഓവർസിയർ വിശദീകരിക്കുന്നുണ്ട്. തൊഴിൽ അനുവദിച്ചുകൊണ്ടുള്ള അറിയിപ്പും ലഭിക്കാറുണ്ട്.

## ഗ്രാമ സഭയിൽ നടന്ന ചർച്ചകളും നിർദ്ദേശങ്ങളും

1. തൊഴിലിടത്തെ സൗകര്യങ്ങളായ ടാർപോളിൻ ഷീറ്റ്,ഫസ്റ്റ്എയ്ഡ് ബോക്സ് എന്നിവ ലഭ്യമല്ല .

2.സി ഐ ബി യുടെ ചിലവ് തൊഴിലാളികൾ വഹിക്കുന്നു.

3.ജോലിചെയ്യാത്തവരുടെവീട്ടിൽപണിയായുധംസൂക്ഷിക്കുന്നു.

4.ജോലി ചെയ്ത കൂലി കിട്ടുന്നില്ല.

5.വ്യക്തിഗത ആനുകൂല്യംലഭിക്കുന്നില്ല.

## മറുപടിയും തീരുമാനങ്ങൾ

1. വർക്ക് സൈറ്റിൽ കുടിവെള്ളം ലഭ്യമാക്കേണ്ടത് കൺവീനർമാരുടെ ചുമതലയാണ്.അത് കൃത്യമായി നിർവഹിക്കേണ്ടതാണ്.

2.വർക്ക് തുടങ്ങിയ സമയത്തു ടാർപ്പോളിങ് എല്ലാം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ചിലത് നശിച്ചുപോയി.

3. കോൺക്രീറ്റ് ബോർഡ് സ്ഥാപിക്കാൻ വേണ്ടി 2000 രൂപ,മറ്റു ബോർഡിനു 800രൂപയും മാണ്. പഞ്ചായത്തിൽ അതിന്റെ ബില്ല് തന്നാൽ മതി.

4.വ്യക്തിഗത ആനുക്കുല്യത്തിനുള്ള പ്രവർത്തനം ആരംഭിച്ചു തുടങ്ങി.

5.കേന്ദ്ര സർക്കാരിൻറെ ഫണ്ട് വൈകുന്നതു മൂലം ആണ് കൂലി ലഭിക്കാത്തത്. മസ്റ്റർറോൾ പെയ്മെൻറ് അയയ്ക്കുന്ന അഞ്ചുദിവസത്തെ നടപടിക്രമങ്ങൾ ഓടുകൂടി പഞ്ചായത്തിൻറെ നടപടികൾ അവസാനിച്ചു. പണം എസ് ബി ഐ വഴി തൊഴിലാളികളുടെ അക്കൗണ്ടിൽ നേരിട്ടാണ് വരുന്നത്. അത് പഞ്ചായത്തുമായി ബന്ധമുള്ള കാര്യമല്ല.

## ഗ്രാമസഭ നിർദ്ദേശങ്ങളും തീരുമാനങ്ങളും

- ✓ വർക്സൈറ്റിൽകുടിവെള്ളംലഭ്യമാക്കേണ്ടത്കൺവീനർമാരുടെചുമതലയാണ്. അത്ഇനിമുതൽ കൃത്യമായി നിർവഹിക്കും.
- ✓ ഫ്രണ്ട്ഓഫീസ്മുഖാന്തരം ഇനിമുതൽ തൊഴിലാളികൾ കൃത്യമായി തൊഴിൽ ഡിമാൻഡ് ചെയ്യണം.
- ✓ ഡിമാൻഡ്ചെയ്യുന്നമുറയ്ക്ക് ഇനിമുതൽ തൊഴിൽ ലഭിക്കുന്നതാണ്.
- ✓ തോടുകളിലുംഅണുബാധഉണ്ടാകാൻസാധ്യതയുള്ളമറ്റിടങ്ങളിലുംപണിചെയ്യേണ്ടിവരികയാണെങ്കിൽതീർച്ചയായും പ്രതിരോധമരുന്ന് കഴിക്കേണ്ടതാണ്.
- ✓ തൊഴിലാളികളുടെകടമകൾഎല്ലാവരുംകൃത്യമായിനിർവഹിക്കേണ്ടതാണ്.

- ✓ ജോലിസ്ഥലത്തുസമയക്രമംപാലിക്കുക

വിശദമായ ചർച്ചയ്ക്കും തീരുമാനത്തിനും ശേഷം ഗ്രാമസഭ റിപ്പോർട്ട് എല്ലാവരും കൈയടിച്ചു പാസാക്കി.

---

# വാർഡ് 11 ചെമ്മരം

വാർഡ്തലത്തില് ആകെ തൊഴിൽ കാർഡ്=279

സജീവ തൊഴിലാളികൾ=149

100 തൊഴിൽ ദിനങ്ങൾ ലഭിച്ച തൊഴിലാളികൾ=139

**<u>ഓഡിറ്റ് നു വിധേയമാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ്</u>**

**<u>1.പ്രവർത്തിയുടെപേര്:തരിശുനിലംപാട്ടകൃഷിപൈവവേലി</u>**

വർക്ക്കോഡ്:DP/262109

എസ്റ്റിമേറ്റ്തുക:322644

പ്രവർത്തിആരംഭിച്ചതു :4-09-2018

പ്രവർത്തിഅവസാനിച്ചതു :17-10-2018

ആകെപ്രവർത്തിദിനം:1169

**2.പ്രവർത്തിയുടെപേര്:പാട്ടകൃഷിപനംപള്ളിപ്രദേശം**

പ്രവർത്തിയുടെകോഡ് :DP/26111

എസ്റ്റിമേറ്റ്തുക:39500

പ്രവർത്തിആരംഭിച്ചതിയതി :10-12-20

ചിലവാക്കിതുക:375360

ആകെപ്രവർത്തിദിനം:1360

**3.പ്രവർത്തിയുടെപേര്:തരിശ്ലിലംപാട്ടകൃഷിചെമ്മരംപ്രദേശം**

പ്രവർത്തിയടെകോഡ്:Dp/262107:

പ്രവർത്തിആരംഭിച്ചതുതിയതി:4-9-2018

പ്രവർത്തിഅവസാനിച്ചതിയതി :11-10-2018

ചിലവായതുക:313260

എസ്റ്റിമേറ്റ്തുക:395000

ആകെപ്രവർത്തിദിനം:1135

**4.പ്രവർത്തിയുടെപേര്:
നീർത്തടംഭൂവികസനംവികസനംചെമ്മരംപ്രദേശംഘട്ടം2**

പ്രവർത്തിയുടെകോഡ്:Ld/318885

പ്രവർത്തിആരംഭിച്ചതിയതി:21-12-2018

പ്രവർത്തിഅവസാനിച്ചതിയതി:28-2-2019

ചിലവാക്കിതുക :150972

എസ്റ്റിമേറ്റ്തുക:500000

ആകെപ്രവർത്തിദിവസം:547

**5.പ്രവർത്തിയുടെപേര്:നീർതടഭൂവികസനം ചെമ്മരം 1ആംഘട്ടം**

പ്രവർത്തിയുടെകോഡ്:Ld/318883

പ്രവർത്തിആരംഭിച്ചുതിയതി:22-12-2018

പ്രവർത്തിഅവസാനിച്ചതിയതി:5-3-2019

ചിലവാക്കിതുക:273516

എസ്റ്റിമേറ്റ്തുക:500000

ആകെപ്രവർത്തിദിനം:990

**6.പ്രവർത്തിയുടെപേര്:നീർതടഭൂവികസനം ചെമ്മരം 2ആംഘട്ടം**

കോഡ്:dp/318886

പ്രവർത്തിആരംഭിച്ചതിയതി :5-11-2018

പ്രവർത്തിഅവസാനിച്ചതിയതി:29-1-/19

ചിലവായതുക:241224

എസ്റ്റിമേറ്റ്എമൗണ്ട്:500000

**7.പ്രവർത്തിയുടെപേര്: നീർത്തടഭൂവികസന0 ചെന്നരംപ്രദേശംഘട്ടം4**

പ്രവർത്തികോഡ്:dp/318887

പ്രവർത്തിആരംഭിച്ചതിയതി :22-10-2018

പ്രവർത്തിഅവസാനിച്ചതിയതി:07-02-2019

ചിലവാക്കിതുക :430560

എസ്റ്റിമേറ്റ്എമൗണ്ട്:500000

**8.പ്രവർത്തിയുടെപേര്:നീർത്തടഭൂവികസനംചെമ്മരം 5 ഘട്ടം**

പ്രവർത്തിയുടെകോഡ്:Ld/318888

പ്രവർത്തിആരംഭിച്ചതിയതി:26-10-2018

പ്രവർത്തിഅവസാനിച്ചതിയതി:19-03-2019

ചിലവാക്കയതുക :372600

എസ്റ്റിമേറ്റ്എമൗണ്ട് :500000

**9. പ്രവർത്തിയുടെപേര്:നീർത്തടഭൂവികസനം 6 ഘട്ടം**

പ്രവർത്തിയുടെകോഡ്:Ld/318889

പ്രവർത്തിആരംഭിച്ചുതിയതി :26-10-2018

വർക്ക്അവസാനിച്ചതുതിയതി:29-01-2019

എസ്റ്റിമേറ്റ്റേറ്റ്:500000

ആകെപ്രവർത്തിദിവസം:1029

ചിലവാക്കിയതുക:284004

**10. തരിശുനിലംപാട്ടക്കൃഷികുപ്പോടുപ്രേദേശം**

പ്രവർത്തികോഡ്:Dp/26210

എസ്റ്റിമേറ്റ്എമൗണ്ട് :395000

പ്രവർത്തിആരംഭിച്ചതിയതി:1/10/2018

പ്രവർത്തിഅവസാനിച്ചതിയതി:10/12/2018

ചിലവായതുക :380880

ആകെപ്രവർത്തിദിവസം:1380

**11.ലൈഫ്ഭവനനിർമ്മാണം**

പ്രവർത്തിയുടെകോഡ്:IF/362973

സുശീലഭായ് (011/15)

തൊഴിൽദിനം :42

മസ്ട്രോൾപ്രകാരംഅനുവദിച്ചതുക 11522 രൂപ

സുധ (11/52) IF/361991

തൊഴിൽദിനങ്ങൾ51

**പ്രവൃത്തിസ്ഥലപരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ**

**തരിശുനിലപാട്ടകൃഷിപൈവേലിപ്രദേശം**

ജയകുമാരിയുടെ പുരയിടത്തിൽ കാട്ചെത്തി വൃത്തിയാക്കി മണ്ണ്അതിര് 80m കിളയ്ക്കൽ 65cent പണപിടിപ്പിക്കൽ 30cent. കൂടാതെ10 തെങ്ങിന്തടം എടുത്തിരുന്നു. ജയശ്രീ, മുരളീധരൻ പുരയിടത്തിൽ കാടുചെത്തി വൃത്തിയാക്കിയത് 20cent, കിളച്ചുപണപിടിപ്പിക്കൽ 50cent മണ്ണ്അതിര് 120m നീളത്തിലുള്ള ഒരു അതിരകോരിയതായി കണ്ടു. 22 തെങ്ങ്തടം കണ്ടു. ചന്ദ്രശേഖരൻപിള്ള കാട്ചെത്തി വൃത്തിയാക്കി കിളയിൽ. 25 cent മണ്ണ്അതിരു 30m ഉണ്ടായിരുന്നു. പണപിടിപ്പിച്ചു 10cent. തെങ്ങ്തടം 8എണ്ണം കണ്ടു. സരസ്വതഅമ്മ്യുടെ പുരയിടത്തിൽ കാട്ചെത്തി 40cent. കല്ലതിരു 50m ഉള്ളത് ആയികണ്ടു. മണ്ണ്അതിരു 20m. തൈനട്ടതായി കണ്ടു 50 എണ്ണം.

**തരിശുനിലംപാട്ടകൃഷിപനമ്പള്ളിപ്രദേശം**

അനര്ഘബാബു, ചന്ദ്രബാബു ബാബുമന്ദിരം ഇവിടെ കാടു വെട്ടികിളച്ചു വൃത്തിയാക്കി തട്ടായി തിരിച്ചു. ചേനചേമ്പ്, വാഴ, മരിചീനി എന്നിവ കൃഷിചെയ്തു. 135 m, 236m, 291 m എന്നിങ്ങനെ മൂന്നു മണ്ണ്അതിരുകള് നിര്മ്മിച്ചിരുന്നു .കൂടാതെ 6 മഴകുഴികളും. ഗോപാലകൃഷ്ണന് പുത്തന്വീട് എന്നവീട്ടില് കാടുവെട്ടിതെളിച്ചു ചേന, ചേബ് എന്നിവ കൃഷിചെയ്തു. ആശയുടെ വീട്ടില് 3 മഴകുഴികളും, നശിച്ച നിലയിലുള്ള മണ്ണ് അതിര്കാണാന് സാധിച്ചു, ഷൈലജ അനീഷ്ഭവനില് 21 തെങ്ങിന്തടമെടുത്തതയും 5 മഴകുഴികള് ഉള്ളതായും കാണാന് കഴിഞ്ഞു.

**തരിശ്ശിലംപാട്ടകൃഷിചെമ്മരംപ്രദേശം**

ഗോപിനാഥന് കുന്നുവിളവീട്ടില് 3 തെങ്ങിന്തടം എടുത്തതായും കേശവന്പിള്ള അജിതവിലാസം എന്ന ആളുടെ പുരയിടത്തില് 17 തെങ്ങിന്തടം എടുത്തതായും കിളച്ചു പണപിടിച്ചതായും കാണാന്പറ്റി, രവീന്ദ്രന്പിള്ള സിന്ധുഭവനില് 10.7m നീളത്തില് മണ്ണ് അതിര്ഉണ്ടായിരുന്നു.

**നീര്ത്തടംഭൂവികസനംവികസനംചെമ്മരംപ്രദേശം 2ആംഘട്ടം**

സാദാശിവന്പിള്ള, ശരണ്യഭവന് കാട്ചെത്തി വൃത്തിയാക്കി, അജയകുമാരി, രഞ്ജിനി AR ഭവനില് പണകിളച്ചു വൃത്തിയാക്കി, ഉണ്ണിതങ്കംശ്രീഭവന് 10 തെങ്ങിന്തടമെടുത്തു, മഞ്ജു രഞ്ജിത വിലാസത്തിനു മരിച്ചിനീകൃഷിചെയ്തു

**നീര്തടഭൂവികസനം ചെമ്മരം 1ആംഘട്ടം**

ഷീല കുഴിവിളവീട്ടുരയിടം കിളച്ചു വൃത്തിയാക്കി, 26തെങ്ങിന്തടംഎടുത്തു, പണ കോരി ചേന, ചേമ്പ കൃഷിചെയ്തു, കൃഷ്ണനുണ്ണി അറപ്പുരവീട്ടില് ചേന, മരിച്ചിനീ എന്നിവ കൃഷിചെയ്തു, തുളസിധാരന് പുരയിടം കിളച്ചു വൃത്തിയാക്കി വാഴമരീച്ചിനീ എന്നിവ കൃഷി ചെയ്തിരിക്കുന്നു

**നീര്തടഭൂവികസനം ചെമ്മരം 2ആംഘട്ടം**

നാണി ഉളവൂര് കൊണത്തിന്റെ പുരയിടത്തില് പണകിളച്ചു വൃത്തിയാക്കിയതയും 12 മഴകുഴികള് ഉള്ളതായും കാണാന്പറ്റി അവയില് ചിലത്നികന്നിരുന്നു. ഒപ്പം 64 m നീളം ഉള്ളമണ്ണ് അതിര്കാണാന് സാധിച്ചു, ചന്ദ്രലേഖ നിഷഭവന് 4m നീളം ഉള്ളമണ്ണ്അതിര് 14
തെങ്ങിന്തടം എടുത്തതായും കാണാന്പറ്റി

**നീര്ത്തടഭൂവികസന0 ചെന്നരംപ്രദേശംഘട്ടം4**

ബാര്ഹാനദീന് വാതുവിളകം പണകോരി ഇഞ്ചി, മരിച്ചിനി എന്നിവകൃഷി ചെയ്തിരിക്കുന്നു ഒപ്പം 9 മഴകുഴികള് 20 തെങ്ങിന്തടം എടുത്തിരിക്കുന്നു, താജുന്നിസ സലീ ഷിന്ഹമന്സില് 2 മഴകുഴി, 6 തെങ്ങിന്തടം എടുത്തു. ഫസീലബീവി 6മഴകുഴി, 13 തെങ്ങിന്തടം എടുത്തു.

**നീര്ത്തടഭൂവികസനംചെമ്മരം 5 ഘട്ടം**

സജീന, ഇല്യസ്തെക്കുവിളവീട്ടുരയിടംകിളച്ചു, 19തെങ്ങിന്തടംഎടുത്ത്, സാദിയ 18തെങ്ങിന്തടംഎടുത്തു, മരിചീനിചേനഎന്നിവകൃഷിചെയ്തിരിക്കുന്നു, അബ്ദുല്ലത്തീഫ്മഴകുഴികള് 12 തെങ്ങിന്തടവുംഎടുത്തിക്കുന്നു, മണ്ണ്അതിര്മഴയില്ഒലിച്ചുപോയി

**നീര്ത്തടഭൂവികസനം 6 ഘട്ടം**

സരിതഗോപാലന്പിള്ള
8മഴകുഴികളുംമരിചീനിചേനചേന്പഎന്നിവകൃഷിചെയ്തിരിക്കുന്നു,
വത്സലഅനൂപ്മരിചീനിചേനഎന്നിവകൃഷിചെയ്തിരിക്കുന്നുഒപ്പം 5മഴകുഴിഅതില് 4 വാഴകള്കൃഷിചെയ്തിരിക്കുന്നു.

**തരിശുനിലംപാട്ടക്കൃഷികുപ്പോടുപ്രേദേശം**

മുരളീധരന് ശ്രീദേവിവിലാസം 20m, 65.3m, നീളത്തില് രണ്ടുമണ്ണ് അതിരുകള് നിര്മ്മിച്ചു, 2 തെങ്ങിന്തടവും എടുത്തു, രമണി മാങ്ങാട്ടുവിള കാടുചെത്തി

വൃത്തിയാക്കി, ചന്ദ്രശേകാരൻ തോട്ടത്തിൽ കാട്ചെത്തി വൃത്തിയാക്കി, വസന്ത നേതാജിഭവൻ 3 തെങ്ങിന്തടം എടുത്തയും 100m നീളത്തിൽ മണ്ണ് അതിരുകൾ നിർമ്മിച്ചതയും കാണാൻ കഴിഞ്ഞു.

**<u>പ്രവൃത്തി ഫയലിലെ 22 രേഖകൾ</u>**

എ.എം. സി പ്രകാരം ഒരു പ്രവൃത്തി ഫയലില് താഴെപറയുന്ന ഇരുപത്തിരണ്ടു രേഖകൾ നിർബ്ബന്ധമായും ഉണ്ടായിരിക്കേണ്ടാതാണ്.

**1.കവർപേജ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച 4 ഫയലുകളിൽഒന്നിൽ പോലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർ പേജ് കാണാൻ സാധിച്ചില്ല.

**2.ചെക്ക്‌ലിസ്റ്റ്**

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ്ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ചഫയലുകളിൽഒരു പ്രവർത്തിഫയലുകളിൽ ചെക്ക്‌ലിസ്റ്റ്കാണാൻ സാധിച്ചില്ല.

**3.ആക്ഷൻപ്ലാൻ**

ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയി ക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ കോപ്പിഗ്രാമസഭ നിർദ്ദേ. ശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രവർത്തി തന്നെയാണോ . നടപ്പിലാക്കിയത് എന്ന് മനസ്സിലാക്കുന്നതിനും ആക്ഷൻപ്ലാൻ കോപ്പി ഉപകരിക്കുന്നു.പരിശോധിച്ച ഫയലുകളിൽ AMC പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിൻറെ കോപ്പി ഇല്ലായിരുന്നു..

**4.എസ്റ്റിമേറ്റ്ഡിസൈൻആൻഡ്ഡ്രോയിങ്**

സാങ്കേതിക എസ്റ്റിമേറ്റ് പദ്ധതിയിൽ ഏറ്റെടുക്കുന്ന ഓരോ പ്രവർത്തിക്കും സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ അധികാര സ്ഥാനത്തിന്റെ അനുമതിയോടുകൂടിയ സാങ്കേതിക എസ്റ്റിമേറ്റ് ഉണ്ടായിരിക്കേണ്ടതാണ്.ഓരോ പ്രവർത്തിക്കും എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം, ഡിസൈൻ, പ്രവർത്തിയുടെ പ്രതീക്ഷിത നേട്ടങ്ങൾ വിശദീകരിക്കുന്ന സാങ്കേതിക കുറിപ്പ് തുടങ്ങിയവ ഉണ്ടായിരിക്കേണ്ടതും സെക്വർ സോഫ്റ്റ് വെയറിലൂടെ ഓൺലൈനായി അനുമതികൾലഭ്യമാക്കേണ്ടതുമാണ് .എല്ലാ ഫയലുകളിലും വിശദമായഎസ്റ്റിമേറ്റ് ഉണ്ടായിരുന്നു. എസ്റ്റിമേറ്റിൽ സാങ്കേതികവിദഗ്ദരുടെ ഒപ്പ് ഉണ്ടായിരുന്നു. എസ്റ്റിമേറ്റ്റിപ്പോർട്ട് പ്രോജക്ട് റിപ്പോർട്ട് ഇവ .. സൂക്ഷിച്ചിരുന്നു .ഒരുഫയലിലും,ജനകീയഎസ്റ്റിമേറ്റ്എന്നിവഉണ്ടായിരുന്നില്ല.

**5.ഭരണാനുമതി**

ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതി

പരിശോധിച്ച ഫയലുകളില് ഭരണാനുമതി യുടെ കോപ്പിസൂക്ഷിച്ചിരുന്നു.

**7.സംയോജിതപദ്ധതി(കൺവേർജൻസ്)**

ഓഡിറ്റ് നു വിധേയമാക്കിയ പ്രവർത്തികളിൽഇതുബാധകമല്ല.

**8.ഡിമാൻഡ്ഫോം**

ഡിമാൻഡ്ഫോം സൂക്ഷിച്ചിരുന്നു വെങ്കിലും തൊഴിലാളികൾ ഇതു കാലയളവില് തൊഴിൽ വേണം എന്ന് രേഖ പെടുതിയതായി കണ്ടില്ല.എല്ലാഫയലുകളുംഡിമാൻഡ്ഉണ്ടായിരുന്നില്ല.

**9.വർക്ക്അലോക്കേഷൻഫോം**

തൊഴിൽ ആവശ്യപ്പെട്ടവർക്കുതൊഴിൽ അനുവദിച്ചുകൊണ്ടുള്ള വർക്ക് അലോക്കേഷൻ ഫോംഈ പ്രവർത്തിയുടെ ഫയലിൽ സൂക്ഷിച്ചിരുന്നില്ല .

**10.ഇമസ്റ്റർ റോൾ**

തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി, ദിവസം ഉൾപ്പെടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് ഇമസ്റ്റർ റോൾ.ഇതിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലുംരേഖപെടുത്തേണ്ടതാണ്.

ഇ-മസ്റ്റര് റോളുകളിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലുംരേഖപെടുത്തിയിട്ടുണ്ട് തീയതി. ഇതിൽ തൊഴിലാളികളുടെ ഒപ്പുകൾ, അവരുടെ തൊഴിൽ ദിനങ്ങൾ, കൂലി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് . മാസ്റ്റർ റോളില് ഒപ്പിടുന്ന കോളങ്ങളില് തീയതി എഴുതിട്ടുണ്ടയിരുന്നില്ല

മസ്റ്റർ റോളിൽ എം ബുക്ക് നമ്പര് രേഖപെടുത്തിയില്ല

**11.മെഷർമെൻറ്പുസ്തകം (M Book)**

പ്രവർത്തി തുടങ്ങുന്നതിന് മുമ്പും ശേഷവും അളവുകൾ രേഖപ്പെടുത്തുന്നതിനുള്ളഅടിസ്ഥാന രേഖയാണ് മെഷർമെന്റ് ബുക്ക്..എല്ലാ ഫയലുകളിലും M book ഉണ്ടായിരുന്നു.മെഷർമെൻറ് ബുക്കിൽ നമ്പർ പേജ് നമ്പർ ഇവ രേഖപ്പെടുത്തിയിട്ടുണ്ട് AS,TS നമ്പർ രേഖപ്പെടുത്തിയിട്ടില്ല. , ഓവർസിയരുടഒപ്പ്സീൽ എന്നിവ ഉണ്ടായിരുന്നു. പ്രീ മെഷർമെൻറ് രേഖ പെടുത്തിയിരുന്നു.ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതായത് ഓവർസിയർ, എൻജിനീയർ എന്നിവരുടെ ഒപ്പ്മെഷർമെന്റ് ബുക്കില് ഉണ്ടായിരുന്നു

**12.മെറ്റീരിയൽലിസ്റ്റ്**

മൂലഭാഗംനടപ്പാതകോൺക്രീറ്റ്എന്നാ പ്രവൃത്തിയുടെ മെറ്റീരിയൽലിസ്റ്റ് കൃത്യമായി സൂക്ഷിച്ചിരിക്കുന്നു **.**

**13.വേജ് ലിസ്റ്റ്**

തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിന് അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ട തുക അതായത്കൂലി, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ച കൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാം കാണിച്ചു കൊണ്ട് പണം കൈമാറുന്നതിന് വേണ്ടി തയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്. മസ്റ്റർ റോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് എല്ലാ ഫയലിലും കാണാൻ സാധിച്ചു.

**14.മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ് /ഫയൽമാറ്റസ്ലിപ്പുകൾ**

ഒരു മസ്റ്റർ റോൾ അവസാനിച് 3 ദിവസത്തിനകം തന്നെ അളവുകൾ ബന്ധപ്പെട്ട ഉദ്യാഗസ്ഥൻ രേഖപ്പെടുത്തണം എന്ന് നിയമം അനുശാസിക്കുന്നു.അളവുകളിൽ ക്രമക്കേടുകൾ ഉണ്ടായാലോ, ഉപയോഗിക്കുന്ന മെറ്റീരിയലിന്റെ ക്വാളിറ്റിയിൽ നിലവാരം കുറയ്ക്കുകയോ, ഉയർന്ന എസ്റ്റിമേറ്റ് കാണിക്കുകയോചെയ്യുന്നത് നിയമവിരുദ്ധമാവുകയും സെക്ഷൻ 25 അനുശാസിക്കുന്ന ശിക്ഷക് വിധേയമാവേണ്ടി വരുകയും ചെയ്യും. എല്ലാ ഫയലുകളിലുംഫയൽ ട്രാക്കിംഗ് ഫോം അഥവാ മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്ഉണ്ടായിരുന്നു. ആരംഭിച്ച തീയതിയും അവസാനിച്ച തീയതിയും രേഖപ്പെടുത്തിയിരുന്നു. മറ്റു പ്രധാനപ്പെട്ട കോളങ്ങൾ MIS ൽ അപ്‌ലോഡ് ചെയ്ത തീയതി വേതനം അനുവദിച്ച. മുതലായവ രേഖപ്പെടുത്തി യിരിക്കുന്നു.

**15. മെറ്റീരിയൽ വൗച്ചർ ബിൽ**

മെറ്റീരിയൽവൗച്ചർബിൽഇല്ലായിരുന്നു

**16.ഫണ്ട് ട്രാൻസ്ഫർ ഓർഡർ (FTO)**

പരിശോധിച്ച ഫയലുകളിൽFTO

ഉണ്ടായിരുന്നു.

**17. റോയൽറ്റി**

പരിശോധന വിധേയമാക്കിയ ഒരു വർക്ക് ഫയലിലും റോയൽറ്റി ബാധകമല്ല

**18.ഫോട്ടോഗ്രാഫ്**

പ്രവർത്തി തുടങ്ങുന്നതിന് മുമ്പ് പ്രവർത്തി നടന്നു കൊണ്ടിരിക്കുമ്പോള്, പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോള് തുടങ്ങിയഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു ഇത്തരത്തിലുള്ള വിവിധ ഘട്ടങ്ങളിലെ ഫോട്ടോകളുംസൂക്ഷിച്ചിരുന്നില്ല

**19.<u>ജിയോ ടാഗ്ഡ് ഫോട്ടോസ്</u>**

പ്രവർത്തി സ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോ ടാഗ്ഡ് ഫോട്ടോസ്. എന്നാൽ ഇവ പരിശോധനയ്ക്ക് വിധേയമാക്കിയ ഒരു ഫയലിലുംജിയോ ടാഗ്ഡ് ഫോട്ടോസ് കോപ്പി കാണാന് സാധിച്ചില്ല.

**20 <u>പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം</u>**

പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഇല്ലായിരുന്നു

**21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്**

എഎംസി പ്രകാരമുള്ള സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നത് ഇപ്പോഴാണ്.

**22.സൈറ്റ്ഡയറി**

സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരംവർക്ക് ഫയലിൽ സൂക്ഷിക്കേണ്ട 22 മത്തെ രേഖയാണ് സൈറ്റ്ഡയറി.**പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവൃത്തികൾ സൈറ്റ് ഡയറി സൂക്ഷിച്ചിരുന്നു,**സൈറ്റ് ഡയറി യുടെകവർപേജിൽ പ്രവർത്തിയെ കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾഏതൊരു വ്യക്തിക്കും മനസ്സിലാക്കാൻ പറ്റുന്ന രീതിയിൽ ഉണ്ടാകേണ്ടതാണ്.പ്രവർത്തി

ആരംഭിക്കുന്നദിവസം പ്രവർത്തി അവസാന തീയതി എന്നിവ രേഖ പെടുതിയിരുന്നു അതോടൊപ്പം,എസ്റ്റിമേറ്റ് തുക,,പ്രവൃത്തി ദിനങ്ങൾ എന്നിവ , കവർപേജിൽ ഉണ്ടായിരുന്നുപണിസ്ഥലത്തെ സൌകര്യങ്ങളുടെലഭ്യത അടങ്ങിയ ചെക്ക് ലിസ്റ്റ് പൂരിപിച്ചില്ല.

സൈറ്റ് ഡയറി യുടെ ഒരു ഭാഗമാണ് വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി.വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി യുടെ റിപ്പോർട്ട് ഉണ്ടായിരുന്നു അഭിപ്രായങ്ങൾ രേഖപ്പെടുത്തി യിട്ടുണ്ടയിരുന്നു.പണിയായുധങ്ങളുടെ വാടക സൈറ്റ് ഡയറിയിൽ രേഖ പെടുത്തിയിഇരുന്നുസൈറ്റ് ഡയറി മറ്റൊരു ഒരു ഭാഗമാണ്സന്ദർശക കുറിപ്പ്. പ്രവൃത്തിയുടെ ഓരോ ഘട്ടങ്ങളിലുള്ള പുരോഗതിവിലയിരുത്തുന്നതിനും, തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും, പദ്ധതി നിർവഹണ ഏജൻസിയുടെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പ്രവൃത്തി നടക്കുമ്പോൾ സ്ഥല സന്ദർശനം നടത്തേണ്ടതാണ്. സൈറ്റ് ഡയറികളിൽ, സന്ദർശകരുടെ പേരും,ഒപ്പും,രേഖപ്പെടുത്തിയിരന്നു.

## ഗ്രാമസഭചർച്ചകൾ

- പണിചെയ്യാൻവേണ്ടആയുധങ്ങൾലഭിക്കണം.
- ഒരുവർഷത്തിൽ 100 ജോലിഎന്നത് 150 ജോലിയിലേക്കാറ്റണം.
- ജോലിചെയ്താൽവൈകാതെതന്നെകൂലിലഭിക്കണം.
- വിശ്രമസൗകര്യത്തിനുവേണ്ടിപുതിയടാർപ്പനൽകണം.
- മെറ്റീരിയൽവർക്ക്എന്തുകൊണ്ട്തൊഴിലുറപ്പ്തൊഴിലാളികൾക്ക്ചെയ്യാൻകഴിയുന്നില്ല.
- വയസ്സായവർക്ക്ചെയ്യാൻപറ്റുന്നജോലിഉണ്ടോ.
- ഏതുതരത്തിലുള്ളജോലികളാണ്ഇനികിട്ടുക.
- വ്യക്തിഗതആനുകൂല്യങ്ങൾക്ക്വേണ്ടിയുള്ളഫണ്ട്ആദ്യംകുറച്ചുനൽകാൻകഴിയുമോ.

## AE യുടെമറുപടി

- ഫണ്ട്വരുന്നമുറയ്ക്ക്വേദനം നൽകും
- വയസ്സായവർക്കുംരോഗികൾക്കുംനഴ്സറിയൂണിറ്റ്പോലുള്ളകായികാധ്വാനംവേണ്ടാത്തപ്രവർത്തികൾഅനുവദിക്കുന്നതാണ്.
- ടെൻഡർഎടുക്കാൻആരുംതയ്യാറാകാത്തത്കൊണ്ട്സിഐബികൊണ്ടുവരാൻവലിയചിലവ്വേണ്ടിവരുന്നു.
- ആയതിനാൽപഞ്ചായത്തിൽനിന്നുംബോർഡുകൾവെക്കാൻബുദ്ധിമുട്ട്അനുഭവപ്പെടുന്നു.
- വ്യക്തിഗതആനുകൂല്യങ്ങൾചെയ്യാൻആദ്യമേപൈസഅനുവദിക്കുന്നരീതിഇപ്പോൾനിലവിലില്ല.

## കണ്ടെത്തലുകൾ

- പരിശോധനയ്ക്ക് വിധേയമാക്കിയ മഴക്കുഴി അതുപോലെനിലനിർത്താൻസാധിച്ചില്ല.
- തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പു വരുത്തുന്നതിന് പ്രവൃത്തി ആരംഭിക്കുന്നതിന മുമ്പ് പദ്ധതി വിവരങ്ങൾ അടങ്ങിയ പ്രാദേശിക ഭാഷയിലുള്ള സിറ്റിസൺ ഇൻഫർമേഷന് ബോർഡ് പ്രവൃത്തി സ്ഥലത്ത് സ്ഥാപിച്ചിട്ടില്ല.

- മുഴുവൻ തൊഴിലാളികൾക്കും പഴയ തൊഴില് കാർഡ് പുതുക്കി പുതിയ തൊഴിൽകാർഡ് പഞ്ചായത്തില് നിന്നും അനുവദിച്ചിട്ടുണ്ട് തൊഴിലാളികൾക്ക് വിതരണം ചെയ്ത പുതിയ തൊഴില് കാർഡില് വിവരങ്ങള് കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നില
- തൊഴിലുറപ്പ് നിയമം അനുശാസിക്കും പ്രകാരം തൊഴിലാളികൾക്ക് പ്രവൃത്തി ഇടങ്ങളിൽ അടിസ്ഥാന സൌകര്യങ്ങള് ലഭ്യ മാകുന്നില്ല(കയ്യുറ,കാലുറ എന്നിവ).
- തൊഴിലാളികൾ സ്വന്തം നിലയ്ക്ക് തൊഴില് ആവശ്യപ്പെട്ടതായി കാണുവാന് സാധിച്ചില്ല
- പ്രവൃത്തി അനുവദിച്ച ഫോറം ഫയലിൽ സൂക്ഷിച്ചതായി കാണുവാന് സാധിച്ചില്ല,
- പ്രവർത്തി തുടങ്ങുന്നതിന് മുൻപ് കൃത്യമായി പദ്ധതി ആരംഭ മീറ്റിങ് ചേരാറുണ്ടെന്നു മുഴുവൻ തൊഴിലാളികളും അഭിപ്രായപ്പെട്ട്,ഇതു അഭിനന്ദനമർഹിക്കുന്ന്നു
- വാർഷിക മസ്റ്റർ സർക്കുലർ പ്രകാരം ഒരു വർക്ക് ഫയലിൽ22 രേഖകള് സൂക്ഷിക്കേണ്ടതുണ്ട്.ഇവിഇവിടെപത്രേഖകൾമാത്രമേസൂക്ഷിച്ചിട്ടുള്ള.
- തൊഴിലുറപ്പ് പദ്ധതി ഓഫീസില് സൂക്ഷിക്കേണ്ട ഏഴു റെജിസ്റ്ററില് സൂക്ഷിക്കുന്നുണ്ടെങ്കിലും അത് സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല .
- അക്ഷാംശ രേഖാംശങ്ങൾ അടയാളപ്പെടുത്തിയ ജിയോടാഗ്ഡ് ഫോട്ടോഗ്രാഫ് ഫയലുകളിൽ കാണാൻ സാധിച്ചില്ല.

## 15.നിർദ്ദേശങ്ങൾ

1. തൊഴിലുറപ്പില് അനുവദനീയമായതും മുൻഗണന ക്രമത്തിലും പ്രവൃത്തികള് ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.
2. തൊഴിൽ അപേക്ഷകള് ഫ്രണ്ട് ഓഫീസില് സ്വീകരിക്കുകയും ആയതിനു കൈപ്പറ്റ് രസീത് നൽകുകയും ചെയ്യേണ്ടതാണ്.
3. മേറ്റ് കൂട്ടമായി അപേക്ഷ നൽകുമ്പോള് തൊഴില് ആവശ്യ മുള്ളവരെ ഉൾപെടുത്തി അപേക്ഷ കൊടുക്കാന് ശ്രമിക്കുക,
4. ഉദ്യോഗസ്ഥർ രേഖകളില് ഒപ്പുവെക്കുമ്പോള് തീയ്യതി കൂടി രേഖപ്പെടുത്തേണ്ടാതാണ്.
5. വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങളെ ഓരോ വർഷവും തിരഞ്ഞെടുക്കേണ്ടതാണ്. വിഎംസിയുടെ അഭിപ്രായങ്ങള് സൈറ്റ് ഡയറിയില് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
6. പദ്ധതിയുടെ ശരിയായ രീതിയിലുള്ള നടത്തിപ്പിന് വിഎംസിയുടെ ഇടപെടലുകൾ പ്രവൃത്തി സ്ഥലങ്ങളില് ഉണ്ടാവേണ്ടതുണ്ട്.

7. തൊഴിലുറപ്പിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ആസ്തികള് ദീർഘകാല നിലനിൽപ്പിന് ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾതൊഴിലാളികൾക്ക് ഓവർസീയര് മാര് നൽകേണ്ടതും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
8. ചെക്ക് ലീഫ് പോലെ പ്രാധാന്യം ഉള്ള മസ്റെര് റോളില് യാതൊരു വിധ വെട്ടിതിരുത്തലും പാടില്ലകൃത്യമായി രേഖ പെടുത്തണം ഹാജർ.
9. മസ്റ്റർ റോളില് പ്രസ്തുത പ്രവൃത്തിയുടെ അളവുകള് രേഖപ്പെടുത്തുന്ന എം.ബുക്കിൻറെ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.
10. മസ്റ്റർ റോളില് സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥര് തീയതി കൂടി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.
11. തൊഴിലിടങ്ങളിൽ അടിസ്ഥാന സൌകര്യങ്ങൾനിർബന്ധമായും ഒരുക്കണം.
12. വ്യക്തി ഗത പ്രവൃത്തികൾ നടത്തുമ്പോള് അതെ കാർഡു ഉടമയ്ക്ക് തന്നെ തൊഴിൽ ലഭ്യമാക്കണം
13. തൊഴിലിടങ്ങളിൽ നടക്കുന്ന അപകടങ്ങൾക്ക് എത്രയും പെട്ടന്ന് ചികിത്സ സഹായം ലഭ്യ മാകുന്ന നടപടികൾ ഉണ്ടാകണം
14. പ്രവൃത്തികൾ തിരഞ്ഞെടുക്കുമ്പോള് അതത് പ്രദേശത്ത് അനുയോജ്യ മായ പ്രവൃത്തികൾ തിരഞ്ഞെടുക്കാന് ശ്രദ്ധിക്കണം .പ്രത്യേകിച്ച് മഴകുഴി പോലുള്ള പ്രവൃത്തികൾ
15. ഗ്രാമസഭ രജിസ്റ്റർ പേജ് നമ്പര് ഉള്ള രേജിസ്റെര് തന്നെ വാർഡ് തലത്തില് സൂക്ഷിക്കണം.
16. എല്ലാ പ്രവൃത്തികളിലും നിർബന്ധമായും സി ഐ ബി സ്ഥപിചിരിക്കണം

---

# വാർഡ് 12 പ്ലാച്ചിവിള

വാർഡ്തലത്തില് ആകെ തൊഴിൽ കാർഡ്=295

സജീവ തൊഴിലാളികൾ =175

100 തൊഴിൽ ദിനങ്ങൾ ലഭിച്ച തൊഴിലാളികൾ=148

**<u>ഓഡിറ്റ്നു വിധേയമാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ്</u>**

**പ്രവർത്തിയുടെപേര്: നീർത്തടഭുവികസനംപ്ലാച്ചിവിളപ്രദേശംമൂന്നാംഘട്ടം**

പ്രവർത്തിയുടെകോഡ് : LD/318895

മെഷർമെന്റ്ബുക്ക്നമ്പർ : LD/318895

എസ്റ്റിമേറ്റ്തുക :500000

ചിലവായതുക :496428

പ്രവർത്തിആരംഭിച്ചതീയതി :19/01/19

പ്രവർത്തിഅവസാനിച്ചതീയതി :25/01/19

ആകെമസ്റ്റ്റോളുകളുടെഎണ്ണം : 19

ആകെപ്രവർത്തിദിവസം :801

**പ്രവർത്തിയുടെപേര്: തരിശുനിലംപാട്ട്കൃഷിഇടവേലിക്കൽപ്രദേശം**

പ്രവർത്തിയുടെകോഡ് : DP/262121

പ്രവർത്തിആരംഭിച്ചതീയതി : 1/10/2018

പ്രവർത്തിഅവസാനിച്ചതീയതി : 10/12/2018

ചിലവായതുക : 377844

എസ്റ്റിമേറ്റ്തുക : 395000

ആകെമസ്റ്റ്റോളുകളുടെഎണ്ണം : 30

ആകെപ്രവർത്തിദിവസങ്ങൾ :1369

**പ്രവർത്തിയുടെപേര് : തരിശുനിലംപാട്ടകൃഷിപൈവേലിപ്രദേശം**

പ്രവർത്തിയുടകോഡ് : dp/262115

പ്രവർത്തിആരംഭിച്ചതീയതി : 1/10/18

പ്രവർത്തിഅവസാനിച്ചതീയതി : 28/10/18

ചിലവായതുക : 368460

എസ്റ്റിമേറ്റ്തുക : 395000

ആകെപ്രവർത്തിദിനങ്ങൾ : 1335

Total muster roll ആകെമസ്റ്ററളുകളുടെഎണ്ണം : 31

**പ്രവർത്തിയുടെപേര്: വാർഡ് 12 തരിശുനിലംപാട്ടകൃഷി തേങ്ങറ പ്രദേശം**

പ്രവർത്തിയുടെകോഡ് :dp/262119

പ്രവർത്തിആരംഭിച്ചതീയതി : 1/10/18

പ്രവർത്തിഅവസാനിച്ചതീയതി : 13/12/18

ചിലവായതുക : 379776

എസ്റ്റിമേറ്റ്തുക : 395000

ആകെപ്രവർത്തിദിവസം :1376

ആകെമസ്റ്റ്റോളുകളുടെഎണ്ണം :28

**പ്രവർത്തിയുടെപേര് : ലൈഫ്പദ്ധതിഭവനനിർമ്മാണം**

പ്രവർത്തിയുടെകോഡ് : IF/361993

പ്രവർത്തിആരംഭിച്ചതീയതി : 7/3/19

പ്രവർത്തിപൂർത്തീകരിച്ചതീയതി : 13/3/19

ചിലവായതുക : 24700

എസ്റ്റിമേറ്റ്തുക : 24700

ആകെപ്രവർത്തിദിവസം : 90

ആകെമസ്റ്ററളുകളുടെഎണ്ണം : 7

**പ്രവർത്തിയുടെപേര്: തരിശുനിലം പാട്ടകൃഷി ആയിരവല്ലിപ്രദേശം**

പ്രവർത്തിയുടെകോഡ് : Dp/262112

പ്രവർത്തിആരംഭിച്ചതീയതി : 1/10/18

പ്രവർത്തിപൂർത്തീകരിച്ചതീയതി : 28/10/18

ചിലവായതുക : 378396

എസ്റ്റിമേറ്റ്തുക : 378396

ആകെപ്രവർത്തിദിവസങ്ങൾ :1371

ആകെമസ്റ്റർറോളുകളുടെഎണ്ണം : 35

**പ്രവർത്തിയുടെപേര്:**
**ലൈഫ്പദ്ധതിഭവനനിർമ്മാണത്തിനുള്ളഭൗതികസാഹചര്യംഒരുക്കൽ**

പ്രവർത്തിയുടെ കോഡ്:IF/362959

പ്രവർത്തിആരംഭിച്ചതീയതി: 30/10/18

പ്രവർത്തിഅവസാനിച്ചതീയതി: 20/12/18

എസ്റ്റിമേറ്റ്തുക : 24840

ചിലവായതുക: 24840

ആകെമസ്റ്റർറോൾകളുടെഎണ്ണ: 8

ആകെപ്രവർത്തിദിവസങ്ങൾ : 52

**<u>പ്രവർത്തികളൂടെപരിശോധനവിവരണം</u>**

**1.<u>പ്രവർത്തിയുടെപേര്:</u>ലൈഫ്പദ്ധതി റാണി**
ഉടമസ്ഥനുമായി സംസാരിച്ചപ്പോൾ 90 ദിവസത്തെയും ജോലി കിട്ടിയതായി അറിയാൻ കഴിഞ്ഞു.

**2. <u>പ്രവർത്തിയുടെയുടെപേര്</u>: തരിശുനിലംപാട്ടകൃഷിആയിരവല്ലിപ്രദേശം**
രാജീവ്കുമാർ 9 തെങ്ങിന്തടം എടുത്തു. പണകിളച്ചു വൃത്തിയാക്കി ഒരു മഴക്കുഴികണ്ടു. മണ്ണ്അതിര് 15 മീറ്റർനീളത്തിലും കല്ല്അതിര് 11 മീറ്റർഎഴുപതെസെന്റീമീറ്റർ നീളത്തിലും കാണാൻസാധിച്ചു. സുഭദ്ര എന്നവ്യക്തിയുടെ പുരയിടത്തിൽ കാണാൻകഴിഞ്ഞ ത്രണ്ട്മഴകുഴികളും പണകിളച്ചുവൃത്തിയാക്കി. സുബൈദബീവി എന്ന വ്യക്തിയുടെ പുരയിടത്തിൽ

മണ്ണ് അതിര് 75 മീറ്റർ 30 സെന്റീമീറ്റർനീളത്തിലും 18 മീറ്റർ 40 സെന്റീമീറ്റർ നീളത്തിലും കാണാൻ സാധിച്ചു. വൃന്ദകുമാരി ഒരു മഴക്കുഴി കണ്ടു. ഓമന എന്ന വ്യക്തിയുടെ പുരയിടത്തിൽ മണ്ണ്അതിര് 14 മീറ്റർ 57 സെന്റീമീറ്റർനീളത്തിൽകണ്ടു. ഭവാനി, തങ്കമ്മ എന്ന വ്യക്തിയുടെ പുരയിടത്തിൽ രണ്ടു മഴക്കുഴി. ലതാ എന്ന വ്യക്തിയുടെ പുരയിടത്തിൽ 46 മീറ്റർ 10 സെന്റീമീറ്റർ നീളത്തിൽ മണ്ണ്അതിരും മൂന്ന്മഴകുഴികളും കാണപെട്ടു.

